ഒരേ കുടുംബം

തിക്കോടിയൻ

ഒരേ കുടുംബം

തിക്കോടിയൻ

Orē kudumbam (ഒരേ കുടുംബം)
(Malayalam: Play)
Thikkodiyan

Sayahna digital edition published in 2022.

Copyright © 2022, M. Pushpakumari

These electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2021. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Olszynka* (1894), by Wladyslaw Podkovinski (1866-1895). The image has been taken from Wikimedia Foundation and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ഉള്ളടക്കം

1 ഒരേ കുടുംബം 1
2 രംഗം 1 2
3 രംഗം 2 17
4 രംഗം 3 29
5 രംഗം 4 41
6 രംഗം 5 50

1

ഒരേ കുടുംബം

1 കഥാപാത്രങ്ങൾ

1. രാഘവൻ: അച്ഛൻ
2. ലക്ഷ്മിക്കുട്ടിയമ്മ: രാഘവന്റെ ഭാര്യ
3. ഭാരതി: ലക്ഷ്മിക്കുട്ടിയമ്മയുടെ മൂത്ത മകൾ
4. ശാന്ത: ലക്ഷ്മിക്കുട്ടിയമ്മയുടെ ഇളയ മകൾ
5. വിശ്വനാഥൻ: ഭാരതിയുടെ ഭർത്താവ്
6. ഉണ്ണികൃഷ്ണൻ: ശാന്തയുടെ ഭർത്താവ്
7. മൂത്തച്ഛൻ: ലക്ഷ്മിക്കുട്ടിയമ്മയുടെ അച്ഛൻ
8. ശങ്കുണ്ണി: വാലിയക്കാരൻ

രംഗം 1

നല്ല ധനസ്ഥിതിയും നിലയും വിലയുമുള്ളൊരു കുടുംബം താമസിക്കുന്ന വീട്. പൊതുവിൽ കുടുംബാംഗങ്ങൾക്കു വിശ്രമിക്കാനും, ചീട്ടു, ചതുരംഗം മുതലായവ കളിക്കാനും അതിഥികളെ സ്വീകരിക്കാനും ഉപയോഗിക്കുന്നൊരു മുറിയുടെ അന്തർഭാഗവും അതിന്റെ വലതുവശത്തുള്ള മറ്റൊരു മുറിയും കാണാം-വിശ്രമമുറിയിൽ കസേര, മേശ മുതലായവയുണ്ട്. എല്ലാം ആധുനികമട്ടിലുള്ളതാണ്. ഒരു മൂലയിൽ അല്പം ഉയർന്നൊരു മുക്കാലിയിൽ ഒരു റേഡിയോവും അതിനെതിരായ മൂലയിൽ അത്രതന്നെ ഉയർന്ന മറ്റൊരു മുക്കാലിയിൽ ഒരു ടേബിൾഫാനുമുണ്ട്.

വിശ്രമമുറിയിൽനിന്നു പാർശ്വത്തിലുള്ള മുറിയിൽ കടക്കാനുള്ള വാതിൽ പുറത്തുനിന്നു പൂട്ടിയിരിക്കുകയാണ്. ആ മുറിയുടെ അറ്റത്ത് രംഗത്തിലുള്ളവർക്കു കാണത്തക്കവിധം വലിയൊരു ജാലകമുണ്ട്. അകത്തു വെളിച്ചമുള്ളതുകൊണ്ടു മുറിയിൽ സംഭവിക്കുന്ന കാര്യങ്ങൾ പലതും രംഗവാസികൾക്കു കാണാൻ കഴിയും.

യവനിക നീങ്ങുമ്പോൾ ടേബിൾഫാൻ തിരിയുന്നുണ്ട്. റേഡിയോ പ്രവർത്തിക്കുന്നില്ല. ശാന്ത, ഭാരതി, ഉണ്ണികൃഷ്ണൻ, വിശ്വനാഥൻ എന്നിവർ ചീട്ടുകളിയിലേർപ്പെട്ടിരിക്കുകയാണ്. ആരും ഒന്നും സംസാരിക്കുന്നില്ല. വളരെ ഗൗരവത്തോടെ ആലോചിച്ചുകൊണ്ട് ഓരോ ചീട്ട് എടുത്തിടുകയാണ്. അതു കഴിഞ്ഞു കശക്കേണ്ടവർ കശക്കുന്നു; ചീട്ടിടുന്നു.

പാർശ്വത്തിലുള്ള മുറിയുടെ ജാലകത്തിനടുത്തു പുറത്തേക്കു നോക്കിച്ചുരുട്ടു വലിച്ചു പുകവിട്ടുകൊണ്ട് ഒരു വൃദ്ധൻ നില്ക്കുന്നു-വേഷം വളരെ പ്രാകൃതമാണ്. വയസ്സ് എഴുപത്തഞ്ചിനോടടുക്കും. പകച്ചു നോക്കിയാണ് നില്പ്.

വിശ്വനാഥൻ: (ചീട്ടുകളി നടക്കുന്നതിനിടയിൽ ഉണ്ണികൃഷ്ണനോടു ഗൗരവത്തിൽ) ചരീ, തനിക്കു കുടുചെയ്യാമായിരുന്നു. സ്പെയിഡില്ലേ കൈയിൽ?

ഉണ്ണികൃഷ്ണൻ: (കുറ്റബോധത്തോടെ) ഇല്ല.

വിശ്വനാഥൻ: ജേക്ക് വീഴുമെന്ന് തീർച്ചയായിരുന്നു. എന്റെ കൈയിൽ അഞ്ചു സ്പെയിഡ് വെച്ചാണ് ഞാനിറക്കിയതു്. ഉടനെ കുടുചെയ്യേണ്ടതായിരുന്നു.

വൃദ്ധൻ: (നിശ്ചലനായി നിന്ന പുകവിടുമ്പോഴാണ് 'കുട്' എന്ന ശബ്ദം കേൾക്കുന്നതു്. ഉടനെ ഞെട്ടുന്നു. കണ്ണുകൾ വികസിക്കുന്നു. കൈകൾ പൊക്കി അട്ടഹസിച്ചുകൊണ്ടു പറയുന്നു.) സ്റ്റോപ്പ്! നോ കുട്ടിങ് ബിസിനസ്സ്, അബ്സല്യൂട്ടലി നോ കുട്ടിങ് ബിസ്സിനസ്സ്... (കളിക്കുന്നവർ എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്കു തിരിഞ്ഞുനോക്കുന്നു; പിന്നീടു് അർത്ഥഗർഭമായി പരസ്പരം നോക്കുന്നു.)

വൃദ്ധൻ: (ആരെങ്കിലും മറുപടി പറയുമോ എന്നു ശ്രദ്ധിച്ചു തെല്ലിട മിണ്ടാതെ നില്ക്കുന്നു. പിന്നീടു് അസ്വസ്ഥനായി സ്വയം പിറുപിറുക്കുന്നു.) ഇല്ല, ഞാൻ സമ്മതിക്കില്ല. ജീവിച്ചിരിക്കുമ്പോൾ സമ്മതിക്കില്ല. ഒന്നും നശിപ്പിക്കാൻ സമ്മതിക്കില്ല. (വേദനയോടെ) മുറിഞ്ഞാൽ വേദനിക്കും. രക്തം വരും... രക്തം ഒഴുകിയൊഴുകി എല്ലാം നശിക്കും.

കണ്ണടച്ചു ജാലകത്തിന്റെ അഴിയിൽ തലയൂന്നി നില്ക്കുന്നു.

വിശ്വനാഥൻ ശീട്ടു കശക്കുമ്പോൾ, ശാന്ത എഴുന്നേറ്റുചെന്നു റേഡിയോ സ്വിച്ചു ചെയ്തു പഴയ സ്ഥാനത്തു വന്നിരിക്കുന്നു. കളി പിന്നേയും തുടരുന്നു.-റേഡിയോ ശബ്ദിക്കാൻ തുടങ്ങുന്നു. ഒരു പ്രഭാഷണത്തിന്റെ പാതയിൽവെച്ചാണ് തുടക്കം. റേഡിയോ പ്രഭാഷണം.

"ഒട്ടും ഭിന്നിക്കാതെ, ഒന്നിച്ചുനില്ക്കുക; ഒറ്റക്കെട്ടായി നില്ക്കുക-രാജ്യത്തിന്റെ അവിച്ഛിന്നതയെ അപകടപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ അറിഞ്ഞും അറിയാതെയും അകപ്പെട്ടുപോവാതിരിക്കാൻ സൂക്ഷിക്കുക."

വിശ്വനാഥന്റെ മുഖത്തു് അസ്വസ്ഥത പ്രകാശിക്കുന്നു. പ്രഭാഷണം തുടരുന്നു:

"തീർന്നില്ല, ഈ നാട്ടിലെ ഓരോ മൺതരിയും കാത്തുസൂക്ഷിക്കേണ്ടുചമതല ഇവിടെ പിറന്ന പിഞ്ചുകുട്ടികൾക്കു പോലുമുണ്ടു്. അതു സാധിക്കണമെങ്കിൽ നമുക്കു നമ്മുടെയിടയിൽ സുദൃഢമായ ഐക്യം കെട്ടിപ്പെടുക്കണം. ആ ഐക്യത്തിനുള്ള പരിശ്രമമാവട്ടെ, നമ്മുടെ കുടുംബജീവിതത്തിൽനിന്നാണ് ഉയിർക്കോള്ളേണ്ടതു്."

വിശ്വനാഥൻ: (എഴുന്നേറ്റുചെന്നു റേഡിയോ ഓഫാക്കുന്നു) ബോറ്! ഫിലിം മ്യൂസിക്കാണെങ്കിൽ പിന്നെയും സഹിക്കാം. കണ്ടവന്റെ പുരാണം പറച്ചിൽ കേട്ടുകേട്ടു മടുത്തു. (പഴയ സ്ഥാനത്തു വന്നിരിക്കുന്നു.)

ഉണ്ണികൃഷ്ണൻ: (വാച്ചുനോക്കി) ഓ! ഏഴരമണി?

വിശ്വനാഥൻ: (ഇരുന്ന്) അത്രയല്ലേ ആയുള്ളൂ? ഒമ്പതുമണിവരെ കളിക്കാം.

ഉണ്ണികൃഷ്ണൻ: (ശീട്ടു മേശപ്പുറത്തിട്ട്) വയ്യാ, മടുത്തു. (എഴുന്നേല്ക്കുന്നു.)

ഭാരതി: ശരിയാ മടുത്തു. (എഴുന്നേല്ക്കുന്നു.)

വിശ്വനാഥൻ അല്പം അസംതൃപ്തനെന്ന മട്ടിൽ എഴുന്നേറ്റ അകത്തു പോകുന്നു. പിന്നാലെ ഭാരതിയും ഉണ്ണികൃഷ്ണനും. ശാന്ത ശീട്ടെടുത്ത് ഒതുക്കി പെട്ടിയിലാക്കി അകത്തെക്കു പോകാൻ തുടങ്ങുമ്പോൾ അകത്തുനിന്നു രാഘവൻ കടന്നുവരുന്നു.

രാഘവൻ: ഇന്നു തപാൽ വന്നില്ലേ, ശാന്തേ?

ശാന്ത: (തിരിഞ്ഞു നിന്ന്) ഞാൻ മറന്നു. അച്ഛാ മേശപ്പുറത്തുണ്ട്. അച്ഛനു കൊണ്ടുവന്നതരാൻ വിചാരിച്ചതായിരുന്നു.

രാഘവൻ: (മുഖത്ത് ഒട്ടും അസുഖം പ്രദർശിപ്പിക്കാതെ) ശീട്ടുകളിയുടെ തിരക്കിൽ അതങ്ങു മറന്നു, അല്ലേ. എനിക്കറിയാം. ഇതിവിടെ കിടപ്പുണ്ടാവുമെന്ന്. നിങ്ങളെ ശല്യപ്പെടുത്തേണ്ടെന്നു കരുതി ഞാനിങ്ങോട്ടു വരാഞ്ഞതാണ്.

ശാന്ത അകത്തേക്കു പോകുന്നു. രാഘവൻ തപാൽ ഉരുപ്പടികളുള്ള മേശയ്ക്കരികിൽ ഒരു കസേരയിൽ ചെന്നിരുന്ന്, കത്തുകൾ ഓരോന്നായെടുത്തു വായിക്കുമ്പോൾ ചുരുട്ടിന്റെ ഗന്ധം അനുഭവപ്പെടുന്നു. ശ്രദ്ധിക്കുന്നു. എഴുന്നേറ്റ വലത്തുവശത്തുള്ള മുറിയുടെ വാതിലിനടുത്തു ചെല്ലുന്നു. അല്പനേരം നില്ക്കുന്നു. പിന്നീട് മുൻപോട്ടു നടന്നു മുറിയുടെ മുൻവശത്തുള്ള ജാലകത്തിലൂടെ അകത്തേക്കു നോക്കാൻ ശ്രമിക്കുമ്പോഴേക്കും ജാലകത്തിനടുത്തു നിന്നു വൃദ്ധൻ ചുരുട്ടു വലിച്ചു പുക വിടുന്നതു കാണുന്നു. പെട്ടെന്നു പിൻവാങ്ങി പഴയ സ്ഥലത്തു ചെന്നിരിക്കുന്നു. വീണ്ടും ഓരോ കത്തുകളായി പരിശോധിക്കുന്നു. ഒരു പ്രത്യേക കവർ തുറന്നപ്പോൾ അതിൽ സാമാന്യം വലിയൊരു കത്താണ്. സാവധാനമതു വായിക്കാൻ തുടങ്ങുന്നു. ഒന്നുരണ്ടു വരി വായിച്ച് ഉറക്കെ വിളിക്കുന്നു.

രാഘവൻ: ലക്ഷ്മിക്കുട്ടീ... ലക്ഷ്മിക്കുട്ടീ... (മറുപടി കേൾക്കാൻ കാത്തു നില്ക്കാതെ പറയുന്നു) ജയന്റെ കത്തു വന്നിരിക്കുന്നു. (വീണ്ടും വായന തുടരുന്നു.)

ലക്ഷ്മിക്കുട്ടിയമ്മ: (അല്പം നിമിഷങ്ങൾക്കുശേഷം ധൃതിപ്പെട്ടു വരുന്നു. വരുമ്പോൾ ചോദിക്കുന്നു.) എന്നെ വിളിച്ചോ?

രാഘവൻ: (കടലാസിൽനിന്ന് കണ്ണെടുക്കാതെ) നിന്റെ അഭിപ്രായമെന്താ?

ലക്ഷ്മിക്കുട്ടിയമ്മ: എനിക്കൊരു സംശയം തോന്നി.

രാഘവൻ: എന്തു സംശയം?

ലക്ഷ്മിക്കുട്ടിയമ്മ: വിളിച്ചോന്നൊരു സംശ്യം.

രാഘവൻ: (തലയുയർത്തി) ആഹാ! അതു നന്നായി അച്ഛനെവിടന്നേ ചുരുട്ടു കിട്ടിയത്? വിളിച്ചെന്നാരു പറഞ്ഞു? ഒരു സംശ്യം തോന്നി നീയിങ്ങട്ടുവന്നപ്പോൾ വേറൊരു സംശ്യം തോന്നി ഞാനൊന്നു ചോദിച്ചു. അതിരിക്കട്ടെ; നീ അച്ഛനു ചുരുട്ടു കൊടുത്തിരുന്നോ?

ലക്ഷ്മിക്കുട്ടിയമ്മ: (തെല്ലൊരപരാധബോധത്തോടെ) കൊടുത്തിരുന്നു.

രാഘവൻ: ഡോക്ടർ പാഞ്ഞിട്ടില്ലേ, അച്ഛനു പുകവലിക്കാൻ പാടില്ലെന്ന്?

ലക്ഷ്മിക്കുട്ടിയമ്മ: ഡോക്ടർ പറയാത്തതുകൊണ്ടോ, എനിക്കു നിശ്ചയ്യില്ലാത്തതു കൊണ്ടോ കൊടുത്തതല്ല.

രാഘവൻ: പിന്നെ?

ലക്ഷ്മിക്കുട്ടിയമ്മ: ഒരു കുട്ടിയെപ്പോലെ ശാഠ്യം പിടിക്കാൻ തുടങ്ങി.

രാഘവൻ: ഒരമ്മയെപ്പോലെ വാത്സല്യം കാണിച്ച് നീ കൊടുക്കുകയും ചെയ്തു.

ലക്ഷ്മിക്കുട്ടിയമ്മ: പാവം! എണ്ണ് അന്തസ്സിലും പ്രൗഢിയിലും കഴിഞ്ഞ അച്ഛനാണ്! കണക്കില്ലാതെ സമ്പാദിച്ചു.

രാഘവൻ: ഇല്ലെന്ന് ഞാൻ പറഞ്ഞോ?

ലക്ഷ്മിക്കുട്ടിയമ്മ: അങ്ങനത്തെ അച്ഛനാണ് ഒരു പുകയിലച്ചുരുട്ടു മറ്റുള്ളവരോടിരക്കേണ്ടിവന്നതു്.

രാഘവൻ: അതു കണ്ടപ്പോൾ നിന്റെ സ്നേഹം അങ്ങട്ടു പീലിവിടർത്തി, അല്ലേ? ലക്ഷ്മിക്കുട്ടി, നിന്റെ ഈ സ്നേഹപ്രകടനം അച്ഛനെ നശിപ്പിക്കും. ഈ വീടൊരുദിവസം ചാമ്പലാവുകയും ചെയ്യും... തീപ്പെട്ടിയും കൊടുത്തിട്ടില്ലേ?

ലക്ഷ്മിക്കുട്ടിയമ്മ: ഞാനൊരു സിഗാർ ലൈറ്റർ വാങ്ങിക്കൊടുത്തു!

രാഘവൻ: വിശേഷായി!

ലക്ഷ്മിക്കുട്ടിയമ്മ: (അല്പമൊരു ദുഃഖത്തോടെ) എന്നെ കുറ്റപ്പെടുത്താൻ വരട്ടെ; കഴിഞ്ഞതെന്നും എനിക്കതു വേഗത്തിൽ മറക്കാൻ പറ്റില്ല. കൊട്ടാരത്തിൽ പിറന്നില്ലെങ്കിലും ഒരു രാജാവിന്റെ പദവിയിലാണ് അച്ഛൻ ജീവിച്ചത്. പോരാ മഹാരാജാവിന്റെ പദവിയിൽ... ഒന്നും അച്ഛന് നഷ്ടപ്പെട്ടിട്ടില്ല; എന്നിട്ടും യാചിക്കേണ്ടിവന്നു.

രാഘവൻ: ഒന്നും നഷ്ടപ്പെട്ടിട്ടില്ലെന്നു പറയാൻ വയ്യ. കാര്യമായതെന്തോ, അതദ്ദേഹത്തിനു നഷ്ടപ്പെട്ടു. സ്നേഹം! അദ്ദേഹം ഇന്നു യാചിക്കുന്നതു ചുരുട്ടിനല്ല, സ്നേഹത്തിനാണ്. ഇനി ഒന്നു പറഞ്ഞിട്ടും കാര്യമില്ല; വരേണ്ടതുവന്നു.

ലക്ഷ്മിക്കുട്ടിയമ്മ: അച്ഛനിതു വരാൻ പാടില്ലായിരുന്നു.

രാഘവൻ: മക്കളെല്ലാംകൂടി അദ്ദേഹത്തെ ഈ നിലയിലാക്കി.

ലക്ഷ്മിക്കുട്ടിയമ്മ: അക്കൂട്ടത്തിൽ എന്നെ പെടുത്തരുത്. അച്ഛൻ ജീവിച്ചിരിക്കുമ്പോൾ സ്വത്തു ഭാഗിക്കരുതെന്നു ഞാൻ വാശിപിടിച്ചിരുന്നു. അതെന്താ, മറന്നുപോയോ?

രാഘവൻ: ഇല്ല. പക്ഷേ അച്ഛന്റെ മരണശേഷം ഭാഗിക്കണമെന്ന് നീ ആശിച്ചിരുന്നു, ഇല്ലേ? മതി, കഴിഞ്ഞതു കഴിഞ്ഞു. ആ സിഗാർ ലൈറ്റർ എങ്ങിനെയെങ്കിലും തിരിച്ചുവാങ്ങിക്കളയൂ... (വീണ്ടും കൈയിലുള്ള കത്തു വായിക്കാൻ തുടങ്ങുന്നു.)

ലക്ഷ്മിക്കുട്ടിയമ്മ: (ഉത്കണ്ഠയോടെ) എന്താ വായിക്കുന്നത്?

രാഘവൻ: ജയന്റെ കത്താണ്.

ലക്ഷ്മിക്കുട്ടിയമ്മ: അതേയോ? എന്നിട്ടെന്താ പറയാഞ്ഞത്?

രാഘവൻ: ഞാനിതിങ്ങനെ പൊക്കിപ്പിടിച്ചു 'ജയന്റെ കത്തു വന്നു, ജയന്റെ കത്തു വന്നു' എന്നു വീടുമുഴുവൻ വിളംബരപ്പെടുത്തണോ?

ലക്ഷ്മിക്കുട്ടിയമ്മ: ഉറക്കെ വായിക്കു. ഞാനും കേൾക്കട്ടെ.

രാഘവൻ: എന്നാൽ ആ ആവശ്യമങ്ങു തുറന്നു പറഞ്ഞാൽ പോരേ? കേട്ടോളൂ. (വായന തുടരുന്നു.) 'ശ്രീനഗർ.'

ലക്ഷ്മിക്കുട്ടിയമ്മ: ഓ! അവനങ്ങു കാശ്മീരിലെത്തിയോ? (അടുത്തുള്ള കസേരയിലിരിക്കുന്നു.)

രാഘവൻ: (തുടർന്നു വായിക്കുന്നു.) 'പ്രിയപ്പെട്ട അച്ഛാ!'

ലക്ഷ്മിക്കുട്ടിയമ്മ: (അല്പം പരിഭവത്തോടെ) കണ്ടോ, കണ്ടോ. ആൺകുട്ടികളായാലിങ്ങനാ.

രാഘവൻ: എങ്ങനെ?

ലക്ഷ്മിക്കുട്ടിയമ്മ: 'പ്രിയപ്പെട്ട അച്ഛാ' ന്നാണല്ലോ തുടങ്ങ്യേത്?

രാഘവൻ: പിന്നെ എങ്ങനെ തുടങ്ങണം?

ലക്ഷ്മിക്കുട്ടിയമ്മ: 'പ്രിയപ്പെട്ട അമ്മേ' എന്നു തുടങ്ങിക്കൂടേ?

രാഘവൻ: (രസിക്കാത്ത മട്ടിൽ) അച്ഛനു കത്തെഴുതുമ്പം 'പ്രിയപ്പെട്ട അമ്മേ'ന്ന് തുടങ്ങണോ?

ലക്ഷ്മിക്കുട്ടിയമ്മ: വേണമെങ്കിൽ ചക്ക വേരിന്മേലും കായ്ക്കും.

രാഘവൻ: (അല്പം ശുണ്ഠി) അതെങ്ങനെ?

ലക്ഷ്മിക്കുട്ടിയമ്മ: 'പ്രിയപ്പെട്ട അച്ഛാ, അമ്മേ'ന്നു തുടങ്ങിക്കൂടെ?

രാഘവൻ: നിനക്ക് പറഞ്ഞാൽ മനസ്സിലാവില്ലേ.

ലക്ഷ്മിക്കുട്ടിയമ്മ: മനസ്സിലാവുന്നതുകൊണ്ടാണ് കുഴപ്പം.

രാഘവൻ: 'പ്രിയപ്പെട്ട അമ്മേന്നു' വിളിക്കാൻ തോന്ന്യാൽ അവൻ നിനക്ക് നേരിട്ടെഴുതും.

ലക്ഷ്മിക്കുട്ടിയമ്മ: തോന്നില്ലല്ലോ. അതാണ് ആൺകുട്ടികളായാലുള്ള കുഴപ്പം.

രാഘവൻ: നിനക്കു കത്തു വായിച്ചു കേൾക്കണോ?

ലക്ഷ്മിക്കുട്ടിയമ്മ: വായിച്ചെങ്കിലും കേൾക്കട്ടെ.

രാഘവൻ: എന്നാൽ മിണ്ടാതെ ഇരുന്ന കേൾക്കണം. (വായന തുടരുന്നു.) 'പ്രിയപ്പെട്ട അച്ഛാ' (ഭാര്യയുടെ മുഖത്തു സൂക്ഷിച്ചുനോക്കി തെല്ലിട മിണ്ടാതിരിക്കുന്നു. ലക്ഷ്മിക്കുട്ടിയമ്മ മുഖം തിരിച്ചിരിക്കുന്നു. വായന തുടരുന്നു.) 'ഞങ്ങളിവിടെ എത്തിട്ട് ഒരാഴ്ച കഴിഞ്ഞു. എത്തിയ ദിവസംതന്നെ എഴുതണമെന്ന് വിചാരിച്ചതാണ്; തരപ്പെട്ടില്ല.'

ലക്ഷ്മിക്കുട്ടിയമ്മ: എങ്ങനെ തരപ്പെടും? ഇത്തിരി സ്നേഹം ഉണ്ടായിട്ടു വേണ്ടേ?

രാഘവൻ: (രസിക്കാത്തമട്ടിൽ) സ്നേഹം ഉള്ളവരൊക്കെ നിരന്തരം കത്തെഴുതിക്കൊണ്ടിരിക്കണോ? (വായന തുടരുന്നു.) 'തരപ്പെടാത്തതു സമയക്കുറവുകൊണ്ടാണ്. ഇവിടത്തെ ഓരോ ഇഞ്ചു സ്ഥലവും കാണുന്ന ബദ്ധപ്പാടിലാണ് ഞങ്ങൾ. എത്ര മനോഹരമായ സ്ഥലം! കാശ്മീർ ഭൂമിയിലെ സ്വർഗമാണെന്ന് ആരോ എവിടെയോ പറഞ്ഞുകേട്ടിട്ടുണ്ട്. കണ്ടപ്പോൾ അപ്പറഞ്ഞതു തികച്ചും പരമാർത്ഥമാണെന്നു തോന്നി. ഒരു തവണ അച്ഛനെയും അമ്മയെയും ഞാനിവിടെ കൂട്ടിക്കൊണ്ടുവരും.'

ലക്ഷ്മിക്കുട്ടിയമ്മ: ആവൂ അമ്മയെ ഒന്നോർമിച്ചല്ലോ.

രാഘവൻ: (ഹൃദ്യമല്ലാത്ത മട്ടിൽ നോക്കുന്നു. വീണ്ടും വായന തുടരുന്നു.) 'ആയുഷ്കാലത്തിൽ ഒരിക്കൽ ഈ കാശ്മീരൊന്നു കാണണമച്ഛാ. ഇല്ലെങ്കിൽ മനുഷ്യജന്മംകൊണ്ടു പ്രയോജനമില്ല. ഇതു പൂക്കളുടെ നാടാണ്; മഴവില്ലിന്റെ നാടാണ്; സൗന്ദര്യദേവത സദാ ഇവിടെ നൃത്തം വെക്കുന്നു. റോട്ടിലും, പാർപ്പിടത്തിന്റെ മുറ്റത്തുമൊക്കെ ഇന്നലെ ഉണർന്നുനോക്കിയപ്പോൾ, മഞ്ഞുതിർന്നു കിടക്കുന്നു. കൈ കൊണ്ടു വാരിയെടുക്കാം. ഞങ്ങളാ മഞ്ഞിൻകട്ടകളിലൂടെ കുറേ ദൂരം നടന്നു.'

ലക്ഷ്മിക്കുട്ടിയമ്മ: അധികപ്രസംഗം നോക്കണേ! മഞ്ഞിലൂടെ നടന്നത്രേ.

രാഘവൻ: (ശ്രുണ്ടിയോടെ) എന്നാൽ നിന്റെ കമന്ററിതന്നെ നടക്കട്ടെ. വായിച്ചു തീരുന്നതുവരെ മിണ്ടാതിരുന്നുകൂടെ.

ലക്ഷ്മിക്കുട്ടിയമ്മ: മക്കളോടു സ്നേഹമുള്ള അമ്മമാരങ്ങനെയൊക്കെ പറയും.

രാഘവൻ: നിന്റെയൊരു സ്നേഹപ്രകടനം! ശ്രീനഗറിലുള്ള ജയൻ കേൾക്കാനാണോ ഈ പറയുന്നത്. അതല്ല നിനക്കു മക്കളോടു വലിയ സ്നേഹമാണെന്നു തെളിയിക്കാനോ?

ലക്ഷ്മിക്കുട്ടിയമ്മ: മുഴുവനും വായിക്കൂ.

രാഘവൻ: ഇനി കമന്ററി പാടില്ല. മിണ്ടാതിരുന്നു കേട്ടോണം. (വായന തുടരുന്നു.) 'അച്ഛാ', (ലക്ഷ്മിക്കുട്ടിയമ്മയുടെ മുഖത്തേക്കു നോക്കുന്നു.) ഞങ്ങളുടെ ഈ സഞ്ചാരപരിപാടി അവസാനിക്കാറായി. ഇന്ത്യയിലെ ഏതാണ്ടെല്ലാ പ്രദേശങ്ങളും ഞങ്ങൾ കണ്ടെന്നുതന്നെ പറയാം. ഒരു കാര്യം ഇതിൽനിന്നെനിക്കു മനസ്സിലാക്കാൻ കഴിഞ്ഞു. ആസാമിലും പഞ്ചാബിലും മഹാരാഷ്ട്രത്തിലും മധ്യപ്രദേശിലുമുള്ള ജനങ്ങൾ ഒട്ടും വ്യത്യസ്തരല്ല. വസ്ത്രധാരണ രീതിയിലും ഭാഷയിലും വ്യ

ത്യാസമുണ്ടാവാം. എന്നാൽ സ്വഭാവവും പെരുമാറ്റവും ഒന്നുതന്നെ. ആസാംമല കളിലെ ആദിവാസികളുടെ നടുവിൽ ചെന്നപ്പോൾ-അവരുടെ പാട്ടും നൃത്തവും കണ്ടപ്പോൾ-എനിക്കു തോന്നി ഞാൻ വയനാടൻകുന്നുകളിലെവിടെയോ നില്ക്കുകയാണെന്ന്. അവരുടെ ഭാഷയിൽ ഉള്ളുതുറന്ന് അവരോടു സംസാരിക്കാനെനിക്കു കൊതി തോന്നി. ഈ യാത്രയിൽ കഥകളിയുടെയും, ഭരതനാട്യത്തിന്റെയും വകഭേദങ്ങളായ ചില കലാരൂപങ്ങൾ ഞാൻ കണ്ടെത്തി. ആകപ്പാടെ ആലോചിക്കുമ്പോൾ നാമൊക്കെ ഒന്നല്ലേ അച്ഛാ? ഇന്ത്യക്കാരായ നാം? നമുക്കുള്ള പലതും പരസ്പരം ബന്ധപ്പെട്ടു കിടക്കുകയല്ലേ?

പെട്ടെന്നു വെളിച്ചം കെടുന്നു. വീടു മുഴുവൻ കൂരിരുട്ടിൽ. ഇനിയങ്ങട്ട് ഇരുട്ടിലാണ് സംഭാഷണം.

രാഘവൻ: ഓ ലൈറ്റു പോയോ? വിദ്യുച്ഛക്തിയെ വിശ്വസിച്ചാലതാണ് ഫലം!

ലക്ഷ്മിക്കുട്ടിയമ്മ: ഇത്തിരി മണ്ണെണ്ണ വാങ്ങിവെക്കണമെന്നു ദിവസവും പറയും. ആരുടെ ചെവിട്ടിലും അതു കടക്കില്ല. ഇരുട്ടിൽ കിടന്നു തപ്പണം.

രാഘവൻ: ലൈറ്റ് പോയാൽ പിന്നെ വെളിച്ചത്തു തപ്പാൻ പറ്റ്വോ? ലക്ഷ്മിക്കുട്ടീ, നീ തത്കാലം എവിടേം തപ്പാൻ പോണ്ടാ. മിണ്ടാതെ അവിടെ ഇരുന്നാൽ മതി. അവിടേം ഇവിടേം ചെന്നു മുട്ടി വല്ലതുമൊക്കെ തകർക്കും. ലക്ഷ്മിക്കുട്ടീ! (ഉറക്കെ) ലക്ഷ്മിക്കുട്ടീ.

ലക്ഷ്മിക്കുട്ടിയമ്മ: (ഉറക്കെ) എന്താ?

അകത്തുനിന്ന് ഒരു കൊച്ചുകുട്ടി കരയുന്നുണ്ട്. ഭാരതി അതിനെ താരാട്ടു പാടി ഉറക്കാൻ ശ്രമിക്കുന്നു.

ഭാരതി: (അകത്തുനിന്ന്) അമ്മേ... അമ്മേ... ഒരു മെഴുകുതിരിയെങ്കിലും വേണമല്ലോ. അമ്മേ... മോനു പാലു കൊടുക്കുമ്പോഴാ ലൈറ്റു പോയത്. അവൻ കരഞ്ഞു ബഹളം കൂട്ടുന്നു. അമ്മേ... അമ്മേ!

അല്പനേരം നിശ്ശബ്ദത

രാഘവൻ: നിനക്കൊന്നു മിണ്ടിയാലെന്താ ലക്ഷ്മിക്കുട്ടീ?

ലക്ഷ്മിക്കുട്ടിയമ്മ: അച്ഛനെന്താ മിണ്ടിക്കൂടേ?

ഉണ്ണികൃഷ്ണൻ: (സംസാരിച്ചുകൊണ്ടു വരുന്നു) സ്പീറ്റ്ലൈറ്റും പോയോ?

ശാന്ത: അതു പിന്നെ അന്വേഷിക്കാം. ഒന്നു ഫോൺ ചെയ്യൂ.

പെട്ടെന്നു ലൈറ്റ് വരുന്നു. രാഘവൻ, ലക്ഷ്മിക്കുട്ടിയമ്മ എന്നിവർ ആദ്യം ഇരുന്ന സ്ഥാനത്തുതന്നെ. ഉണ്ണികൃഷ്ണനും ശാന്തയും അപ്പോൾ കടന്നുവന്ന മട്ടിൽ നില്ക്കുന്നു.

ഉണ്ണികൃഷ്ണൻ: ഈ ശല്യം ഈയിടെയായി വർധിച്ചിട്ടുണ്ട്.

രാഘവൻ: കണക്കില്ലാതെ കാശ്രു വാങ്ങുന്നത് ശല്യം ചെയ്യാനാണ്.

ഉണ്ണികൃഷ്ണൻ: ഒന്നു ഫോൺ ചെയ്യട്ടെ. ഇതിങ്ങനെ വിട്ടാൽ പറ്റില്ല. (ഫോണിന്റെ അടുത്തേക്കു നീങ്ങുന്നു. ഡയൽചെയ്യുന്നു)

ശാന്ത: അമ്മേ ഈ ലൈറ്റിനെ വിശ്വസിച്ചിരുന്നാൽ പറ്റില്ല.

ലക്ഷ്മിക്കുട്ടിയമ്മ: വേണ്ടാ.

ശാന്ത: കുറച്ചു മെഴുകുതിരിയെങ്കിലും വാങ്ങി കരുതണം.

ലക്ഷ്മിക്കുട്ടിയമ്മ: കരുതരുതോ? ഇതൊക്കെ ഈ അമ്മതന്നെ വേണോ? ഒരു വീട്ടു ഭരിക്കാനുള്ള പ്രായമായില്ലേ?

ഉണ്ണികൃഷ്ണൻ: (ഫോണിലൂടെ സംസാരിക്കാൻ തുടങ്ങുന്നു) യേസ്സ്... യേസ്സ്... ഇന്നും ലൈറ്റ പോയല്ലോ? എന്ത്? എന്താണീ കുഴപ്പമെന്ന്? ഇവിടെയോ? (ശ്രുണ്ടിയോടെ) നോൺസൻസ്. ഇവിടെ ഒരു കുഴപ്പവുമില്ല; ഉണ്ടെങ്കിൽ വീണ്ടും ലൈറ്റെങ്ങനെ വരും... നൊ... നൊ... നൊ... (തെല്ലിട മിണ്ടാതെ ശ്രദ്ധിക്കുന്നു. ഒടുവിൽ കലശലായ ശ്രുണ്ടിയോടെ) റബ്ബിഷ് (റിസീവർ വെക്കുന്നു.)

രാഘവൻ: എന്താ പറഞ്ഞത്?

ഉണ്ണികൃഷ്ണൻ: അവിടെ കുഴപ്പമൊന്നുമില്ലെന്ന്.

രാഘവൻ: പിന്നെ ഇവിടെയാണോ കുഴപ്പം?

ഉണ്ണികൃഷ്ണൻ: അവരതാണ് പറയുന്നത്.

രാഘവൻ: അവരതു പറയും. അവനവന്റെ കുറ്റം മറ്റുള്ളവരുടെ തലയ്ക്കു വെച്ചു കെട്ടാൻ ബദ്ധപ്പെടുന്ന ലോകമല്ലേ? അവരായിട്ടെന്തിനൊഴിഞ്ഞുനില്ക്കണം?

ലക്ഷ്മിക്കുട്ടിയമ്മ: ഫോൺ ചെയ്തതുകൊണ്ടൊന്നും കാര്യമില്ല. അവിടെ ചെന്നു വേണ്ടപ്പെട്ടവരെ കണ്ട് ഇത്തിരി ഗൗരവത്തിൽ സംസാരിക്കണം.

രാഘവൻ: 'ഇത്തിരിഗൗരവത്തിൽ സംസാരിക്കാൻ' ഇവിടെ എല്ലാവരെക്കാളും മെച്ചം നീയാണ്. നീ തന്നെ ഒന്നു ചെല്ല്.

ലക്ഷ്മിക്കുട്ടിയമ്മ: വേണ്ടെങ്കിൽ വേണ്ടാ (എഴുന്നേറ്റ് അകത്തേക്ക് പോകാൻ തുടങ്ങുന്നു.)

ഉണ്ണികൃഷ്ണൻ: ഞാനൊന്നു പോയിവരാം.

രാഘവൻ: വേണ്ടാ, നാളെ അന്വേഷിക്കാം. അല്ലെങ്കിൽ ഇതൊക്കെ പോയതുകൊണ്ടോ, പറഞ്ഞതുകൊണ്ടോ പരിഹാരിക്കാവുന്ന കാര്യമല്ല. ചുമതലാബോധം എല്ലാവർക്കും വേണം.നമ്മുടെ കുഴപ്പമതാണ്. അതെവിടെയുമില്ല; (ശാന്തയുടെ നേർക്കു തിരിഞ്ഞു) ശാന്തേ, ജയന്റെ കത്തുണ്ട്.

ശാന്ത: ഉവ്വോ, അച്ഛാ? എന്താ വിശേഷം?

രാഘവൻ: വിശേഷമൊന്നുമില്ല. അവനിപ്പോൾ ശ്രീനഗറിലാണ്. അച്ഛനേം അമ്മയേം ഒരു തവണ കാശ്മീർ കാണിച്ചല്ലാതെ അടങ്ങില്ലെന്നവനെഴുതിയിരിക്കുന്നു.

ശാന്ത: അവന്റെ പെങ്ങമ്മാരുടെ കാര്യം അവൻ മറന്നുകളഞ്ഞു അല്ലേ?

രാഘവൻ: ഇതാണല്ലോ കുഴപ്പമുണ്ടാക്കുന്നത്. എല്ലാവർക്കും എപ്പോഴും മറ്റുള്ളവരെപ്പറ്റി പ്രതീക്ഷയാണ്. അതു ചെയ്യും ഇതു ചെയ്യുമെന്നൊക്കെ, എന്നിട്ടു പ്രതീക്ഷയ്ക്കൊത്തു കാര്യങ്ങൾ നടന്നില്ലെങ്കിൽ അലോഗ്യമായി, വഴക്കായി ശാന്തേ, ഞാൻ ചോദിക്കട്ടെ, നീയിന്ന് എത്രപ്രാവശ്യം ജയനെ ഓർത്തു സത്യം പറയണം.

ശാന്ത: (അല്പം പരുങ്ങലോടെ) എന്താ അച്ഛൻ ചോദിച്ചത്?

രാഘവൻ: നീയിന്നു ജയനെ എത്രമാത്രം ഓർത്തെന്ന്; നിന്റെ ആങ്ങളയെ?

ശാന്ത: ഇന്നു ഞാനവനെ ഓർത്തത് (ആലോചിക്കുന്നു.) അച്ഛനിപ്പോൾ കത്തിന്റെ കാര്യം പറഞ്ഞില്ലേ...

രാഘവൻ: അതതേ, അപ്പോൾ മാത്രം? ആട്ടെ, ഇന്നലെ നീയവനെ ഓർത്തോ? ശാന്ത ആലോചിക്കുന്നു. പറയൂ; ഇതിത്രയൊക്കെ ആലോചിക്കാനുണ്ടോ?

ശാന്ത: (പതുക്കെ) ഇല്ല.

രാഘവൻ: എന്തെങ്കിലും പ്രത്യേകതയില്ലാതെ നീയവനെ ഓർക്കാറില്ല. നീയെന്നല്ല, ആരും. അപ്പോൾ, അവന്റെ കാര്യത്തിലും നമ്മളതേ പ്രതീക്ഷിക്കാവൂ. അവനവനു കൊടുക്കാൻ കഴിയാത്തതു മറ്റുള്ളവരിൽനിന്ന് ഈടാക്കാൻ ശ്രമിക്കരുത്.

ലക്ഷ്മിക്കുട്ടിയമ്മ: (തിരിച്ചുവരുന്നു. സംസാരിച്ചുകൊണ്ടാണ് വരുന്നത്.) ആ തിരക്കിൽ ജയന്റെ കത്തിന്റെ കാര്യം ഞാനങ്ങു മറന്നു.

രാഘവൻ: കേട്ടോ, ശാന്തേ, ഒരമ്മയാണിതു പറയുന്നത്. ആർക്കും ആരെയും അത്രയേ ഓർക്കാൻ കഴിയൂ.

ലക്ഷ്മിക്കുട്ടിയമ്മ: (അടുത്തുവന്ന്) എന്താ പറഞ്ഞത്? (ആരും ഒന്നും മിണ്ടുന്നില്ല.) ശാന്തയോടാ ചോദിച്ചത് എന്താ പറഞ്ഞതെന്ന്?

ശാന്ത: ഒന്നും പറഞ്ഞില്ലമ്മേ.

ലക്ഷ്മിക്കുട്ടിയമ്മ: അമ്മയെപ്പറ്റി ഇവിടെ എന്തോ പറഞ്ഞല്ലോ.

രാഘവൻ: ഞാനാ പറഞ്ഞത്, അമ്മയെപ്പറ്റിയും, മക്കളെപ്പറ്റിയും, അച്ഛനെപ്പറ്റിയും പറഞ്ഞു. മുഴുവനും കേൾക്കണ്ടേ?

ലക്ഷ്മിക്കുട്ടിയമ്മ: എനിക്കെന്റെ കാര്യം കേട്ടാൽ മതി.

രാഘവൻ: അങ്ങനെ ഓരോരുത്തരും ഓരോരുത്തരുടെ കാര്യം നോക്കിയാൽ ഈ കുടുംബം ഉറച്ചുനില്ലില്ല; ശാന്തേ, നീയാണ് കേൾക്കേണ്ടതും പഠിക്കേണ്ടതും. നിന്റെ അമ്മ കുടുംബം തകർത്താണിങ്ങട്ടു പോന്നത്.

ലക്ഷ്മിക്കുട്ടിയമ്മ: ഞാനോ? എന്നെ ആരും അതിൽ കുറ്റപ്പെടുത്തില്ല.

രാഘവൻ: ഇതു കുറ്റപ്പെടുത്തലല്ല. കേട്ടോ, ബുദ്ധിഭ്രമം പിടിപെട്ട് അകത്തു കഴിച്ചുകൂട്ടുന്ന നിന്റെ മുത്തച്ഛനുണ്ടല്ലോ, ഒരു രക്തസാക്ഷിയാണ്. അദ്ദേഹത്തിന്റെ അനുഭവം എനിക്കുണ്ടാവരുത്. അതുകൊണ്ട് പറയുകയാണ്. അവനവനു കൊടുക്കാൻ കഴിയാത്തതു മറ്റുള്ളവരിൽനിന്നു പ്രതീക്ഷിക്കരുത്-അമ്മയിൽനിന്നും അച്ഛനിൽനിന്നും ഭർത്താവിൽനിന്നും മക്കളിൽനിന്നും ആരിൽനിന്നും.

> ഈ സംഭാഷണം നടക്കുമ്പോൾ ഉണ്ണികൃഷ്ണൻ ഒരുകസേരയിലിരുന്നു വർത്തമാനപത്രം നോക്കുകയാണ്. സംഭാഷണം ശ്രദ്ധിക്കുകയും അനുചിതമായ മുഖഭാവം പ്രദർശിപ്പിക്കുകയും വേണം.

ലക്ഷ്മിക്കുട്ടിയമ്മ: ആ കത്തു മുഴുവനും ഒന്നു വായിക്ക്യോ?

രാഘവൻ: ഓ വായിക്കാം. (വായന തുടരുന്നു.) 'ഇന്ത്യയുടെ ഏതുകോണിൽ ചെന്നാലും ആരോടു സംസാരിച്ചാലും മനസ്സിലാവുന്നൊരു ഭാഷ നമുക്കു വേണം. അതില്ലാത്തതിന്റെ കുഴപ്പം വേണ്ടുവോളം ഞാനനുഭവിച്ചു. ചിലപ്പോൾ കഥ കളിമുദ്രകൊണ്ടു കാര്യം കഴിക്കേണ്ടിവന്നു.'

ലക്ഷ്മിക്കുട്ടിയമ്മ: ഇവനെന്തു പുരാണങ്ങളൊക്ക്യാ എഴുതിക്കൂട്ട്യേത്? (ശാന്ത ചിരിക്കുന്നു.) നീയെന്താ ചിരിച്ചത്?

ശാന്ത: വെറുതെ ചിരിച്ചതാണമ്മേ.

ലക്ഷ്മിക്കുട്ടിയമ്മ: വെറുതെ ആരെങ്കിലും ചിരിക്ക്യോ?

രാഘവൻ: ഇല്ല; വെറുതെ എല്ലാവരും കരയാറാണ് പതിവ്. നീ കരഞ്ഞോ, ശാന്തേ, ലക്ഷ്മിക്കുട്ടീ, നിനക്കു കത്തു മുഴുവനും വായിച്ചു കേൾക്കണോ?

ലക്ഷ്മിക്കുട്ടിയമ്മ: അവന്റെ പുരാണം പറച്ചിലൊന്നും എനിക്കു കേൾക്കണ്ടാ; ഒടുക്കം എന്താ എഴുതിയേത്? അതൊന്നു വായിക്കു.

രാഘവൻ: എന്നാൽ കേട്ടോളൂ. (വായിക്കുന്നു.) 'ഈ യാത്ര ഞാനവസാനിപ്പിക്കുന്നത് ഒരു ദൃഢനിശ്ചയത്തോടുകൂടിയാണച്ഛാ. ഇന്ത്യ ഒന്നാണെന്നും ഒരേ കുടുംബമാണെന്നുമുള്ള വിശ്വാസത്തോടെ. ഈ വിശ്വാസം നമ്മിലെല്ലാവരിലുമുണ്ടായാൽ, നമ്മുടെ രാജ്യം ലോകത്തിലെ വൻകിട രാജ്യങ്ങളിലൊന്നായിത്തീരും, തീർച്ച. അതിനുവേണ്ടി പ്രാർഥിച്ചുകൊണ്ടു ഞാനീ കത്തവസാനിപ്പിക്കട്ടെ. എന്ന് അച്ഛന്റെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചുകൊണ്ട് സ്നേഹമുള്ള മകൻ.'

ലക്ഷ്മിക്കുട്ടിയമ്മ: കഷ്ടം ഇങ്ങന്യായിപ്പോയല്ലോ ഇവൻ!

രാഘവൻ: എന്താ അച്ഛന്റെ പാദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചതാണോ തെറ്റ്? അതല്ല, സ്നേഹമുള്ള മകനെന്നെഴുതിയതോ?

ലക്ഷ്മിക്കുട്ടിയമ്മ: അവന്റെ നമസ്കാരം. ഒടുവിലെങ്കിലും ഒരു വാചകം അവനീ വീടിനെപ്പറ്റി എഴുതാമായിരുന്നില്ലേ? അവന്റെ പെങ്ങമ്മാരെപ്പറ്റി...

രാഘവൻ: (പരിഹാസത്തോടെ) അമ്മയെപ്പറ്റി.

ലക്ഷ്മിക്കുട്ടിയമ്മ: പരിഹസിക്ക്യാണോ? മറ്റൊക്കെ പോട്ടെ, ഭാരതി പ്രസവിച്ച കുട്ടിയെപ്പറ്റി ഒരു വാക്കവനെഴുതാമായിന്നില്ലേ? അവനവന്റെ കുടുംബം മറക്കുന്നവൻ ഇന്ത്യ മുഴവൻ കുടുംബമായിട്ടു കാണുന്നു.

പെട്ടെന്ന് പിന്നെയും വെളിച്ചം പോകുന്നു.

രാഘവൻ: ഇതെന്താ കഥ.

ഉണ്ണികൃഷ്ണൻ: ഒന്നു പോയന്വേഷിക്കണം, അല്ലാതെ പറ്റില്ല.

രാഘവൻ: അയൽ വീട്ടിലെ വെളിച്ചം പോയിട്ടുണ്ടോ?

ലക്ഷ്മിക്കുട്ടിയമ്മ: നേരുതന്നെ അതൊന്നു നോക്കൂ.

ശാന്ത: ആ പടിക്കൽ നിന്നു നോക്കിയാൽ മതി.

ഉണ്ണികൃഷ്ണൻ: ഞാൻ നോക്കി വരാം.

ലക്ഷ്മിക്കുട്ടിയമ്മ: ഏതായാലും മണ്ണെണ്ണ വാങ്ങണം.

ഭാരതി: (അകത്തുനിന്ന്) അമ്മേ, ലൈറ്റ പിന്നേം പോയല്ലോ.

ലക്ഷ്മിക്കുട്ടിയമ്മ: ഇതിനൊക്കെ അമ്മയെ വിളിക്കുന്നതെന്താ? അതാ മനസ്സിലാവാത്തത്.

ശാന്ത: അമ്മയെന്തിനാ ഇങ്ങനെ ശ്രുണ്ടിയെടുക്കുന്നത്?

രാഘവൻ: അതും മനുഷ്യലക്ഷണങ്ങളിൽ പെട്ടൊന്നാണ്, ശാന്തേ.

വെളിച്ചം വരുന്നു.

ലക്ഷ്മിക്കുട്ടിയമ്മ: ഇവിടെ നിന്നാൽ എന്റെ മനുഷ്യലക്ഷണം കുറച്ചു കൂടിപ്പോകും. (പോകുന്നു.)

ഉണ്ണികൃഷ്ണൻ: (പുറത്തുനിന്നു വരുന്നു.) അയൽവീട്ടിലെ വെളിച്ചം പോയിട്ടില്ല.

രാഘവൻ: ഇല്ല്യേ?

ശാന്ത: അപ്പോൾ ആ കുഴപ്പം ഇവിടെ മാത്രമുള്ളതാണോ?

വിശ്വനാഥൻ: (അതിനു മറുപടി പറഞ്ഞുകൊണ്ടു വരുന്നു.) അതേ, ഇവിടെ മാത്രമുള്ളതാണ്. അതിന്റെ കാരണവും ഞാൻ കണ്ടുപിടിച്ചു.

രാഘവൻ: ഉവ്വോ? എന്താണ്?

വിശ്വനാഥൻ: നമ്മുടെ മെയിൻ സ്വിച്ചുള്ള മുറിയിൽ മുത്തച്ഛൻ കയറി വാതിലടച്ചിരിക്കുന്നു. അദ്ദേഹം അവിടെ ഇരുന്നുകൊണ്ടു ചെയ്യുന്നതാണിത്.

രാഘവൻ: ഈശ്വരാ! (പരിഭ്രമിച്ചെഴുന്നേല്ക്കുന്നു.)

വിശ്വനാഥൻ: അതു പരിഭ്രമിക്കാനൊന്നുമില്ല. അദ്ദേഹം വാതിൽ തുറന്നു പുറത്തു കടന്നു.

രാഘവൻ: അതതിലേറെ ആപത്താണ്. ഇനി എങ്ങോട്ടൊക്കെ പോകും, എന്തൊക്കെ കാട്ടുമെന്നാർക്കറിയാം? എങ്ങനെ അദ്ദേഹം മുറിയിൽനിന്നു പുറത്തുപോയി. അപ്പുറത്തെ വാതിൽ പൂട്ടീട്ടുണ്ടായിരുന്നില്ലേ?

മുത്തച്ഛൻ അകത്തുനിന്നു വരാനുള്ള വാതിലിനടുത്തു പ്രത്യക്ഷപ്പെടുന്നു. ചുരുട്ടുവലിച്ചു ധാരാളം പുക വിടുന്നുണ്ട്. രംഗത്തുള്ളവരെ സൂക്ഷിച്ചുനോക്കി അല്പനേരം മിണ്ടാതെ നില്ക്കുന്നു. രാഘവൻ, ഉണ്ണികൃഷ്ണൻ, ശാന്ത, വിശ്വനാഥൻ എന്നിവർ എന്താണ് ചെയ്യേണ്ടതെന്നറിയാതെ പരുങ്ങുകയും ആർക്കെങ്കിലും എന്തെങ്കിലും അഭിപ്രായമുണ്ടോ എന്നറിയാൻ പരസ്പരം നോക്കുകയും ചെയ്യുന്നു.

മുത്തച്ഛൻ: (ഉച്ചത്തിൽ വിളിച്ചുചോദിക്കുന്നു.) ഇവിടെ മനുഷ്യനുണ്ടോ, മനുഷ്യൻ? (കനത്ത അടിവെപ്പോടെ മുൻപോട്ടുവരുന്നു. രംഗത്തിന്റെ മധ്യത്തിൽ വന്നു നില്ക്കുന്നു; സദസ്യരോടെന്നപോലെ ചോദിക്കുന്നു.) മനുഷ്യനെപ്പറ്റിയാ ചോദിച്ചത്. മക്കളായാലും മരുമക്കളായാലും മനുഷ്യൻ മനുഷ്യനാണ്. ചതിക്കും, തരംകിട്ടിയാൽ ചതിക്കും. (മുഖത്തു കഠിനമായ ശ്രുണ്ടി) അവൻ ചതിയന്മാണ്. (കണ്ണുകളിൽ പരിഭ്രമം; മുഖത്തുനിന്ന് ശ്രുണ്ടിമായുന്നു.) അവനെ എനിക്കു പേടിയാണ്. അവൻ കൊല്ലും, പിച്ചിച്ചീന്തും. (കണ്ണും ഇടറുന്നു.) നോക്ക്, എന്റെ കൈയും കാലുമൊക്കെ മുറിച്ചു മുറിച്ച് അവൻ നിലത്തിട്ടു. ഒടുവിൽ എന്റെ ആത്മാവും പിഴുതെടുത്തു. ഭാഗം, ഭാഗം വെച്ചതാണ്. അങ്ങനെ എന്നെ കൊന്നു; ഞാൻ മരിച്ചു. (കൈകാലുകളെ തളർത്തി, കണ്ണടച്ചു തല ഒരു ഭാഗത്തേക്കു ചരിച്ചു പിറകോട്ട് പതുക്കെ ചായുന്നു.)

ശാന്ത വേഗത്തിലൊരു കസേരയെടുത്ത് പിറകിൽ വെച്ചുകൊടുക്കുന്നു. അതിൽ മരിച്ചുവീഴുന്നു. യാതൊരു ശബ്ദവും ചലനവുമില്ല.

രാഘവൻ: (ശാന്തയോടു പതുക്കെ) ഏതെങ്കിലും വഴിക്കു മുത്തച്ഛനെ ഈ അകത്താക്കി അടയ്ക്കണമല്ലോ. നീ തന്നെ ചെന്നു പറയൂ.

മുത്തച്ഛൻ മരിച്ചുവീണതു പന്തിയായെന്നു തോന്നാത്തതുകൊണ്ട് പിന്നേയും എഴുന്നേറ്റു നില്ക്കുന്നു. ഒരു തവണകൂടി മരണം അഭിനയിച്ചു പുറകോട്ടു വീഴുന്നു.

ശാന്ത: (പതുക്കെ അടുത്തുചെന്നു വിളിക്കുന്നു.) മുത്തച്ഛാ, മുത്തച്ഛാ... (മുത്തച്ഛൻ അനങ്ങാതെ കിടക്കുന്നു. പിന്നെയും വിളിക്കുന്നു) മുത്തച്ഛാ, മുത്തച്ഛാ..

മുത്തച്ഛൻ: (കണ്ണുതുറക്കാതെ, ശരീരം അനക്കാതെ) ആരാത്?

ശാന്ത: ഞാനാണ് മുത്തച്ഛാ, ശാന്ത.

മുത്തച്ഛൻ: എന്തുവേണം?

ശാന്ത: മുത്തച്ഛൻ കണ്ണുതുറക്കു. ഇങ്ങട്ടു നോക്കു.

മുത്തച്ഛൻ: മുത്തച്ഛൻ മരിച്ചുപോയി; തീരെ മരിച്ചുപോയി.

ശാന്ത: മുത്തച്ഛനു ചൂരുട്ടു വേണോ?

മുത്തച്ഛൻ: ഏ? (ബദ്ധപ്പെട്ടെഴുന്നേല്ലുന്നു.) എവിടെ ചൂരുട്ട്? കൊണ്ടുവാ, ന്റെ മോളു കൊണ്ടുവാ.

ശാന്ത: എത്ര ചൂരുട്ടു വേണം മുത്തച്ഛന്?

മുത്തച്ഛൻ: കൊണ്ടുവാ വേഗം.

ശാന്ത: വരൂ, ഞാനെടുത്തുതരാം.

മുത്തച്ഛൻ: ചതിക്ക്യോ?

ശാന്ത: ഇല്ല മുത്തച്ഛാ.

മുത്തച്ഛൻ: നീ മനുഷ്യനല്ലേ?

ശാന്ത: അല്ല മൃഗമാണ്.

മുത്തച്ഛൻ: ആ, എന്നാ നീ ചതിക്കില്ല. വലിയ ചൂരുട്ടു തര്വോ?

ശാന്ത: തരും.

മുത്തച്ഛന്റെ മുഖത്തു സന്തോഷം. ശാന്ത സൂത്രത്തിൽ പറഞ്ഞു പറഞ്ഞു് പ്രലോഭിപ്പിച്ചു് എതിർവശത്തുള്ള മുറിയിൽ മുത്തച്ഛനെ കൊണ്ടുചെന്നാക്കുന്നു. രാഘവൻ ഓടിച്ചെന്നു വാതിലടച്ചു പൂട്ടുന്നു.

മുത്തച്ഛൻ: (മുറിയിൽനിന്ന് ഉറക്കെ) ചതിച്ചു, ചതിച്ചു. (ഓടി ജാലകത്തിനടുത്തു വന്നു പുറത്തേക്കു നോക്കിപ്പറയുന്നു.) കണ്ടില്ലേ, എന്നെ ചതിച്ചു. ഞാൻ പെട്ടുപോയി (നെറ്റി ജാലകത്തിൽ അമർത്തിവെച്ചു തേങ്ങിത്തേങ്ങിക്കരയുന്നു.)

എല്ലാവരും മിണ്ടാതെ തെല്ലിട നില്ക്കുന്നു.

ശാന്ത: (മുത്തച്ഛന്റെ കരച്ചിൽ കേട്ട കലശലായ വല്ലായ്മയോടെ) വേണ്ടായിരുന്നു, അച്ഛാ. കേട്ടില്ലേ, മുത്തച്ഛൻ കരയുന്നത്?

രാഘവൻ: സാരമില്ല മോളേ.

ശാന്ത: ഈ മഹാപാപം ചെയ്തതു ഞാനല്ലേ?

രാഘവൻ: ഒരു മഹാപാപവുമില്ല മോളേ. സ്നേഹക്കുറവുകൊണ്ടു ചെയ്യുന്നതല്ലല്ലോ, മറ്റു വഴിയില്ലാഞ്ഞിട്ടല്ലേ? ഉം! അകത്തേക്കു പൊയ്ക്കോളൂ. നാളെ എനിക്കിങ്ങനെ വന്നാൽ എന്നോടും ഇതുതന്നെ ചെയ്യണം.

ശാന്ത: അച്ഛനിങ്ങനെ വരില്ല.

രാഘവൻ: ആർക്കു തീർത്തു പറയാൻ കഴിയും? മുത്തച്ഛനിങ്ങനെ വരാൻ പാടുണ്ടായിരുന്നോ? എന്തു ബുദ്ധിയും തന്റേടവുമുള്ള മനുഷ്യനായിരുന്നു! മക്കളാണദ്ദേഹത്തെ ഭ്രാന്തു പിടിപ്പിച്ചതു്. സ്നേഹസമ്പന്നമായൊരു കുടുംബം അദ്ദേഹം കെട്ടിപ്പടുത്തുയർത്തി. വേർപിരിയാനും പിണങ്ങിപ്പോവാനുമുള്ള ബദ്ധപ്പാടിൽ മക്കളതു തച്ചുടച്ചു... ഉം! അതൊന്നും ഇനിപ്പറഞ്ഞിട്ടു കാര്യമില്ല... ഇത്തരം ഭ്രാന്തു മറ്റാർക്കും ഇവിടെ വരാതെ കഴിക്കാൻ ശ്രമിക്കു! ഉം! അകത്തേക്കു പോയ്ക്കോളൂ.

ശാന്ത പോകുന്നു; ഉണ്ണികൃഷ്ണനും. രാഘവൻ അസ്വസ്ഥനായി അങ്ങട്ടുമിങ്ങട്ടും നടക്കുന്നു.

വിശ്വനാഥൻ: (രാഘവന്റെ ചലനങ്ങൾ ശ്രദ്ധിച്ചുകൊണ്ടു് തെല്ലിട മിണ്ടാതെ നില്ക്കുന്നു. പിന്നെ പറയുന്നു.) ഇദ്ദേഹത്തെ ഇങ്ങനെ പൂട്ടിയിടുന്നതാണ് കുഴപ്പം...

രാഘവൻ: സ്വതന്ത്രമായി വിടുന്നതു കൂടുതൽ കുഴപ്പം. അപ്പോൾ അതല്ലാതെ മറ്റു വഴിയില്ല.

വിശ്വനാഥൻ: ഞാനൊരു വഴിപറയാം.

രാഘവൻ: പറയൂ.

വിശ്വനാഥൻ: കുറച്ചു ദിവസമായി ഞാനിതു പറയണമെന്നു വിചാരിക്കുന്നു. രോഗം വന്നാൽ ചികിത്സിക്കണം.

രാഘവൻ: വേണം.

വിശ്വനാഥൻ: ഉന്മാദം ഒരു രോഗമാണ്.

രാഘവൻ: അതേ.

വിശ്വനാഥൻ: അകത്തിട്ടുപൂട്ടൽ ആ രോഗത്തിന്റെ ചികിത്സയല്ല.

രാഘവൻ: ആണെന്നുദ്ദേശിച്ചു ചെയ്യുന്നതല്ല.

വിശ്വനാഥൻ: എന്നാൽ ചികിത്സിക്കാനെന്തിനു മടിക്കണം? ഇതിന്റെ ചികിത്സ ചിത്തരോഗാസ്പത്രിയിലാണ്. ഇദ്ദേഹത്തെ അങ്ങോട്ടയയ്ക്കണം. (രാഘവൻ മിണ്ടുന്നില്ല.) മടിക്കാനൊന്നുമില്ല. രോഗികളെ ആസ്പത്രിയിലയയ്ക്കുന്നത് സ്നേഹം കൊണ്ടല്ലാതെ സ്നേഹക്കുറവുകൊണ്ടാവില്ലല്ലോ.

രാഘവൻ: ഈ അഭിപ്രായം തികച്ചും ശാസ്ത്രീയമാണ്. എനിക്കതിനോടാദരവുണ്ട്. പക്ഷേ, ഈ വയസ്സുകാലത്ത് അദ്ദേഹത്തെ അങ്ങട്ടയയ്ക്കാൻ ഞാനുദ്ദേശിക്കുന്നില്ല. എന്തു കൊണ്ടെന്ന കാര്യം വ്യാഖ്യാനിച്ചു മനസ്സിലാക്കാൻ എനിക്കു കഴിഞ്ഞില്ലെന്നുവരും.

വിശ്വനാഥൻ: എന്തുതന്നെയായാലും ഈ മനോവൃത്തി കുടുംബത്തിനും ശ്രേയസ്കരമല്ല.

രാഘവൻ: കുടുബത്തിനു ശ്രേയസ്കരമല്ലാത്ത കാര്യമൊന്നും ചെയ്യരുതെന്നാണെന്റെ വിചാരം. അങ്ങനെയൊരു പതനത്തിലെത്തുമ്പോൾ ഇതിനും ഞാനൊരു പ്രതിവിധി കാണും.

വിശ്വനാഥൻ: (അസുഖത്തോടെ) ക്ഷമിക്കണം.

രാഘവൻ: ക്ഷമായാചനം ചെയ്യേണ്ടതു ഞാനാണ്-നല്ലൊരു കാര്യം ഉപദേശിച്ചത് അനുസരിക്കാൻ കഴിയാഞ്ഞതിൽ.

വിശ്വനാഥൻ: എന്തായാലും എനിക്കു വിരോധമില്ല. എന്റെ അഭിപ്രായം പറഞ്ഞെന്നുമാത്രം.

രാഘവൻ: വിശ്വം ഈ കുടുംബത്തിലെ അംഗമാണ്. (മുഴുവൻ പറഞ്ഞുതീരാൻ കാക്കാതെ വിശ്വനാഥൻ അകത്തേക്കു പോകുന്നു.) ആ നിലയ്ക്കു കുടുംബകാര്യത്തിൽ എന്തഭിപ്രായം പറയാനും അധികാരമുണ്ട്. പറയുകയും വേണം. (വിശ്വം പോയ വഴിയിലേക്കു നോക്കിക്കൊണ്ടാണ് പറയുന്നത്. പറഞ്ഞു തീർന്നിട്ടും തെല്ലിട ആ ഭാഗത്തേക്കു തന്നെ നോക്കിനില്ക്കുന്നു. തിരിച്ചുവന്നു മുറിയുടെ പൂട്ടു പിടിച്ചിളക്കിനോക്കുന്നു. പെട്ടെന്നെന്തോ ഓർത്തപോലെ ഉറക്കെ പറയുന്നു.) ശാന്തേ, മുറിയുടെ പിറകിലെ വാതിൽ പൂട്ടണം. (മറുപടി ശ്രദ്ധിക്കുന്നു. ഇല്ലെന്നു മനസ്സിലായപ്പോൾ ധൃതിയിൽ അകത്തേക്കു പോകാൻ തുടങ്ങുന്നു.)

— യവനിക —

— 3 —

രംഗം 2

രണ്ടു മാസം കഴിഞ്ഞു. വീടു പഴയതുതന്നെ. വിശാലമായ സ്വീകരണമുറി. രാത്രി ഏഴര മണി. പുറത്തു നല്ല നിലാവുണ്ട്. ശാന്ത ഒരു സോഫയിലിരുന്ന് ഏതോ മാഗസിൻ നോക്കുകയാണ്. അകത്തുനിന്നു നേർത്ത സ്വരത്തിലൊരു താരാട്ടുപാട്ടു കേൾക്കാം. പുറത്തേക്കുള്ള ജാലകം മലർക്കെ തുറന്നിട്ടതിലൂടെ അപ്പുറത്തുള്ള പച്ചിലപ്പടർപ്പിതൽ നിലാവു വീണുകിടക്കുന്നതു കാണാം. ശാന്ത വായിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ പച്ചിലപ്പടർപ്പിൽനിന്ന് ഒരു കുയിലിന്റെ ശബ്ദം. ശാന്ത ശ്രദ്ധിക്കുന്നു. പിന്നെയും പിന്നെയും ആ ശബ്ദം. ശാന്ത എഴുന്നേറ്റു ജാലകത്തിനടുത്തുചെന്നു മനോഹരമായ ചന്ദ്രികയിലേക്കുറ്റു നോക്കിക്കൊണ്ട് നില്ക്കുന്നു. ഇവിടെ വീട്ടിനകത്തുനിന്നു വരാനുള്ള വാതിൽ രംഗത്തിന്റെ ഇടത്തുവശത്താണ്. ആ വാതിലിലൂടെ ഭാരതി കടന്നുവരുന്നു. കഴിഞ്ഞ രംഗത്തിൽ കണ്ട മട്ടല്ല. മുഖത്തു ക്ഷീണത്തിന്റെയും വേദനയുടെയും ലക്ഷണമുണ്ട്. ഭാരതി കടന്നുവന്നു മറ്റെങ്ങും ശ്രദ്ധിക്കാതെ സോഫയിൽ ചെന്നിരുന്നു. ശാന്ത നോക്കിയ മാഗസിനെടുത്തു പതുക്കെ പേജുകൾ മറിക്കുന്നു. ശബ്ദം കേട്ട് ശാന്ത തിരിഞ്ഞു നോക്കുന്നു.

ശാന്ത: (പിൻതിരിഞ്ഞുനടന്നുകൊണ്ട്) മോനുറങ്ങ്യോ, ഭാരതിയേട്ടത്തീ?

ഭാരതി: ഉറങ്ങി അവൻ രണ്ടു ദിവസമായിട്ടു വല്ലാതെ ശാഠ്യം പിടിച്ചു കരയുന്നു.

ശാന്ത: വെറുതേല്ല. അവന്റെ ചേച്ചിയെ കാണാഞ്ഞിട്ടാണ്. എന്നാലും മിനിയെ കോൺവെന്റിലയച്ചത് നന്നായില്ല.

ഭാരതി: അതെനിക്കും തോന്നി.

ശാന്ത: അവൾക്കഞ്ചു വയസ്സു തുടങ്ങീട്ടല്ലേയുള്ളൂ? അമ്മേം അച്ഛനേം പിരിഞ്ഞു പാർക്കാറായോ?

ഭാരതി: അല്ലെങ്കിലും അവൾക്ക് അമ്മമ്മയെന്നു പറഞ്ഞാൽ കഴിഞ്ഞു.

ശാന്ത: എന്തേ ഇത്ര വേഗത്തിലൊരു തീരുമാനമെടുക്കാൻ?

ഭാരതി: അവളുടെ അച്ഛന്റെ സ്വഭാവം നിനക്കറിയില്ലേ? ഒരൊറ്റ രാത്രികൊണ്ടാണെല്ലാം തീരുമാനിച്ചത്. ഞാൻ കാല്പപിടിച്ചു കരഞ്ഞു; കൂട്ടാക്കിയില്ല, ഈ വീടൊരു ഭ്രാന്തശാലയാണത്രേ; ഇവിടെ കുട്ടികളെ വളർത്താൻ പറ്റില്ലത്രേ; വഷളായിപ്പോവുമെന്ന്.

ശാന്ത: പാവം! ആ കുട്ടി എത്രമാത്രം വേദനിക്കുന്നുണ്ടാവും.

ഭാരതി: ഈ വീട്ട് ഉറങ്ങിപ്പോയി. അച്ഛനോടിത പറഞ്ഞപ്പോൾ അച്ഛൻ കരഞ്ഞില്ലെന്ന മാത്രം.

ശാന്ത: കുടുംബത്തിൽ അഭിപ്രായവ്യത്യാസവും വഴക്കും വരാതെ കഴിക്കാൻ അച്ഛൻ സമ്മതിച്ചതാവും.

ഭാരതി: സമ്മതിച്ചെന്ന് പറഞ്ഞുകൂടാ. 'നിങ്ങളുടെ ഇഷ്ടം പോലെ ചെയ്തോളൂ' എന്നമാത്രം പറഞ്ഞു.

ശാന്ത: ഒന്നിലും ഒരഭിപ്രായവ്യത്യാസമില്ലാതെ കഴിഞ്ഞ കുടുംബമാണിത്.

ഭാരതി: ഓരോന്നായി ആരംഭിക്കാൻ തുടങ്ങുന്നു. ഇതെവിടെച്ചെന്നെത്തുമെന്നറിഞ്ഞുകൂടാ. മനസ്സിന് ഒരു സമാധാനോം ഇല്ല ശാന്തേ. എവിടെ നോക്ക്യാലും അവളങ്ങനെ ഓടിനടക്കുന്നുണ്ടെന്നു തോന്വാ. രാത്രി ഒരു പോള കണ്ണടച്ചു കഴിയുന്നില്ല. (തൊണ്ടയിടറി) ഒരൊറക്കം കഴിഞ്ഞാൽ 'അമ്മേ'ന്നു വിളിച്ച് എന്റെ കഴുത്തിൽ കൈയിട്ടു മുറുക്കിക്കിടക്കണം...

ശാന്ത: ഇതാണെല്ലാവരുടെയും സ്ഥിതിയെങ്കിൽ ഇത്തിതിനേർത്തെ സ്വന്തമായിട്ടൊരു വീടന്വേഷിക്ക്യാ ഭേദം.

ഭാരതി: (ഒരു ഞെട്ടലോടെ) എന്നുവെച്ചാൽ?

ശാന്ത: അച്ഛനോടു പറഞ്ഞു നമുക്കു പ്രത്യേകം ഓരോ വീടുവെപ്പിക്കുക.

ഭാരതി: പിന്നെ ഈ വലിയ വീടുകൊണ്ടുള്ള പ്രയോജനം? അങ്ങനെ ആരെങ്കിലും വിചാരിക്കുന്നതുതന്നെ അച്ഛനിഷ്ടപ്പെട്ടില്ല; വേണ്ടാത്തതിനൊന്നും പോണ്ടാ, കേട്ടോ... ഉണ്ണികൃഷ്ണനും അതിഷ്ടപ്പെടില്ല.

പുറത്തുനിന്ന് ഒരു ചുമയുടെ ശബ്ദം.

ഭാരതി: ആരാത്?

രംഗത്തിലേക്കു ശരീരത്തിന്റെ കുറച്ചു ഭാഗംമാത്രം കാട്ടിക്കൊണ്ട് ഒരാൾ നില്ക്കുന്നു.

ശാന്ത: എന്താ വേണ്ടത്?

വന്ന ആൾ: ഒരു കത്തു കൊടുക്കാനുണ്ടായിരുന്നു. (കത്തു നീട്ടിക്കാണിക്കുന്നു.)

ശാന്ത: അച്ഛനു കൊടുക്കാനാണോ?

വന്ന ആൾ അതേ എന്ന അർത്ഥത്തിൽ തലയാട്ടുന്നു.

ശാന്ത: (എഴുന്നേറ്റു ചെന്നു കത്തു വാങ്ങി മേൽവിലാസം നോക്കിക്കൊണ്ടു പറയുന്നു.) കൊടുത്തോളാം.

വന്ന ആൾ: മറുപടി ഇപ്പത്തന്നെ വാങ്ങിക്കൊണ്ടു ചെല്ലാൻ പറഞ്ഞിരിക്കുന്നു.

ശാന്ത: എന്നാലവിടെ നില്ല് (അകത്തേക്കു പോകുന്നു.)

ഭാരതി വീണ്ടും മാഗസിൻ വായിക്കാൻ തുടങ്ങുന്നു. അല്പം കഴിഞ്ഞു നിവർത്തിപ്പിടിച്ച കത്തുമായി രാഘവനും പിറകിൽ ശാന്തയും വരുന്നു. രാഘവൻ കസേരയിലിരിക്കുന്നു. എന്നിട്ടു വന്ന ആളോടു സംസാരിക്കുന്നു.

രാഘവൻ: പരമേശ്വരമേനോൻ പറഞ്ഞയച്ചതാണല്ലേ?

വന്ന ആൾ: അതേ.

രാഘവൻ: ഇങ്ങട്ടു വരൂ.

വന്ന ആൾ രംഗമധ്യത്തിലേക്കു വരുന്നു.

രാഘവൻ: എന്താ പേര്?

വന്ന ആൾ: ശങ്കുണ്ണി.

രാഘവൻ: സ്ഥിരായിട്ടു വല്ല വീട്ടിലും നിന്നു പരിചയമുണ്ടോ?

ശങ്കുണ്ണി: സ്ഥിരായിട്ട് എന്റെ വീട്ടിലെ നിന്നിട്ടുള്ളൂ. അതും കുട്ടിക്കാലത്ത്. പിന്നെ അങ്ങനെ പുറപ്പെട്ടു. ദേശസഞ്ചാരത്തിന്.

രാഘവൻ: ഇതുവരെ സഞ്ചരിക്ക്യായിരുന്നോ, ഒരു സ്ഥലത്തും സ്ഥിരായിട്ടു നില്ക്കാതെ?

ശങ്കുണ്ണി: നിന്നതൊക്കെ ഹോട്ടലിലാണ്. രസികനായിട്ടു ഭക്ഷണം പാകം ചെയ്യും.

രാഘവൻ: ചെയ്തോളൂ, വിരോധല്ല്യ. പക്ഷേ, തന്നെക്കൊണ്ട് അതല്ലിവിടെ ആവശ്യം. ആട്ടെ അടുത്ത വല്ല സ്ഥലത്തും ഹോട്ടലിൽ നിന്നിട്ടുണ്ടോ?

ശങ്കുണ്ണി: അടുത്തെന്നു പറയാൻ (ആലോചിക്കുന്നു) അവസാനം നിന്നത് ബോംബേലൊരു ഹോട്ടലിലാ.

രാഘവൻ: (പരിഹാസപൂർവം) ഓ! അതു വളരെ അടുത്താണ്.

ശങ്കുണ്ണി: കൂടാതെ ബോബേല് ഉദ്യോഗസ്ഥന്മാരു താമസിക്കുന്ന സ്ഥലത്തും നിന്നിട്ടുണ്ട്. അതൊരു വീടെന്നു പറഞ്ഞുകൂടാ.

രാഘവൻ: പിന്നെ.

ശങ്കുണ്ണി: അവിടെ സ്ത്രീകളും കുട്ട്യോളും ഒന്നും ഇല്ല; ഒക്കെ പുരുഷന്മാരാ. അതും ആകാശത്തിലാ താമസം. അഞ്ചാമത്തെ തട്ടില്. ഒന്നിനും ഒരു വ്യവസ്ഥയും ഉണ്ടാവില്ല; ചിലരു പാതിരയ്ക്ക വരും; മറ്റുചിലര് പുലർച്ചെ വരും; വേറെ ചിലരു സഞ്ചിയും തൂക്കി പോയാൽ നാലു ദിവസത്തേക്കു വരില്ല...

രാഘവൻ: മതി, മതി. ബോംബായിലെ കാര്യം ഇവിടെ വിസ്തരിച്ചു കേൾക്കണന്നില്ല.

ശങ്കുണ്ണി: പിന്നെ നാലഞ്ചു ഭാഷ വെള്ളംപോലെ പറയാനറിയാം: ഹിന്ദുസ്ഥാനി, തെലുങ്ക്; തമിഴ്, കർണാടകം...

രാഘവൻ: അതുകൊണ്ടും ഇവിടെ വലിയ പ്രയോജനമില്ല; ഏതു ഭാഷയായാലും താൻപറയുന്നതു ഞങ്ങൾക്കു മനസ്സിലാവണം. അതേ വേണ്ടൂ. അതുപോലെ ഞങ്ങൾ പറയുന്നത് താനും മനസ്സിലാക്കണം; അനുസരിക്കണം.

ശങ്കുണ്ണി സമ്മതിച്ചു തലകുലുക്കുന്നു.

രാഘവൻ: കക്കരുത്, കളവു പറയരുത്.

ശങ്കുണ്ണി: ഭസ്മം തൊടണം; ഈശ്വരനാമം ജപിക്കണം.

രാഘവൻ: അതു തനിക്കിഷ്ടാണെങ്കിൽ മതി; നിർബന്ധമില്ല.

ശങ്കുണ്ണി: എനിക്കതു നിർബന്ധാണ്.

രാഘവൻ: ആയ്ക്കോളൂ. പക്ഷേ, ഭസ്മക്കുറി വരച്ചു കക്കാൻ തുടങ്ങുന്നതു് ഇരട്ടിപ്പാപമാണ്. അതു മനസ്സിലിരിക്കട്ടെ, ആ പിന്നെ, വ്യവസ്ഥകളൊക്കെ, പരമേശ്വരമേനോൻ പറഞ്ഞിട്ടില്ലേ?

ശങ്കുണ്ണി: ഉണ്ട്.

രാഘവൻ: എല്ലാം സമ്മതമമല്ലേ?

ശങ്കുണ്ണി: അതേ.

രാഘവൻ: ഇനി തന്റെ ജോലി എന്തെന്നു പറയാം. ഇവിടെ വയസ്സായിട്ടൊരാളുണ്ട് അദ്ദേഹത്തെ ശ്രുശ്രൂഷിക്കലാണ്.

ശങ്കുണ്ണി: (നിസ്സാരഭാവത്തിൽ) ഒ അതു സാരോല്ല്യ.

രാഘവൻ: സാരോണ്ട്. ഇല്ലെങ്കിലിങ്ങനെ വിസ്തരിച്ചു പറയില്ലല്ലോ. അദ്ദേഹത്തിനു ബുദ്ധിക്കു നല്ല സ്ഥിരോല്ല്യ.

ശങ്കുണ്ണി: (അല്പമൊരമ്പരപ്പോടെ) ഏ?

രാഘവൻ: അദ്ദേഹത്തിന്റെ ആവശ്യങ്ങളൊക്കെ അറിഞ്ഞു പ്രവർത്തിക്കണം. ഒരു ബുദ്ധിമുട്ടും വരാതെ നോക്കണം.

ശങ്കുണ്ണി: നോക്കാം. (അല്പം ഒരു ചിരിയോടെ) അഞ്ചാറുകൊല്ലം ഞാനൊരു ഭ്രാന്തശാലേലുണ്ടായിരുന്നു...

രാഘവൻ: (അമ്പരപ്പോടെ) ഭ്രാന്തശാലേലോ?

ശങ്കുണ്ണി: അവിടുത്തെ മെസ്സിൽ.

രാഘവൻ: (ആശ്വാസത്തോടെ) അതു ശരി. എപ്പോഴാ ജോലിയിൽ പ്രവേശിക്കുന്നത്?

ശങ്കുണ്ണി: ഇപ്പത്തന്നെ.

രാഘവൻ: (എഴുന്നേറ്റ്) എന്നാൽ വരൂ, നമുക്കുദ്ദേഹത്തിന്റെ മുറിയിലേക്കു പോകാം. (നടക്കുന്നു.)

ശങ്കുണ്ണി തിരിഞ്ഞു പിറകിലോട്ടോടുന്നു. വേഗത്തിൽ ഒരു തുരുമ്പു പിടിച്ച പെട്ടിയുമായി തിരിച്ചുവരുന്നു. പെട്ടിയുടെ അടപ്പിന്റെ പുറത്തു വലിയ അക്ഷരത്തിൽ ചോക്കുകൊണ്ടു 'ശങ്കുണ്ണി' എന്നെഴുതീട്ടുണ്ട്. അതു പ്രേക്ഷകർക്കു കാണത്തക്കവിധം തൂക്കിപ്പിടിച്ചുകൊണ്ടാണ് വരവ്.

രാഘവൻ: (തെല്ലിട നടന്നു ശങ്കുണ്ണിയെ കാത്തു തിരിഞ്ഞുനില്ക്കുന്നു. ശങ്കുണ്ണി അടുത്തെത്തിയപ്പോൾ പറയുന്നു.) അദ്ദേഹത്തെ സ്നേഹിച്ചു ശ്രുശ്രൂഷിക്കണം, കേട്ടോ.

ശങ്കുണ്ണി: ഓ!

രാഘവൻ: പിന്നെ, സൂക്ഷിക്കേണ്ടൊരു കാര്യമുണ്ട്. ചിരിച്ചു കളിച്ചു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നദ്ദേഹത്തിന്റെ ഭാവം മാറും. തുടർന്ന് ആരെയായാലും തല്ലിക്കളയും.

ശങ്കുണ്ണി: (ഞെട്ടി ഒരു കാൽ പുറകോട്ടുവെച്ച്) തല്ലിക്കളയും?

രാഘവൻ: എന്താ, ശങ്കുണ്ണിക്കു പേടിയുണ്ടോ?

ശങ്കുണ്ണി: ഇല്ല... (പരുങ്ങി) ഇല്ല, പേടിയില്ല.

രാഘവൻ: നയത്തിൽ പെരുമാറിയാൽ കുഴപ്പമൊന്നുമില്ല:

ശങ്കുണ്ണി: (പരിഭ്രമം തീരെ വിട്ടുമാറാത്ത മട്ടിൽ മറ്റെന്തോ ആലോചിച്ചുകൊണ്ട്) ഇല്ല... ഇല്ല...

രാഘവൻ: (അകത്തേക്കു കടക്കാനാരംഭിച്ചു തിരിഞ്ഞുനിന്നു.) മോളേ, ശാന്തേ, ഇനി മുത്തച്ഛന്റെ കാര്യത്തിൽ അദ്ദേഹത്തെ പൂട്ടേണ്ടിവരില്ല... അടച്ചുപൂട്ടാതിരിക്കുമ്പോൾ ക്രമേണ മാനസികഘടനയിൽ എന്തെങ്കിലും നല്ല മാറ്റം വന്നേക്കും. (അകത്തേക്കു പോകുന്നു; പിന്നാലെ ശങ്കുണ്ണിയും.)

ശാന്ത: അച്ഛനെന്തൊരു ധൃതിയാണെന്നോ മുത്തച്ഛന്റെ രോഗം മാറിക്കിട്ടാൻ. എന്നിട്ടു വേണത്രേ മുത്തച്ഛൻ ആശിച്ചപോലൊരു കുടുംബജീവിതം ഇവിടെ കാണിച്ചുകൊടുക്കാൻ.

ഭാരതി: (നെടുവീർപ്പ്.) മുത്തച്ഛനെപ്പോലെ അച്ഛനും സ്വപ്നം കാണുന്നു.

ശാന്ത: അങ്ങനെ പറഞ്ഞാൽ ഞാൻ സമ്മതിക്കില്ല.

ഭാരതി: ഒരു കുടുംബത്തിൽ ഒരാൾ അല്പം താളംതെറ്റി ചവുട്ടിയാൽമതി, സംവിധാനമാകെ തകരും. നീയെന്തേ, അല്പം നേർത്തേ പറഞ്ഞത്?

ശാന്ത: എന്തേ പറഞ്ഞത്.

ഭാരതി: അച്ഛനോടൊരു വീടു വെപ്പിച്ചുതരാൻ ആവശ്യപ്പെടുമെന്നു പറഞ്ഞില്ലേ?

ശാന്ത: പറഞ്ഞു.

ഭാരതി: എന്തിന്?

ശാന്ത: അഭിപ്രായവ്യത്യാസമുണ്ടാവുമ്പോൾ പ്രത്യേകം പ്രത്യകം താമസിക്കുക.

ഭാരതി: ഈ ആശയമാണ് കുഴപ്പണ്ടാക്കുന്നത്. പറഞ്ഞാൽ തീരാത്ത അഭിപ്രായവ്യത്യാസമുണ്ടോ? വിട്ടുചീഴ്ച്ചയ്ക്കൊരുങ്ങിയാൽ തീരാത്ത കുഴപ്പങ്ങളുണ്ടോ? പക്ഷേ, അതാരും ആലോചിക്കില്ല. ആദ്യത്തെ ആലോചന പിരിഞ്ഞു പോവാനാണ്.

ശാന്ത: മിനിയെ കോൺവെന്റിലയച്ചു ഭാരതിയേടത്തി ഒരു ദിവസം എത്ര കണ്ണീരൊഴുക്കുന്നുണ്ട്! ഒരുമിച്ചു താമസിക്കുന്നതിലുള്ള കുഴപ്പമല്ലേ ഇത്?

ഭാരതി: ദയവുചെയ്ത് എന്റെ കാര്യത്തിൽ നീ വിഷമിക്കരുത്. ഈ കുടുംബത്തിന്റെ ഐക്യത്തിനുവേണ്ടി ഇതിലധികം സഹിക്കാൻ ഞാൻ തയ്യാറാണ്. നമുക്കുവേണ്ടി എന്തു സഹിക്കാനും എന്തു ചെയ്യാനും ഒരുക്കമുള്ള അച്ഛനാണ്. എന്തിനേ മിനിയുടെ അച്ഛനോടു ജോലി രാജിവെക്കാൻ പറഞ്ഞത്? എന്തിനേ നമുക്കോരോരുത്തർക്കും വെവ്വേറെ കാറു വാങ്ങിത്തന്നത്? ഇതെല്ലാം തന്ന അച്ഛൻ നമുക്കോരോ വീടുവെപ്പിച്ചുതരാൻ വിഷമമുണ്ടോ? ഇല്ല. നമ്മളൊന്നിച്ചു നില്ക്കണമെന്നാണച്ഛന്റെ മോഹം. ഒരസംതൃപ്തിയും ഈ വീട്ടിലുണ്ടാവരുതെന്ന് അച്ഛൻ നിർബന്ധമുണ്ട്.

ശാന്ത: എന്നിട്ടും ഇവിടെ അസംതൃപ്തി തലപൊക്കുന്നുണ്ടല്ലോ?

ഭാരതി: സാരമില്ല. ഒരു സമ്പ്രദായം നിലനിർത്താനും നശിപ്പിക്കാനും കുറെയൊക്കെ വേദന സഹിക്കേണ്ടിവരും. ഈ വീട്ടിൽ മറ്റൊരു വഴിക്കും വേദന കടന്നുവരില്ല. ഞാൻ സഹിച്ചോളാം.

> ഭാരതി ഒടുവിൽ പറഞ്ഞ വാക്കു കേട്ടുകൊണ്ടു വിശ്വനാഥൻ കടന്നുവരുന്നു. (കാണാതെ, ഇത്രയും പറഞ്ഞൊപ്പിക്കുന്നു.) നല്ലതിനു വേണ്ടി അനുഭവിക്കുന്ന വേദന ഒരർത്ഥത്തിൽ സുഖമുള്ളതാണ്.

വിശ്വനാഥൻ: ഓ! വേദാന്തമാണല്ലോ ഭാരതിയമ്മ പറയുന്നത്.

ശാന്ത: എട്ടത്തിയെക്കൊണ്ടു വേദാന്തം പറയിക്കുന്നതു നിങ്ങളാണ്.

വിശ്വനാഥൻ: മറിച്ചുപറഞ്ഞാൽ എന്നെ സന്ന്യാസിയാക്കുന്നതു നിന്റെ ഏട്ടത്തിയാണെന്ന്.

ഭാരതി: ഇക്കാര്യത്തിൽ നിങ്ങൾ തമ്മിൽ ഒരു വാദപ്രതിവാദം നടത്തണമെന്നില്ല; വാദപ്രതിവാദം ആരേയും എവിടേയും എത്തിക്കില്ല.

വിശ്വനാഥൻ: പ്രചരമാണോ?

ഭാരതി: അല്ല, മഹദ്‌വാക്യം.

വിശ്വനാഥൻ: കേൾക്കാൻ രസമുണ്ട്. (അകത്തേക്കു പോകാൻ തുടങ്ങുന്നു.)

ശാന്ത: ഏട്ടനു തിരക്കില്ലെങ്കിൽ കുറച്ചിരിക്കു.

വിശ്വനാഥൻ: ഒരു തിരക്കുമില്ല. ജോലിയില്ലാതെ ഉണ്ടും ഉറങ്ങിയും കഴിയുന്നവർക്കുണ്ടോ തിരക്ക്? എന്താ വേണ്ടതു്?

ശാന്ത: അവിടെ ഇരിക്കു; എനിക്കല്പം പറയാനുണ്ട്.

ഭാരതി: (ശാസനയുടെ സ്വരത്തിൽ) ശാന്തേ!

ശാന്ത: ഏട്ടത്തി അവിടെ മിണ്ടാതിരിക്കു... മിനിയെ എന്തിനാ ഹോസ്റ്റലിൽ പാർപ്പിക്കുന്നതു്?

വിശ്വനാഥൻ: പഠിപ്പിക്കാൻ.

ശാന്ത: ദിവസവും ഇവിടെനിന്നു് അയച്ചാൽ പോരേ?

വിശ്വനാഥൻ: പോരെന്നു തോന്നീട്ടാണ് പറഞ്ഞയച്ചതു്.

ശാന്ത: അവളെ പിരിഞ്ഞിരിക്കുന്നതിൽ ഇവിടെ എല്ലാവർക്കും വേദനയുണ്ട്. അവളും വേദനിക്കുന്നുണ്ടാവില്ലേ?

വിശ്വനാഥൻ: അതു രണ്ടുനാലു ദിവസത്തേക്കുമാത്രം. പിന്നെ എല്ലാം മറക്കും.

വിശ്വനാഥൻ: അങ്ങനെ നിർബന്ധിച്ചു് മറപ്പിക്കണോ?

വിശ്വനാഥൻ: ഈ വേദനയും സ്നേഹവുമെല്ലാം എന്തുകൊണ്ടു് തോന്നുന്നതാണ്? കൂടിച്ചേർന്നു പാർക്കുന്നതുകൊണ്ടു്. പ്രാകൃതമാണ് സമ്പ്രദായം.

ശാന്ത: പ്രാകൃതമോ?

വിശ്വനാഥൻ: അതേ, വിവാഹം കഴിഞ്ഞ ഉടനെ ശാന്ത ഉണ്ണികൃഷ്ണന്റെ ഒരുമിച്ചു പോയെങ്കിൽ മിനിയെച്ചൊല്ലി ശാന്തയിന്നു വേദനിക്കുമായിരുന്നോ? വെറുതെ കൃത്രിമമായ ബന്ധം സൃഷ്ടിച്ചു് അതിന്റെ പേരിൽ വഴക്കും കണ്ണീരൊഴുക്കലും!

ശാന്ത: ഒന്നു ചോദിക്കട്ടെ; കുടുംബത്തിൽനിന്നു് പിരിഞ്ഞുപോകാൻ തോന്നുന്നതു സ്വാർഥവിചാരം കൊണ്ടല്ലേ?

വിശ്വനാഥൻ: ഭക്ഷണം കഴിക്കുന്നതു സ്വാർഥം കൊണ്ടാണോ? വസ്ത്രം ധരിക്കുന്നതു സ്വാർഥം കൊണ്ടാണോ?

ശാന്ത: അതുപോലെ ഒരാവശ്യമാണോ കുടുംബം പിരിഞ്ഞു പോകലും?

വിശ്വനാഥൻ: തീർച്ചയായും.

ശാന്ത: തെറ്റു്.

വിശ്വനാഥൻ: കുടുംബം പെരുകുമ്പോൾ സൗകര്യത്തിനുവേണ്ടി സുഖത്തിനുവേണ്ടി വേർപിരിയണം.

ശാന്ത: അതാണ് പ്രകൃതം. വിവേകത്തിലും പഠിപ്പിലും പുരോഗതിനേടിയ ഈ കാലഘട്ടത്തിനു പറ്റിയ വേറൊരു മാർഗമുണ്ടു്. കുടുംബം പെരുകുമ്പോൾ കുടു

തൽ കൃഷിസ്ഥലം സമ്പാദിക്കുക. കൂട്ടായി പ്രയത്നിക്കുക. സ്ഥലസാകര്യത്തിനുവേണ്ടി കെട്ടിടം വലുതാക്കുക-അങ്ങനെ പെരുകിനില്ക്കുന്ന വലിയൊരു കുടുംബമല്ലേ രാഷ്ട്രം?

വിശ്വനാഥൻ: ഇരുന്നു സ്വപ്നം കാണുന്നവർ അങ്ങനെയൊക്കെ പറയും.

ശാന്ത: ഞാനങ്ങനെ വിശ്വസിക്കുന്നില്ല. ഉള്ള സൗകര്യം പോരെന്നു തോന്നുമ്പോൾ അതു വർദ്ധിപ്പിക്കാൻ ശ്രമിക്കാതെ പിരിഞ്ഞുപോകാൻ ശ്രമിക്കുന്നതു് തീർച്ചയായും സ്വാർഥമാണ്.

ഭാരതി: പ്രാകൃതവുമാണ്.

വിശ്വനാഥൻ ഭാരതിയെ രൂക്ഷമായി നോക്കുന്നു.

ശാന്ത: അതു കടന്നു ഞാൻ പറയുന്നില്ല സുഖത്തെച്ചൊല്ലിയുള്ള സ്വാർഥവിചാരമാണ് കൂട്ടുകുടുംബങ്ങളെ തമ്മിൽ തല്ലിക്കുന്നതു്... ഞാൻ ചോദിക്കട്ടെ, അകത്തു തൊട്ടിലിൽ കിടന്നുറങ്ങുന്ന കുഞ്ഞുമോൻ വലുതായി ഏട്ടനോടു് ഭാഗം ചോദിച്ചാലോ?

വിശ്വനാഥൻ: ചോദിക്കാനിടവെക്കില്ല. വല്ലതുമുണ്ടെങ്കിൽ നേരത്തെ കൊടുത്തു പറഞ്ഞയച്ചുകളയും.

ഭാരതി: കിളികളും അങ്ങനെയാണ്. പറക്കാൻ പഠിച്ചാൽ പിന്നെ കുട്ടികളെ കൂട്ടിൽ നിർത്തില്ല. കൊത്തി പറപ്പിച്ചുകളയും.

വിശ്വനാഥൻ: (എഴുന്നേറ്റ രസിക്കാത്ത മട്ടിൽ) ഈ കിളി ആരേയും കൊത്തിപ്പറപ്പിക്കാൻ വിചാരിച്ചിട്ടില്ല. സ്വയം പറന്നു പോയ്ക്കളയാം...

ഭാരതി: ഇതാണ് സ്വഭാവം; എന്തെങ്കിലും പറഞ്ഞാൽ ശ്രുണ്ടിയെടുക്കും.

വിശ്വനാഥൻ: എനിക്കു ശ്രുണ്ടിയില്ല.

ശാന്ത: (സപരിഹാസം) ശരിയാ ഏട്ടൻ പറഞ്ഞതു്. മുഖം കണ്ടാൽ പരമസന്തോഷാണെന്നു തോന്നും.

ഭാരതി: (അകത്തേക്കു പോകാൻ തുടങ്ങുന്ന വിശ്വനാഥനെ നോക്കി) ഈ കുടുംബത്തിന്റെ കാര്യവും കുറച്ചു കണക്കിലെടുക്കണ്ടേ?

വിശ്വനാഥൻ: (തിരിച്ചുവന്ന്) എന്താണ് കണക്കിലെടുക്കേണ്ടതു്?

ശാന്ത: ഞാൻ പറയാം.

വിശ്വനാഥൻ: വേണം, അവൾതന്നെ പറയട്ടെ.

ശാന്ത: നിങ്ങൾ തമ്മിലാവുമ്പോൾ വഴക്കാവും. ഞാൻ പറയാം. ഉള്ള വിഭവങ്ങൾ പങ്കിട്ടനുഭവിക്കാനും പോരാതെ വരുമ്പോൾ വർധിപ്പിക്കാനും പരിശ്രമിക്കേണ്ടതു നമ്മുടെ കടമയല്ലേ?

വിശ്വനാഥൻ: നീ പറയുന്നതു രാജ്യകാര്യമാണ്.

ശാന്ത: വീട്ടിൽ നടപ്പാക്കാത്ത കാര്യം നാട്ടിലും നടപ്പാക്കാൻ കഴിയില്ല. ഭിന്നിച്ചുനില്ക്കൽ കുടുംബത്തിലാവുമ്പോൾ അതു തകരുന്നു. രാഷ്ട്രീയത്തിലാവുമ്പോൾ നാടു കൊതിപ്പിളർക്കുന്നു.

വിശ്വനാഥൻ: ഈ വാദംകൊണ്ടൊന്നും എന്റെ അഭിപ്രായം മാറ്റാൻ കഴിയില്ല. ഒരു പഞ്ഞിനൂലിന്റെ ഉറപ്പില്ല നമ്മുടെ ഈ ബന്ധങ്ങൾക്കൊന്നും. ജോലി രാജിവെച്ചില്ലെങ്കിൽ ഇതു കേൾക്കാൻ ഞാനിവിടെ നില്ക്കില്ലായിരുന്നു. ആലോചിക്കാതെ ഞാനതു ചെയ്തതുകൊണ്ട്, നിങ്ങൾക്കെന്നെ അസ്വാതന്ത്ര്യത്തിന്റെ കൂറ്റിയിൽ പിടിച്ചുകെട്ടാൻ കഴിഞ്ഞു.

ഭാരതി: (തേങ്ങിക്കൊണ്ട്) ഓ! മഹാപാപം പറയരുത്. അച്ഛൻ എത്രമാത്രം സ്നേഹിച്ചാണതു പറഞ്ഞത്. മറ്റുള്ളവരുടെ അടിമയാവാൻ പോകേണ്ടെന്നു കരുതിയല്ലേ രാജിവെക്കാൻ പറഞ്ഞത്?

വിശ്വനാഥൻ: അടിമത്തം ആരുടെ വകയായാലും സഹിക്കാൻ വിഷമമാണ്. മറ്റേതു നിയമത്തിന്റെ അടിമത്തമായിരുന്നു. ഇപ്പോൾ സ്നേഹത്തിന്റേതാണെന്നു പറയുന്നു. രണ്ടും കണക്കു തന്നെ.

ഭാരതി: ഈ പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കീട്ടുണ്ടോ?

വിശ്വനാഥൻ: നിങ്ങളുടെ ഈ സൗജന്യം എനിക്കു വേണ്ടെന്നുവെച്ചാൽ?

ശാന്ത: അതിനൊരു കാരണം വേണ്ടേ?

വിശ്വനാഥൻ: എനിക്കു ഹൃദ്യമല്ല, അതിലും വലിയൊരു കാരണം വേണോ (അകത്തേക്കു പോകുന്നു.)

ഭാരതി മുഖം പൊത്തിക്കരയുന്നു.

ശാന്ത: (അടുത്തുചെന്ന് ആശ്വസിപ്പിക്കുന്നു.) ഭാരതിയേടത്തി കരയണ്ടാ. ഏട്ടത്തിടെ വിഷമം എനിക്കു മനസ്സിലായി. ഞാനച്ഛനോട് ഇതെല്ലാം സൗകര്യം പോലെ പറയും.

ഭാരതി: വേണ്ട, ശാന്തേ, വേണ്ടാ. നിങ്ങളെയൊക്കെ പിരിഞ്ഞ് എനിക്കെവിടേം പോകാൻ വയ്യാ; വിശേഷിച്ച് അച്ഛനെ.

ശാന്ത: അങ്ങനെ പറഞ്ഞാൽ പറ്റില്ല; ഈ കഴപ്പം ഇനിയും വർധിച്ചാൽ...

ഭാരതി: ഇതു വർധിക്കില്ല; ശ്രുണ്ടി വരുമ്പോൾ അങ്ങനെ കുറച്ചു പറയും.

ശാന്ത: പറഞ്ഞു പറഞ്ഞാണ് പ്രസ്ഥാനങ്ങൾ രൂപംകാള്ളുന്നത്

ഭാരതി: ആ നിലയിലേക്കിതെത്തുമ്പോൾ (കരച്ചിൽ അധികമാവുന്നു.) ഞാനെന്റെ ജീവനപേക്ഷിച്ചുകളയും. ഞാൻ മരിക്കുന്നതോടെ ഈ ആശയവും മരിക്കും.

ശാന്ത: എടത്തീ!

ഭാരതി: എന്റെ കുട്ടികളെ നീ നോക്കിയാൽ മതി.

ശാന്ത: (കണ്ണു തുടയ്ക്കുന്നു. കണ്ണുമിടറിക്കൊണ്ടു പറയുന്നു.) ഇല്ലേടത്തീ. എല്ലാം തുറന്നു പറഞ്ഞാൽ അച്ഛനു മനസ്സിലാവും.

ഭാരതി: എനിക്കുവേണ്ടി നീ അച്ഛന്റെ ശാപം വാങ്ങിവെക്കരുത്.

ശാന്ത: അച്ഛനൊരിക്കലും ശപിക്കില്ല. അച്ഛന ശ്രുണ്ടി വരും. അച്ഛന വേദനിക്കും എന്ത വിചാരിച്ച് ഇത പറയാതെ മൂടിവെക്കുന്നത ശരിയല്ല. ഞാൻ പറയും.

അകത്തുനിന്ന് ഉച്ചത്തിലൊരു കഥകളിപ്പദം കേൾക്കുന്നു. കഥകളി ഭാഗവതരെപ്പോലെ മുണ്ടും മേൽമുണ്ടും ധരിച്ച്, ചേങ്ങലയുണ്ടെന്ന സങ്കല്പിച്ച താളം പിടിച്ച്, പദം മൂളിക്കൊണ്ട മുത്തച്ഛൻ അകത്തുനിന്ന വരുന്നു. പദം പാടിക്കഴിഞ്ഞു തന്നത്താൻ പറയുന്നു.

മുത്തച്ഛൻ: ഹിഡിംബനെ ഭീമൻ കൊന്നു. ഹിഡിംബി ഭീമനെ കല്യാണം കഴിച്ചു. നോക്കണേ, അതെന്തൊരു പെണ്ണ്! ആങ്ങളയെ ഇടിച്ചിടിച്ച് കൊന്നോനെ കേറിയങ്ങു കല്യാണം കഴിച്ചു.

ശങ്കുണ്ണി വാതിലിനടുത്ത വന്ന ശങ്കിച്ചു നില്ക്കുന്നു. ഭാരതിയും ശാന്തയും അകത്തേക്കു പോകുന്നു.

മുത്തച്ഛൻ: (തുടർന്നു പറയുന്നു) ഹിഡിംബി ഭീമനെ കല്യാണം കഴിച്ചപോലെ എന്റെ മകൾ ഒരു ദുഷ്ടനെ കല്യണം കഴിച്ചു. അവൻ കേറി എന്നെയങ്ങു കൊന്നു. സത്യമായിട്ട് ഇടിച്ചിടിച്ചുകൊന്നു. (മരണം അഭിനയിച്ച് വീഴാൻ തുടങ്ങുന്നു. പതുക്കെ പിൻതിരിഞ്ഞു നോക്കുമ്പോൾ കസേരയില്ല. കസേരയുടെ അടുത്ത ചെന്നുനിന്ന പറയുന്നു.) സത്യമായിട്ടും ഇടിച്ചിടിച്ച് എന്നെ കൊന്നു. (വീഴുന്നു. ചലനമില്ലാതെ ഇരിക്കുന്നു.)

ശങ്കുണ്ണി: (ശങ്കുണ്ണി ശങ്കിച്ചു ശങ്കിച്ച് മുൻപോട്ടു വരുന്നു. പിടിക്കാൻ തുടങ്ങിയാൽ ഓടി രക്ഷപ്പെടാൻ സൗകര്യമുള്ള ദൂരത്തു നില്ക്കുന്നു. വിളിക്കുന്നു.) പിന്നേയ്... പിന്നേയ്... കുളിക്കണ്ടേ? കുളിക്കണ്ടേന്ന്?

മുത്തച്ഛൻ: (കണ്ണുതുറന്ന്) ഏ?

ശങ്കുണ്ണി: കുളിക്കണ്ടേ?

മുത്തച്ഛൻ: (തിരിഞ്ഞുനോക്കാതെ) നീയാരാ?

ശങ്കുണ്ണി: ഞാൻ-ശങ്കുണ്ണി. (ആ പേർ പതുക്കെ ഉച്ചരിക്കുന്നു.) ശങ്കുണ്ണി, ശങ്കുണ്ണി...

എഴുന്നേല്ക്കുന്നു. ശങ്കുണ്ണി കുറച്ച് പിറകോട്ടു മാറിനില്ക്കുന്നു. മുത്തച്ഛൻ പാടുന്നു.

അഞ്ചൽക്കാരൻ ശങ്കുണ്ണി
ഓട്ടക്കാരൻ ശങ്കുണ്ണി
അകവും പുറവും ശങ്കുണ്ണി
മേല്പം കീഴും ശങ്കുണ്ണി
അഞ്ചൽക്കാരൻ ശങ്കുണ്ണി
ശങ്കുണ്ണി, ശങ്കുണ്ണി, ശങ്കുണ്ണി...

മുൻപോട്ടടുക്കുന്നു. ശങ്കുണ്ണി പിറകോട്ടു നീങ്ങുന്നു.

മുത്തച്ഛൻ: വാ, ഇവിടെ വാ.

ശങ്കുണ്ണി: ഇവിടെ നിന്നാപ്പോരേ?

മുത്തച്ഛൻ: മതിയോ?

ശങ്കുണ്ണി: മതി...

മുത്തച്ഛൻ: (മുഖത്തു ഗൗരവം സ്മരിക്കുന്നു. ശങ്കുണ്ണിയെ സൂക്ഷിച്ചു നോക്കുന്നു. അൽപം കഴിഞ്ഞു പൊട്ടിച്ചിരിക്കുന്നു. ചിരി കഴിഞ്ഞു മുഖത്തു ശാന്തഭാവം പ്രദർശിപ്പിച്ചുകൊണ്ട് രംഗത്തങ്ങട്ടുമിങ്ങട്ടും നടക്കുന്നു. പഴയ കാലത്തെ രാജാപ്പാർട്ടിന്റെ നടത്തം. രംഗത്തിന്റെ നടുവിൽനിന്നു ഗൗരവത്തോടെ സദസ്യരെ നോക്കി ഉച്ചത്തിൽ ചോദിക്കുന്നു.) ആരവിടെ? (ശങ്കുണ്ണി എന്തു ചെയ്യണമെന്നറിയാതെ പരുങ്ങുന്നു. വീണ്ടും ഉഗ്രസ്വരത്തിൽ) ആരവിടെ? (ശങ്കുണ്ണി കൂടുതൽ പരുങ്ങുന്നു.അല്പം കോപം സ്മരിക്കുന്ന സ്വരത്തിൽ) തവണക്കാരൻ!

ശാന്ത: (അകത്തുനിന്ന്) അടിയൻ (ഓടിക്കൊണ്ടുവന്ന് മുത്തച്ഛന്റെ മുൻപിൽ തലകുനിച്ചു പതുക്കെ പറയുന്നു) മഹാരാജാവു ജയിച്ചാലും! ജയിച്ചാലും!

മുത്തച്ഛൻ ഒന്നും മിണ്ടാതെ, ഗൗരവം വിടാതെ, ശാന്തയെ ശ്രദ്ധിക്കാതെ നില്ക്കുന്നു.

ശാന്ത: (പതിഞ്ഞ സ്വരത്തിൽ ശങ്കുണ്ണിയോട്) നോക്കിപ്പഠിച്ചോളൂ.

ശങ്കുണ്ണി തല കുലുക്കുന്നു.

മുത്തച്ഛൻ: (ശാന്തയെ ശ്രദ്ധിക്കാതെ സദസ്സിനെ നോക്കിക്കൊണ്ട്) നമ്മുടെ ഉത്തരവു നാടു മുഴുവൻ കൊട്ടിയറിയിച്ചോ?

ശാന്ത: (വിനീതസ്വരത്തിൽ) ഉവ്വ്, തിരുമേനീ.

മുത്തച്ഛൻ: (ശാന്തഗംഭീരസ്വരത്തിൽ) ആരും ജന്തു ഹിംസ ചെയ്യാൻ പാടില്ല.

ശാന്ത: (പതിഞ്ഞ സ്വരത്തിൽ) പാടില്ല.

മുത്തച്ഛൻ: ജീവിതം വേദന നിറഞ്ഞതാണ്.

ശാന്ത: ആണ്.

മുത്തച്ഛൻ: ആഗ്രഹമാണ് വേദനയെ സൃഷ്ടിക്കുന്നത്.

ശാന്ത: അതേ.

മുത്തച്ഛൻ: പുനർജന്മത്തിനു കാരണമാകുന്നതും ആഗ്രഹമാണ്. അതു നശിച്ചാൽ, വേദന നശിച്ചു പുനർജന്മത്തിൽനിന്നു മോചനം ലഭിച്ചു. അതാണ് നിർവാണം.

ശാന്ത: അതാണ് നിർവാണം.

മുത്തച്ഛൻ: ചെല്ല, ഇതുകൂടി രാജ്യം മുഴുവൻ കൊട്ടിയറിയിക്ക്. അശോക ചക്രവർത്തിയുടെ കല്പനയാണെന്ന വിളിച്ചു പറയൂ.

ശാന്ത: കല്പനപോലെ.

മുത്തച്ഛൻ: ഭഗവാൻ തഥാഗതന്റെ വിശ്വദ്ധോപദേശങ്ങൾക്കിണങ്ങും വണ്ണം നമ്മുടെ പ്രജകൾ ജീവിതം നയിക്കട്ടെ.

ശാന്ത: കല്പനപോലെ. (പോകാൻ തുടങ്ങുന്നു.)

മുത്തച്ഛൻ: (അല്പം ആലോചിച്ചുനിന്ന് അധികാരസ്വരത്തിൽ) ആരവിടെ?

ശാന്ത: അടിയൻ (തിരിച്ചുവരുന്നു.)

മുത്തച്ഛൻ: അന്തഃപുരത്തിലേക്കു വഴി കാണിക്ക്.

ശാന്ത: (തല കുനിച്ചു കൈകൾ ആദരവോടെ നീട്ടിക്കാണിച്ചുകൊണ്ട്) അശോക ചക്രവർത്തി തിരുമനസ്സുകൊണ്ട്, ഇതിലേ, ഇതിലേ...

മുൻപിൽ ശാന്തയും പിറകിൽ മുത്തച്ഛനും സാവധാനം നടക്കുന്നു. ശങ്കുണ്ണി എല്ലാം സൂക്ഷിച്ചു മനസ്സിലാക്കുന്നു.

— യവനിക —

രംഗം 3

ഉണ്ണികൃഷ്ണൻ റേഡിയോ ട്യൂൺ ചെയ്യുകയാണ്. വിവിധ കേന്ദ്രങ്ങളിലെ ശബ്ദങ്ങൾ അല്പാല്പമായി കേൾക്കുന്നു. ചില പാട്ടിന്റെ ശകലങ്ങൾ, പ്രഭാഷണത്തിന്റെ തുടക്കം-അങ്ങനെ പലതും. ഒടുവിൽ ലോലവും മനോഹരവുമായ സ്ത്രീശബ്ദം ഒരു പ്രണയഗാനം ആലപിക്കുന്നതിൽ ചെന്നുനില്ക്കുന്നു. ഗാനത്തിന്റെ ട്യൂണിനോടൊപ്പം ചൂളമടിച്ചുകൊണ്ടു തിരിച്ചുവന്നു സോഫയിൽ ഇരിക്കാൻ തുടങ്ങുമ്പോൾ വാതില്പടിയിൽ നില്ക്കുന്ന ശാന്തയെ കാണുന്നു. അവിടെ നിന്നുകൊണ്ടുതന്നെ വിളിച്ചുപറയുന്നു.

ശാന്ത: അതൊന്നു നിർത്തുന്നുണ്ടോ.

ഉണ്ണികൃഷ്ണൻ: എന്തിന്?

ശാന്ത: (മുൻപോട്ടുവന്ന് രംഗത്തിന്റെ മധ്യത്തിൽ നിന്നുകൊണ്ട്) ഈ വീട്ടിലെ അന്തരീക്ഷം ഇപ്പോളൊരു പ്രേമഗാനത്തിനു പറ്റിയതല്ല.

ഉണ്ണികൃഷ്ണൻ: ഓ! നിന്റെ കുടുംബത്തിൽ പ്രേമഗാനത്തിന്റെ ആവശ്യം കഴിഞ്ഞുപോയിരിക്കുന്നു. (പരിഹാസം കുറച്ചുകൂടിവർധിപ്പിച്ച്) അതേ, ഏട്ടത്തിയുടെ വിവാഹം കഴിഞ്ഞു; നിന്റെയും. അവിവാഹിതനായിട്ട് ഇനിയിവിടെ ഒരാളേയുള്ളൂ നിന്റെ മുത്തച്ഛൻ. അദ്ദേഹമിനി വിവാഹം കഴിക്കുമെന്നും തോന്നുന്നില്ല:

ശാന്ത: ഇതൊരു ഫലിതമായിട്ടു പറഞ്ഞതാണോ?

ഉണ്ണികൃഷ്ണൻ: അല്ല, ഒരു വിവാഹാലോചന നടത്തിയാൽ ഒട്ടും കുഴപ്പമില്ലാത്ത ഒരേ ഒരു വ്യക്തി അദ്ദേഹം മാത്രമാണ്.

ശാന്ത: നോക്കൂ, മുത്തച്ഛനെ പരിഹസിച്ചാൽ മഹാപാപമുണ്ടാവും.

ഉണ്ണികൃഷ്ണൻ: മുത്തച്ഛനെ മാത്രമല്ല, ആരെ പരിഹസിച്ചാലും മഹാപാപമുണ്ടാവും. (പെട്ടെന്നെന്തോ ഓർത്തപോലെ) ഓ! ഞാൻ ജയന്റെ കാര്യം മറന്നു. അവന്റെ വിവാഹം കഴിഞ്ഞിട്ടില്ലല്ലോ.

ശാന്ത: ജയേട്ടന്റെ ഓർമയാണിവിടെ കുഴപ്പമുണ്ടാക്കിയത്.

ഉണ്ണികൃഷ്ണൻ: ഏ? എന്താ വിശേഷം?

ശാന്ത: ഞാനിതു നിർത്തട്ടെ. (റേഡിയോവിന്നടുത്തേക്ക് പോകുന്നു.)

ഉണ്ണികൃഷ്ണൻ: നിർബന്ധമാണെങ്കിൽ നിർത്തിക്കോളൂ. (ശാന്ത റേഡിയോ നിർത്തുന്നു.) ജയേട്ടനെന്തുപറ്റി ശാന്തേ?

ശാന്ത: (അടുത്തുവന്നിരുന്ന്) ഞങ്ങളുടെ വിധി.

ഉണ്ണികൃഷ്ണൻ: പരിഭ്രമം, ഏ?

ശാന്ത: അമ്മയിന്നു ജലപാനം കഴിച്ചിട്ടില്ല.

ഉണ്ണികൃഷ്ണൻ: എന്താണ് പറ്റിയതെന്നു പറയൂ.

ശാന്ത: വിവാഹം കഴിഞ്ഞു ഭാര്യയുമായിട്ടാണ് വരുന്നത്.

ഉണ്ണികൃഷ്ണൻ: (വളരെ നിസ്സാരഭാവത്തിൽ) ഓ! ഇതാണോ ഇത്ര ശോകാത്മകമായി വിവരിച്ചത്? ഞാൻ വിചാരിച്ചു വല്ല ആക്സിഡന്റും പറ്റിയെന്ന്.

ശാന്ത: ഇത്രയും വലിയ ആക്സിഡന്റ് പറ്റാനുണ്ടോ?

ഉണ്ണികൃഷ്ണൻ: ഉവ്വോ? കൈയും കാലുമൊക്കെ പോയോ?

ശാന്ത: ഏട്ടനെ സംബന്ധിച്ച് അമ്മ പറയുന്നത് ജീവിതം പോയെന്നാ...

ഉണ്ണികൃഷ്ണൻ: അമ്മ പറയുന്നത് ശരിയാ. വിവാഹം കഴിഞ്ഞ പുരുഷന്റെ ജീവിതം അന്നോടെ ഭാര്യയുടെ കൈയിലേക്കു പോകും. ആ പാവത്തിനു പിന്നെ സ്വന്തമായൊരു താത്പര്യമോ അഭിപ്രായമോ ഉണ്ടാവില്ല. ഉദ്യോഗസ്ഥനാണെങ്കിൽ ശമ്പളം പോലുമുണ്ടാവില്ല. നയാപൈസയടക്കം കണക്കു ബോധിപ്പിക്കണം... ആട്ടെ ജയൻ വല്ല മറുനാടൻ പെണ്ണുങ്ങളേയുമാണാ വിവാഹം കഴിച്ചത്?

ശാന്ത: എന്നാൽ കുഴപ്പമില്ലല്ലോ.

ഉണ്ണികൃഷ്ണൻ: നീ പറയുന്നതു കേട്ടാൽ വിവാഹം രണ്ടു തരമുണ്ടെന്നു തോന്നും-കുഴപ്പമുള്ളതും ഇല്ലാത്തതും.

ശാന്ത: ഇനി ഒരുതരം കൂടിയുണ്ട്. കുഴപ്പമുണ്ടാക്കുന്നത്.

ഉണ്ണികൃഷ്ണൻ: അപ്പോൾ മൂന്നുതരം. ഒന്നെന്റെ വകയുമാവട്ടെ-കുഴപ്പം മാത്രമുള്ളത്.

ശാന്ത: എല്ലാം തമാശയാണ്.

ഉണ്ണികൃഷ്ണൻ: ഇല്ല അതുപേക്ഷിച്ചു. ഇനി തികച്ചും ഗൗരവം. കേൾക്കട്ടെ, ആരെയാണ് നിന്റെ ജയേട്ടൻ വിവാഹം കഴിച്ചത്?

ശാന്ത: രാജ്യമറിയില്ല, മതമറിയില്ല, ജാതിയറിയില്ല.

ഉണ്ണികൃഷ്ണൻ: പേരോ? അതും അറിയില്ലേ?

ശാന്ത: 'മുല്ലപ്പൂ' എന്നാണത്രേ വിളിക്കുന്നത്.

ഉണ്ണികൃഷ്ണൻ: ആഹാ, മനോഹരം!

ശാന്ത: വടക്കെവിടെയോ ഒരഭയാർഥിക്യാമ്പിൽവെച്ചു പെണ്ണിനെക്കണ്ടു.

ഉണ്ണികൃഷ്ണൻ: കണ്ടമാത്രയിൽ വിവാഹവും കഴിച്ചു. ഭേഷ്, നോവലിലോ നാടകത്തിലോ മാത്രം അനുഭവപ്പെടുന്ന സംഭവം. അവളും നിന്റെ ജയേട്ടനെപ്പോലെ രാജ്യം കാണാനിറങ്ങിയതാവും.

ശാന്ത: ഒന്നുമല്ല. അവളൊരഭയാർഥിപെണ്ണാണ്. ജാതിയെന്തെന്ന്. അവൾക്കു തന്നെ നിശ്ചല്ല്യ.

ഉണ്ണികൃഷ്ണൻ: വേണ്ടാ.

ശാന്ത: വേണ്ടേ?

ഉണ്ണികൃഷ്ണൻ: പെണ്ണ് അനുരൂപയാണോ? അവളോടിഷ്ടമാണോ? ഇതല്ലാതെ മറ്റെന്തെങ്കിലും നോക്കാറുണ്ടോ ഇപ്പോഴത്തെ വിവാഹത്തിന്?

ശാന്ത: നന്നായി.

ഉണ്ണികൃഷ്ണൻ: വളരെ നന്നായെന്നു പറയൂ. ജയന്റെ വധുവിനെ സംബന്ധിച്ച് ഒരു ബുദ്ധിമുട്ടും നിങ്ങളനുഭവിക്കേണ്ടി വരില്ല. മദറിൻലോ എന്ന മലേറിയ ശല്യപ്പെടുത്തില്ല. ഫാദറിൻലോ എന്ന ജലദോഷം ബാധിക്കില്ല. ബ്രദറിൻലോ എന്ന ഞരമ്പുരോഗവും ഉണ്ടാവില്ല. അമ്പലവും പള്ളിയും വേണ്ടാ. ഭസ്മവും ചന്ദനവും വേണ്ട. കുരിശ്ശും നിസ്കാരവും വേണ്ടാ. അവൾ മാത്രം ഏകബ്രഹ്മം.

ശാന്ത: പരബ്രഹ്മമെന്നു പറയൂ. ഈ നാട്ടിലും നമ്മുടെ സമുദായത്തിലും ഇതുകൊണ്ട് എന്തൊക്കെ കുഴപ്പങ്ങൾ നേരിടുമെന്നാരുകണ്ടു?

ഉണ്ണികൃഷ്ണൻ: അതിനെപ്പറ്റി നീ പരിഭ്രമിക്കേണ്ട. അത്തരം കാര്യങ്ങൾ ജനങ്ങളേറ്റെടുത്തുകൊള്ളും. കുഴപ്പമുണ്ടാക്കേണ്ട ചുമതല അവരുടേതാണ്. അതവർ ഭംഗിയായി നിർവഹിച്ചു കൊള്ളും.

ശാന്ത: (അനുനയസ്വരത്തിൽ) അതുകൊണ്ടാണ് പറയുന്നത്.

ഉണ്ണികൃഷ്ണൻ: എന്ത്?

ശാന്ത: (അല്പംകൂടി അരികിലോട്ടു നീങ്ങിയിരുന്ന്) നമുക്കു വേഗത്തിലൊരു തീരുമാനമെടുക്കണം.

ഉണ്ണികൃഷ്ണൻ: നമുക്കോ?

ശാന്ത: അതേ.

ഉണ്ണികൃഷ്ണൻ: (വിധേയത്വം ഭാവിച്ചുകൊണ്ട്.) എടുത്തോളൂ. നീയെന്തു തീരുമാനമെടുത്താലും അതംഗീകരിക്കാൻ ചുമതലപ്പെട്ടവനല്ലേ ഞാൻ? (എഴുന്നേല്ക്കുന്നു. റേഡിയോവിനടുത്തേക്കു നീങ്ങുന്നു.)

ശാന്ത: അവിടെ ഇരിക്കുന്നു; പറയട്ടെ.

ഉണ്ണികൃഷ്ണൻ: പറഞ്ഞോളൂ. (റേഡിയോ ട്യൂൺ ചെയ്യാൻ തുടങ്ങുന്നു.)

ശാന്ത: ഇവിടെ വന്നിരിക്കൂ. പറയുന്നതു മുഴുവനും ശ്രദ്ധിച്ചു കേൾക്കണം.

ഉണ്ണികൃഷ്ണൻ: ഇവിടെ നിന്നുകൊണ്ട് ഒരു സ്കൂൾകുട്ടിയെപ്പോലെ മുഴുവനും ശ്രദ്ധിക്കാം.

റേഡിയോവിൽ ഒരു വാദ്യസംഗീതത്തിന്റെ തുടക്കം. ഇനിയങ്ങോട്ടു രംഗം കഴിയുന്ന ഓരോ ഘട്ടത്തിലും രംഗത്തിനനുയോജ്യമായ സംഗീതം റേഡിയോവിൽനിന്നു കേൾക്കാം. കൂടുതൽ കേൾക്കേണ്ട സമയത്ത് ഉണ്ണികൃഷ്ണൻതന്നെ വോളിയം കൂട്ടിയാൽ മതി.)

ശാന്ത: (എഴുന്നേറ്റു ചെല്ലുന്നു.) പുഴക്കരയിലെ ആ തെങ്ങിൻതോപ്പു കണ്ടിട്ടില്ലേ?

ഉണ്ണികൃഷ്ണൻ: അതിനപ്പുറവും കണ്ടിട്ടുണ്ട്.

ശാന്ത: നമ്മുടെ തെക്കിൻതോട്ടം.

ഉണ്ണികൃഷ്ണൻ: പ്രത്യേകം സൂക്ഷിച്ചിട്ടില്ല.

ശാന്ത: ഇനി ആ വഴിക്കു പോകുമ്പോൾ സൂക്ഷിച്ചു നോക്കണം.

ഉണ്ണികൃഷ്ണൻ: (ശാന്ത മുത്തച്ഛനോടു പറയുംപോലെ) കല്പനപോലെ.

ശാന്ത: പരിഹസിക്കരുത്. ഗൗരവത്തോടെ കേൾക്കൂ.

ഉണ്ണികൃഷ്ണൻ: ഓ കേട്ടുകളയാം (റേഡിയോവിന്റെ വോളിയം കൂട്ടിക്കൊണ്ടു ശാന്തയുടെ നേർക്കു തിരിയുന്നു. റേഡിയോവിൽ വാദ്യസംഗീതം ഏതോ അമംഗളകാര്യം സൂചിപ്പിക്കുന്ന തരത്തിലാണ്. ഉണ്ണികൃഷ്ണൻ കൃത്രിമമായ ഗൗരവം അഭിനയിക്കുന്നു.) ഗൗരവം ഇത്ര പോരേ?

ശാന്ത: ഭാവിയിലേക്കുള്ള വലിയ തീരുമാനമെടുക്കുകയാണ്.

ഉണ്ണികൃഷ്ണൻ: (ഗൗരവത്തിൽ) ഉം.

ശാന്ത: ഞാൻ അച്ഛനോടു പറഞ്ഞു ആ തെങ്ങിൻതോപ്പിലൊരു കെട്ടിടം പണിയിക്കും. നമുക്കൊരു പ്ലഷർബോട്ടു വാങ്ങണം. മോട്ടോർസവാരി മടുക്കുമ്പോൾ പ്ലഷർബോട്ടിൽ നമുക്കു ചുറ്റിത്തിരിയാം. എന്താ ഏവൺ ഐഡ്യയല്ലേ?

ഉണ്ണികൃഷ്ണൻ: എ-വൺ.

ശാന്ത: നമ്മെക്കാൾ സന്തോഷം കുട്ടികൾക്കായിരിക്കും.

ഉണ്ണികൃഷ്ണൻ: (ഗൗരവം വിടാതെ) ആരുടെ കുട്ടികൾക്ക്?

ശാന്ത: (അല്പം ലജ്ജയോടെ) നമ്മുടെ, നമുക്കു ഭാവിയിൽ കുട്ടികളുണ്ടാവില്ലേ? അവരുടെ സുഖവും സൗകര്യവും കുറച്ചു നേരത്തേതന്നെ ചിന്തിക്കണം. ഇല്ലെങ്കിൽ അപകടമാണ്. ഭാരതിയേട്ടത്തി ഇരുന്നു കണ്ണീരൊഴുക്കുന്നതു കാണുന്നില്ലേ?

ഉണ്ണികൃഷ്ണൻ: കുട്ടികളുണ്ടായതുകൊണ്ടാണോ? അങ്ങനെയാണെങ്കിൽ നമുക്കു വേണ്ടാ.

ശാന്ത: വിശ്വേട്ടന് ഇവിടെ താമസിക്കുന്നതിഷ്ടമല്ല. അതുകൊണ്ടാണ് മിനിയെ കോൺവെന്റിലയച്ചത്. അച്ഛന്റെ സ്വത്തു ഭാഗിച്ചു വേറെ പാർക്കണമെന്നു വിശ്വേട്ടൻ ശാഠ്യം പിടിക്കുന്നു. ഇതെല്ലാം കണ്ടു നമ്മളെന്തിനിവിടെ നില്ക്കണം?

ഉണ്ണികൃഷ്ണൻ: (ഒന്നും പറയാതെ ചിന്താമഗ്നനായി നടക്കുകയാണ്. ഒടുവിലത്തെ വാക്കു കേട്ടപ്പോൾ അല്പമൊരസുഖത്തോടെ ശാന്തയുടെ നേർക്കു തിരിയു

ന്ന. അതുവരെയുള്ള നേരമ്പോക്കും ലാഘവവും ഉപേക്ഷിക്കുന്ന.) ശാന്ത എന്താ ചോദിച്ചത്? നമ്മളെന്തിനിവിടെ പാർക്കണമെന്നോ?

ശാന്ത: അതേ.

ഉണ്ണികൃഷ്ണൻ: മടുക്കുമ്പോളിങ്ങനെ താമസം മാറ്റാൻ തോന്നുന്നത്. പണം കൂടുതലുണ്ടായിട്ടാണ്. പുഴക്കരെ കെട്ടിടംവെച്ച നാലുദിവസം താമസിക്കുമ്പോൾ അവിടവും മടുക്കും. പിന്നെ കാശ്മീരിലോ സ്വിറ്റ്സർലൻഡിലോ പോകാൻതോന്നും.

ശാന്ത: മടുത്തിട്ടല്ല താമസം മാറ്റണമെന്ന പറയുന്നത്.

ഉണ്ണികൃഷ്ണൻ: പിന്നെ?

ശാന്ത: കുടുംബജീവിതത്തിൽ അഭിപ്രായവ്യത്യാസവും അസുഖവുമുണ്ടാവുമ്പോൾ വേർപിരിഞ്ഞു പാർക്കുകയാണ് നല്ലത്.

ഉണ്ണികൃഷ്ണൻ: നിനക്കിവിടെ വല്ല അസുഖവുമുണ്ടോ?

ശാന്ത: ഇല്ല.

ഉണ്ണികൃഷ്ണൻ: ഭാരതിയേട്ടത്തിയുടെ അസുഖം കണ്ടു ഭയപ്പെട്ടു പുറപ്പെടുന്നതാണോ? (ശാന്ത മിണ്ടുന്നില്ല.) ഭാരതിയേട്ടത്തിയുടെ അസുഖത്തിനുള്ള കാരണമന്വേഷിച്ച് അതു പരിഹരിക്കാൻ ശ്രമിക്കുന്നതല്ലേ ബുദ്ധി?

ശാന്ത: അതു പിഹരിക്കാൻ വിശ്വേട്ടൻതന്നെ വിചാരിക്കണം.

ഉണ്ണികൃഷ്ണൻ: എന്നാൽ ആ ചുമതല അദ്ദേഹത്തിനു വിട്ടുകൊടുത്തു നിനക്കു മിണ്ടാതിരുന്നുകൂടേ?

ശാന്ത: ഭാരതിയേട്ടത്തിയുടെ കാര്യം മാത്രമല്ല ഞാനുദ്ദേശിച്ചത്.

ഉണ്ണികൃഷ്ണൻ: പിന്നെ?

ശാന്ത: വിശ്വേട്ടനെപ്പോലെ ചില്ലറ ചില അസുഖവും അസ്വാതന്ത്ര്യവുമൊക്കെ അനുഭവിക്കുന്നില്ലേ?

ഉണ്ണികൃഷ്ണൻ: ഞാനോ.

ശാന്ത: അതേ.

പശ്ചാത്തലത്തിൽ അമ്പരപ്പും ഉത്കണ്ഠയും ദ്യോതിപ്പിക്കുന്ന സംഗീതം.

ഉണ്ണികൃഷ്ണൻ: എനിക്കുവേണ്ടിയാണോ നീയിതൊക്കെ ചെയ്യുന്നത്? (ശാന്ത അതേ എന്ന അർത്ഥത്തിൽ തലയാട്ടുന്നു) എന്തൊരു ഭർത്തൃസ്നേഹം! ശീലാവതിപോലും നിന്റെ മുന്നിൽ തലകുനിക്കും. (തികഞ്ഞ ഗൗരവം.) ശാന്തേ, ഭാര്യവീട്ടിൽ താമസിക്കാൻ വരുന്ന പുരുഷൻ കുറച്ചസൗകര്യവും അസ്വാതന്ത്ര്യവും അനുഭവിക്കാൻ തയ്യാറെടുത്തു പുറപ്പെടണം. സ്വന്തം സുഖത്തിനുവേണ്ടി കുടുംബച്ചിദ്രമുണ്ടാക്കാനും കൂടിച്ചേർന്നു ജീവിക്കുന്നതിലുള്ള സുഖം നശിപ്പിക്കാനും ഞാനൊരുക്കമല്ല.

ശാന്ത: നശിപ്പിക്കണമെന്ന ഞാൻ പറഞ്ഞിട്ടില്ല.

ഉണ്ണികൃഷ്ണൻ: എന്തിനു പറയണം? ഈ വീട്ടിലിരുന്നുകൊണ്ടു നിനക്കിങ്ങനെ പറയാൻ തോന്നിയില്ലേ? അതുതന്നെ ധാരാളം. നിന്റെ മുത്തച്ഛനെ നീ കാണുന്നില്ലേ? സ്വാർഥവിചാരം കൊണ്ടു മക്കളുദ്ദേഹത്തെ ഈ നിലയ്ക്കാക്കി. ഇനി നിന്റെ അച്ഛനുണ്ട്. അദ്ദേഹത്തേയും ഭ്രാന്തെടുപ്പിക്കണമെന്നാണോ നിന്റെ വിചാരം? ഇക്കാര്യത്തിൽ നിന്നെ സഹായിക്കാനെനിക്കു വയ്യ.

ശാന്ത: ഞാനതുമ്മൊന്നും ആലോചിച്ചു പറഞ്ഞതല്ല.

ഉണ്ണികൃഷ്ണൻ: പിന്നെ ആലോചിക്കാതെ പറഞ്ഞതാണോ? എന്തായാലും ശരി, നാളെ എന്റെ മക്കൾ എന്നെ വഞ്ചിക്കുന്നതു് എനിക്കിഷ്ടമല്ല. അങ്ങനെ അച്ഛൻമാരെ ഭ്രാന്തെടുപ്പിക്കുന്ന മക്കളുടെ ഒരു പ്രവാഹം ഇവിടെ സൃഷ്ടിക്കാൻ ഞാനൊരുക്കമില്ല. (കൂടുതൽ ഗൗരവം.) ഇനിയൊരു പ്രാവശ്യം നിന്റെ മുഖത്തുനിന്ന് ഇതു കേട്ടാൽ ആ നിമിഷം മുതൽ ഞാനിവിടെ ഉണ്ടാവില്ല. (തിരിഞ്ഞു നടക്കുന്നു.)

ശാന്ത: (പിറകെ ചെന്ന്) ഇതിലിത്രമാത്രം പിണങ്ങാനെന്താണ്? ഞാനൊരഭിപ്രായം ചോദിച്ചതല്ലേ?

ഉണ്ണികൃഷ്ണൻ: ഇന്നത്തെ അഭിപ്രായമാണ് നാളത്തെ പ്രസ്ഥാനം. (ഇതു പറഞ്ഞുതീരുന്നതിനു മുൻപ് അകത്തുനിന്നു ശങ്കുണ്ണിയുടെ ശബ്ദം കേൾക്കുന്നു.)

ശങ്കുണ്ണി: ചക്രവർത്തിതിരുമേനി ഇതിലേ, ഇതിലേ.

ശാന്തയും ഉണ്ണികൃഷ്ണനും ശ്രദ്ധിക്കുന്നു. ശങ്കുണ്ണി മുൻപിലും മുത്തച്ഛൻ പിറകിലുമായി അകത്തുനിന്നു കടന്നുവരുന്നു. മുട്ടോളം ഇറക്കമുള്ള ഒരു കറുത്ത കോട്ട്, തലയിൽ പഴയ ഒരു ഹാറ്റ്, കമ്പിളിരോമംകൊണ്ടുണ്ടാക്കിയ ഒരു മീശ; അതു നല്ലപോലെ മൂക്കിന്നടുത്തു ഉറപ്പിച്ചു നിർത്താൻ കഴിയാത്തതുകൊണ്ട് ആടിക്കളിക്കണം. കോട്ടിന്റെ മേലെ അരക്കെട്ടിൽ വാളിനു പകരം ഒരു വടി കെട്ടിത്തൂക്കിയിരിക്കുന്നു. ഇത്രയുമാണ് മുത്തച്ഛന്റെ വേഷം. ഉണ്ണികൃഷ്ണനും ശാന്തയും മുത്തച്ഛൻ വരുന്ന വഴിയുടെ എതിർവശത്തുടെ പുറത്തേക്കു പോകുന്നു. മുത്തച്ഛൻ രംഗമധ്യത്തിലെത്തിയപ്പോൾ ഉണ്ണികൃഷ്ണനും ശാന്തയും പോകുന്നതു കാണുന്നു. അരയിൽ നിന്നൂരിയ വാൾ അകലെ ചൂണ്ടുന്നു.

മുത്തച്ഛൻ: ആരാണത്? സലീമോ? കൂടെ? ആ പെണ്ണല്ലേ? അതേ, ആ പാരസികസൂനംതന്നെ (ഗംഭീരസ്വരത്തിൽ) തവണക്കാരൻ!

ശങ്കുണ്ണി: ഹസൂർ.

മുത്തച്ഛൻ: സലിമിനേയും ആ പെണ്ണിനേയും പിൻതുടരുക. അവർ പോയതെവിടെയെന്നു നമ്മെ അറിയിക്കുക. ശങ്കുണ്ണീ: കല്പനപോലെ. (പട്ടാളച്ചിട്ടയിൽ നടന്നുപോകുന്നു. ഒരുവശത്തു മറഞ്ഞുനിന്നു നോക്കുന്നു.)

മുത്തച്ഛൻ: (കലശലായ ശ്രുണ്ടിയോടെ, എന്നാൽ ചക്രവർത്തിയുടെ അന്തസ്സുവിടാതെ അങ്ങട്ടുമിങ്ങട്ടും നടക്കുന്നു.) അക്ബർ പാദുഷാവിന്റെ സാമ്രാജ്യത്തിൽ എല്ലാവരും അനുസരണ ശീലമുള്ളവരായിരിക്കണം. അതു നിർബന്ധം. ആ നിയമം ലംഘിക്കാൻ നമ്മുടെ മക്കൾക്കുകൂടി അവകാശമില്ല... പുത്രൻ പിതാവിന്റെ ആജ്ഞ ലംഘിക്കുകയോ? അതും നിസ്സാരമായൊരു പെണ്ണിനെച്ചൊല്ലി (സദസ്സിനെ നോക്കി ഗൗരവത്തോടെ പറയുന്നു) സലീം, പിതാവിന്റെ ആജ്ഞ ലംഘിച്ചാൽ നിനക്കു മാപ്പില്ല.

'ഘോരൻ കൃതാന്തനെന്നോർത്തുപേകേണ്ടെടോ
സാരധർമ്മിഷ്ഠകളെത്രയും കോമളൻ.'

ലക്ഷ്മിക്കുട്ടിയമ്മ: (കടന്നു വരുന്നു. അടുത്തു വന്നു പതുക്കെ വിളിക്കുന്നു.) അച്ഛാ, അച്ഛാ.

മുത്തച്ഛൻ: (ശ്രദ്ധിക്കാതെ) നാം ധർമിഷ്ഠരുടെ പേരിൽ ഹൃദയാലുവാണ്; കല്പന ലംഘിക്കുന്നവരുടെ അന്തകനും.

ലക്ഷ്മിക്കുട്ടിയമ്മ: (അനുനയസ്വരത്തിൽ) അച്ഛാ, അച്ഛനിന്നലെ നല്ല സുഖമായിരുന്നല്ലോ. പിന്നെ എന്തിനീ വൃത്തികെട്ട വേഷമൊക്കെ? (ഹാറ്റ് പതുക്കെ എടുത്തു മാറ്റുന്നു.)

മുത്തച്ഛൻ: (വാളുയർത്തി) ഛീ! ധിക്കാരം. മുഗൾചക്രവർത്തിയുടെ കിരീടം-കേവലം ഒരു സ്ത്രീ വന്നു തട്ടിപ്പറിക്കുകയോ?

ലക്ഷ്മിക്കുട്ടിയമ്മ: അച്ഛനിങ്ങട്ടു നോക്കൂ. ഇതു കേവലം ഒരു സ്ത്രീയാണോ? അച്ഛന്റെ മകളല്ലേ, ലക്ഷ്മിക്കുട്ടി?

മുത്തച്ഛൻ: (ഒരു സ്വപ്നത്തിലെന്നപോലെ) ഏ? ആര്?

ലക്ഷ്മിക്കുട്ടിയമ്മ: ഇതു നോക്കൂ, ലക്ഷ്മിക്കുട്ടി അച്ഛനും ചുരുട്ടുംകൊണ്ടു വന്നതാണ്.

മുത്തച്ഛൻ: (ചുരുട്ടിന്റെ പേരുകേട്ടു സന്തോഷിക്കുന്നു. മകളെ നോക്കുന്നു. സ്നേഹത്തോടെ ചോദിക്കുന്നു.) ചുരുട്ടുണ്ടോ?

ലക്ഷ്മിക്കുട്ടിയമ്മ: ഇതാ, ഒന്നാന്തരം ചുരുട്ട്. (മുത്തച്ഛൻ വാങ്ങുന്നു. അതുതന്നെ തിരിച്ചും മറിച്ചും നോക്കുന്നു. നോക്കുംതോറും സന്തോഷം കൂടിക്കൂടി വരുന്നു. ശങ്കുണ്ണി മറഞ്ഞുനില്ക്കുന്ന സ്ഥലത്തേക്കു ചെന്നു ശബ്ദം ചുരുക്കി വിളിക്കുന്നു.) എടാ ശങ്കുണ്ണീ! (ശങ്കുണ്ണി തല പുറത്തു കാട്ടുന്നു.) നിന്നോടു പറഞ്ഞിരുന്നില്ലേ ശങ്കുണ്ണീ, അച്ഛനെ ഇങ്ങട്ടു കൊണ്ടുവരരുതെന്ന്.

ശങ്കുണ്ണി: ഇന്നു പറഞ്ഞാലൊരിക്കൽ അനുസരിക്കുന്നില്ലമ്മേ. ഉണർന്നെഴുന്നേറ്റതു തന്നെ അക്ബർ ചക്രവർത്തിയായിട്ടാണ്. സലിം രാജകുമാരനേയും നദീരയേയും പിൻതുടർന്നാണ് ഞാനിപ്പോ വരുന്നതു്.

ലക്ഷ്മിക്കുട്ടിയമ്മ: എടാ, നിനക്കും പ്രാന്താണ്. ഒരു കാര്യം, എങ്ങനെങ്കിലും അച്ഛനെ നീ കൂട്ടിക്കൊണ്ടുപോണം. ഇനി ഇന്നിങ്ങട്ടെങ്ങും വരരുത്. പിറകിലെ തോട്ടത്തിലേക്കു പോയ്ക്കോളൂ.

ശങ്കുണ്ണി: അനുസരിക്കുന്ന് തോന്നുന്നില്ല; ഇന്നു പലതവണ എന്നെ തല്ലാൻ വന്നു.

ലക്ഷ്മിക്കുട്ടിയമ്മ: തല്ലു രണ്ടു കൊണ്ടാലും വേണ്ടില്ല ഇന്നിവിടെ ആരൊക്കെയോ വരുന്നുണ്ട്. അച്ഛനിവിടെ നിന്നാൽപറ്റില്ല. എന്തെങ്കിലും ഉപായം പറഞ്ഞു കൂട്ടിക്കോളൂ.

ശങ്കുണ്ണി മുൻപോട്ടു ചെല്ലുന്നു. ഒച്ചയനക്കുന്നു. മുത്തച്ഛൻ തിരിഞ്ഞു നോക്കുന്നു.

ശങ്കുണ്ണി: ഹസ്സൂർ.

മുത്തച്ഛൻ: (ഗൗരവം) എവിടെ സലിം? എവിടെ നദീര?

ശങ്കുണ്ണി: ഹസ്സൂർ, കൊച്ചുരാജകുമാരനും ആ പെണ്ണുംകൂടി ആരാമത്തിലെ വല്ലിക്കുടിലിലിരുന്നു സല്ലപിക്കുന്നു.

മുത്തച്ഛൻ: (ഗൗരവം) വല്ലിക്കുടിലിലോ?

ശങ്കുണ്ണി: അതേ, ഹസ്സൂർ.

മുത്തച്ഛൻ: (കൂടുതൽ ഗൗരവം) സല്ലപിക്കുകയോ? (ശങ്കുണ്ണി അതേ എന്ന അർത്ഥത്തിൽ തല കുനിക്കുന്നു.) തവണക്കാരൻ വഴികാട്ടു, ആരാമത്തിലേക്കു വഴികാട്ടു. (സ്വയം പറയുന്നു) സലിം, നീ നമ്മുടെ ശാസനയ്ക്കു വഴങ്ങുന്നില്ലെങ്കിൽ ഏതു കടുംകൈ പ്രവർത്തിക്കാനും നാം മടിക്കില്ല അക്ബർപാദുഷാ ഹൃദയശൂന്യനാണെന്നു ജനങ്ങൾ പറയുമായിരിക്കും.

ശങ്കുണ്ണി: (തല കുനിച്ചു കൈനീട്ടി ബഹുമാനപൂർവം വഴികാട്ടുന്നു) ചക്രവർത്തിതിരുമേനി ഇതിലേ... ഇതിലേ...

മുത്തച്ഛൻ: (ഒരു ചക്രവർത്തിയെപ്പോലെ പിൻതുടരുന്നു. നടക്കുമ്പോൾ ഗൗരവം വിടാതെ സംസാരിക്കുന്നു.) സലിം നിനക്കു മാപ്പില്ല.

ശങ്കുണ്ണി: ചക്രവർത്തി തിരുമേനി, ആരാമത്തിലേക്ക് ഇതിലേ... ഇതിലേ... (രണ്ടുപേരും പുറത്തേക്ക് പോകുന്നു. അകലത്തുനിന്ന് പിന്നേയും ശങ്കുണ്ണിയുടെ ശബ്ദം കേൾക്കുന്നു.) ഇതിലേ... ഇതിലേ... ഇതിലേ...

ലക്ഷ്മിക്കുട്ടിയമ്മ വല്ലായ്മയോടെ ആ പോക്കു നോക്കിനില്ക്കുന്നു. തെല്ലിട മൗനം.

ലക്ഷ്മിക്കുട്ടിയമ്മ: (ഒരു നെടുവീർപ്പോടെ തിരിഞ്ഞു രംഗത്തിന്റെ നടുവിലേക്കു വരുന്നു. സോഫാസെറ്റിലെ വിരിയും മറ്റും നേരെയാക്കുന്നു. ജോലി ചെയ്യുന്നതിനിടയിൽ തന്നത്താൻ പറയുന്നു.) എന്നോ ആരോ ചെയ്ത പാപം ഇന്നനുഭവിക്കുകയാണ്. അല്ലാതെന്തുപറയാൻ? ഈ ആപത്തുകൾക്കൊരവസാനമില്ലേ? അനുഭവിച്ചനുഭവിച്ചു തഴമ്പുകെട്ടി. എന്നിട്ടും ഈശ്വരനു മതിയായിട്ടില്ല.

രാഘവൻ: (ലക്ഷ്മിക്കുട്ടിയമ്മ സംസാരിക്കാൻ തുടങ്ങുമ്പോൾ അകത്തുനിന്നു കടന്നുവരുന്നു. ശ്രദ്ധിക്കുന്നു. പറഞ്ഞുതീർന്നപ്പോൾ പതുക്കെ വിളിക്കുന്നു.) ലക്ഷ്മിക്കുട്ടീ. (ലക്ഷ്മിക്കുട്ടിയമ്മ ഒട്ടും ഭാവഭേദം കൂടാതെ തിരിഞ്ഞുനോക്കുന്നു.) നിന്റെ കുടുംബകാര്യത്തിൽ ഈശ്വരനെ വെറുതെ വലിച്ചിഴയ്ക്കരുതു്. (മുൻപോട്ടു് വരുന്നു, സോഫയിൽ ഇരിക്കുന്നു.)

ലക്ഷ്മിക്കുട്ടിയമ്മ: പിന്നെ ഇതിനൊക്കെ ആരെ കുറ്റപ്പെടുത്തണം.

ലക്ഷ്മിക്കുട്ടിയമ്മ: ആരാണ് പിഴച്ചതെന്നു കണ്ടുപിടിച്ചു് അവരെ നന്നാക്കാൻ ശ്രമിക്കു. അല്ലാതെ കുറ്റപ്പെടുത്തൽകൊണ്ടു് ആർക്കുമൊരു ഗുണവുമില്ല.

ലക്ഷ്മിക്കുട്ടിയമ്മ: മനഃപൂർവം ആരെങ്കിലും പിഴച്ചിട്ടുണ്ടോ?

രാഘവൻ: ആരും പിഴയ്ക്കാത്തതുകൊണ്ടാണോ നീ ഈശ്വരനെ പഴിക്കുന്നതു്?

ലക്ഷ്മിക്കുട്ടിയമ്മ: ഞാനൊന്നു ചോദിക്കട്ടെ.

രാഘവൻ: ഒന്നല്ല എത്ര വേണമെങ്കിൽ ചോദിച്ചോളൂ.

ലക്ഷ്മിക്കുട്ടിയമ്മ: ജയനെപ്പോലെ ഇത്ര അനുസരണയുള്ള കുട്ടിയുണ്ടായിരുന്നോ? ക്ലേശിച്ചു വളർത്തി, പഠിച്ചിച്ചു. ഉദ്യോഗവും കിട്ടി. എന്നിട്ടോ?

രാഘവൻ: എന്നിട്ടോ?

ലക്ഷ്മിക്കുട്ടിയമ്മ: ഒന്നുമറിയാത്തതുപോലെയാണല്ലോ ചോദിക്കുന്നതു്?

രാഘവൻ: അറിവിന്റെ കാര്യത്തിൽ നിനക്കു മെച്ചം കൂടും, നീ തന്നെ പറ.

ലക്ഷ്മിക്കുട്ടിയമ്മ: അച്ഛനമ്മമാരെ അവൻ ധിക്കരിച്ചില്ലേ?

രാഘവൻ: ധിക്കരിച്ചോ?

ലക്ഷ്മിക്കുട്ടിയമ്മ: ഇല്ലെങ്കിൽ കുലവും ജാതിയുമറിയാത്ത ഒരു പെണ്ണിന്റെ കഴുത്തിൽ താലികെട്ടി അവളേം കൂട്ടി കുടുംബത്തേക്കു പുറപ്പെടുമോ?

രാഘവൻ: താലികെട്ടിയ പെണ്ണിനെ വഴിക്കുവെച്ചു വിട്ടേച്ചു പോരാൻ പറ്റ്വോ?

ലക്ഷ്മിക്കുട്ടിയമ്മ: ആരു പറഞ്ഞു അവനോടു താലികെട്ടാൻ? എന്റെ സമ്മതം മേടിച്ചോ? നിങ്ങളുടെ സമ്മതം മേടിച്ചോ?

രാഘവൻ: രണ്ടും അവന്നാവശ്യമില്ലെന്നു തോന്നീട്ടുണ്ടാവും.

ലക്ഷ്മിക്കുട്ടിയമ്മ: മക്കൾക്കങ്ങനെ തോന്നാൻ പാടുണ്ടോ?

രാഘവൻ: അവനങ്ങനെ തോന്നി. ഇനി അതിനെക്കുറിച്ചിങ്ങനെ പ്രസംഗിക്കുന്നതെന്തിനാണ്?

ലക്ഷ്മിക്കുട്ടിയമ്മ: കുറച്ചു മാനാപമാനബോധമുള്ളതുകൊണ്ടു്.

രാഘവൻ: മനസ്സിലായില്ല.

ലക്ഷ്മിക്കുട്ടിയമ്മ: ഇന്നിവിടെ ജയന്റെ വിവാഹാലോചനയ്ക്കു ചിലർ വരാമെന്നു പറഞ്ഞിട്ടില്ലേ?

രാഘവൻ: ഉണ്ടു്.

ലക്ഷ്മിക്കുട്ടിയമ്മ: അവരോടെന്നു മറുപടി പറയാനാണ് കണ്ടുവെച്ചതു്?

രാഘവൻ: അതാണോ വിഷമം. അവരെ ആദരിച്ചിരുത്തി ചായകൊടുത്തു മര്യാദയായിട്ടു പറയും, ജയന്റെ വിവാഹം കഴിഞ്ഞെന്ന്.

ലക്ഷ്മിക്കുട്ടിയമ്മ: മുഖമുയർത്തി അതു പറയാൻ വൈയ്യോ?

രാഘവൻ: എന്താ?

ലക്ഷ്മിക്കുട്ടിയമ്മ: ഇങ്ങനെയൊരു മകന്റെ അച്ഛനമമ്മയുമാണെന്നുപറഞ്ഞ് അവരുടെ മുഖത്തെങ്ങനെ നോക്കും? കെട്ടിത്തൂങ്ങി മരിക്യല്ലേ ഭേദം.

രാഘവൻ: നിർബന്ധാച്ചാൽ നീ പോയി കെട്ടിത്തൂങ്ങി മരിച്ചോളൂ. ഞാനതിനൊരുക്കമല്ല.

ലക്ഷ്മിക്കുട്ടിയമ്മ: എന്തൊരനുഭവാണിത്?

രാഘവൻ: ഇതിലും വലുത് നീ അനുഭവിച്ചിട്ടില്ലേ? നിന്റെ അച്ഛനു ഭ്രാന്തെടുത്തതെന്തുകൊണ്ടാണ്? സ്വത്തു നശിച്ചിട്ടാണോ? ദാരിദ്ര്യംകൊണ്ടാണോ? സന്താനദുഃഖംകൊണ്ടാണോ? (ലക്ഷ്മിക്കുട്ടിയമ്മ മിണ്ടുന്നില്ല.) നീയെന്താ മിണ്ടാത്തത്? നിസ്സാരകാര്യങ്ങൾക്കു തമ്മിൽ പിണങ്ങുകയും കൊത്തിപ്പിരിയുകയും ചെയ്ത മക്കളുടെ ഹൃദയശൂന്യതയല്ലേ അദ്ദേഹത്തെ ഈ സ്ഥിതിയിലാക്കിയത്? ലക്ഷ്മിക്കുട്ടീ, ഇതു കണ്ടുകൊണ്ട് എനിക്കു ഭ്രാന്തെടുക്കാനുള്ള വഴി ഞാനുണ്ടാക്കില്ല. അവനാരെ വേണമെങ്കിൽ വിവാഹം കഴിക്കട്ടെ. കൂട്ടിക്കൊണ്ടു വരട്ടെ. മുഖം കറുപ്പിച്ച് ഒരു വാക്കവനോടു ഞാൻ പറയില്ല.

ലക്ഷ്മിക്കുട്ടിയമ്മ: ജാതിയും മതവുമില്ലാത്ത ആ പെണ്ണിനെ അകത്തിരുത്തി പൂജിച്ചോളൂ.

രാഘവൻ: സത്യം പറയട്ടെ, ലക്ഷ്മിക്കുട്ടീ; ജാതിയുടേയും മതത്തിന്റെയും ശല്യമില്ലാത്ത ഒരാളെ കിട്ടിയാൽ ഇരുത്തി പൂജിക്കണമെന്നെനിക്കുണ്ട്.

ലക്ഷ്മിക്കുട്ടിയമ്മ: മകന്റെ ഗുരുത്വം കൊണ്ട് ഒന്നിനെ കിട്ടിയില്ലേ, പൂജിച്ചോളൂ. പക്ഷേ, ഈ ലക്ഷ്മിക്കുട്ടിയെ അതിനു കിട്ടില്ല.

രാഘവൻ: വേണ്ടാ.

ലക്ഷ്മിക്കുട്ടിയമ്മ: പൂജിക്കുന്നതുപോയിട്ട് അവളൊന്നിച്ചിവിടെ പാർക്കാൻ പോലും എന്നെക്കൊണ്ടാവില്ല.

രാഘവൻ: ജയനും ഭാര്യയും വന്നു കേറിയാൽ നീയീ വീടു വിട്ടുപോകുമെന്നാണോ?

ലക്ഷ്മിക്കുട്ടിയമ്മ: എന്താ സംശയം?

രാഘവൻ: അല്ലാ, അത്ര വലിയ മതഭക്തിയുകണ്ടെങ്കിൽ പോയേ തീരൂ.

ലക്ഷ്മിക്കുട്ടിയമ്മ: ആഹാ! എന്നാലും ഒരു വീടും പറമ്പും കൊടുത്ത് അവരെ പ്രത്യേകം താമസിപ്പിച്ചുകൂടാ?

രാഘവൻ: സാധ്യമല്ല. അവൾ മറ്റൊരു മതക്കാരിയായാൽപോലും ഇവിടെ താമസിക്കണം. വ്യത്യസ്തമതക്കാർക്ക് ഒരേ വീട്ടിൽ താമസിച്ചുകൂടെന്നു നിയമമുണ്ടോ? അവൾ മുസ്ലിം പെൺകുട്ടിയാണെങ്കിൽ, അഞ്ചുനേരവും നിസ്കരിച്ചോട്ടെ.

എല്ലാ സൗകര്യങ്ങളും ചെയ്യുകൊടുക്കും. നസ്രാണിയാണെങ്കിൽ നിങ്ങളൊക്കെ അമ്പലത്തിൽ പോവുമ്പോൾ അവൾ പള്ളിയിൽ പോകട്ടെ.

ലക്ഷ്മിക്കുട്ടിയമ്മ: ഓ പോകും, ഇവിടെ പിന്നെ മകനും മകന്റെ ഭാര്യയും മാത്രമാകും.

രാഘവൻ: അങ്ങനെ വരില്ല; മറ്റുള്ളവരെക്കൂടി ഞാൻ നിർബന്ധിക്കും. ഇഷ്ടമില്ലെന്ന കണ്ടാൽ അവർക്കും പോകാം. എന്തായാലും നിന്റെ അച്ഛനിവിടെയുണ്ടാവും.

ലക്ഷ്മിക്കുട്ടിയമ്മ: ഈ അനീതി കണ്ട് സഹിക്കാൻ മാത്രം എന്റെ അച്ഛനു ഭ്രാന്തില്ല.

രാഘവൻ: ഇല്ലെങ്കിൽ വേണ്ട. ഞാനും ജയനും ആ പെൺകുട്ടിയും മതി. ഞങ്ങൾ പുതിയൊരു സമുദായം സൃഷ്ടിക്കും.

ലക്ഷ്മിക്കുട്ടിയമ്മ: സമുദായം നിങ്ങളെ ബഹിഷ്കരിക്കും.

രാഘവൻ: സമുദായത്തെ ഞങ്ങളും ബഹിഷ്കരിക്കും. (എഴുന്നേല്ക്കുന്നു. അല്പം ഗൗരവത്തോടെ അങ്ങട്ടുമിങ്ങട്ടും നടക്കുന്നു. പാതി തന്നോടും പാതി ഭാര്യയോടുമെന്ന നിലയിൽ പറയുന്നു.) മതത്തിന്റെയും ജാതിയുടെയും പേരിൽ ഈ രാജ്യം വളരെയൊക്കെ സഹിച്ചിട്ടുണ്ട്. ഇപ്പോഴും സഹിക്കുന്നുമുണ്ട്. ഇനിയിതുവയ്യാ സംസ്കാരസമ്പന്നരെന്നു പറയുന്നവർക്കുപോലും പ്രസംഗത്തിലേ സമുദായൈക്യമുള്ളൂ. ഭിന്നസമുദായങ്ങൾ കൂടിച്ചേരുകയും വിവാഹബന്ധത്തിലേർപ്പെടുകയും ചെയ്യാതെ സൗഹാർദ്ദം വളരില്ല: പരസ്പരവിശ്വാസമുണ്ടാവില്ല. ഭയം നീങ്ങില്ല. ഈശ്വരാധീനംകൊണ്ടു പ്രവർത്തിച്ചു കാണിക്കാനുള്ള സന്ദർഭം എനിക്കു കിട്ടിയിരിക്കുന്നു. ഇതു തികച്ചും ഞാനുപയോഗിക്കും. ആരൊക്കെ എതിർത്താലും രാജ്യത്തെ ഫലപ്രദമായ നിലയിൽ സേവിക്കാൻ കിട്ടിയ ഈ സന്ദർഭം ഞാൻ പാഴാക്കില്ല.

ലക്ഷ്മിക്കുട്ടിയമ്മ: ഈവക പരീക്ഷണങ്ങളൊന്നും നടത്തേണ്ടതു് അവനവന്റെ കുടുംബത്തിലല്ല.

രാഘവൻ: ആരാന്റെ കുടുംബത്തിലാണോ?

ലക്ഷ്മിക്കുട്ടിയമ്മ: ഇതിനൊന്നും ലക്ഷ്മിക്കുട്ടിയെ കിട്ടില്ല.

രാഘവൻ: ധർമ്മത്തിൽനിന്ന് ഒളിച്ചോടിപ്പോകുന്നവരെ എനിക്കു ബഹുമാനമില്ല.

ലക്ഷ്മിക്കുട്ടിയമ്മ: വേണ്ടാ. ഈ പരീക്ഷണത്തിനൊന്നും ലക്ഷ്മിക്കുട്ടിയെ കിട്ടില്ലെന്നാ ഞാൻ പറഞ്ഞതു്. അതോർത്താൽ മതി. (അല്പം ക്ഷുണ്ണി വന്ന നിലയിൽ അകത്തേക്കു പോകുന്നു.)

രാഘവൻ വിചാരമഗ്നനായി അങ്ങട്ടുമിങ്ങട്ടും നടക്കുന്നു. രംഗം പതുക്കെ ഇരുളുന്നു. പിറകിലെ ജാലകത്തിലൂടെ പുറത്ത് അല്പാല്പമായി

മിന്നൽവെളിച്ചം കാണുന്നു. കഠിനമായ ഒരിടിവെട്ട്, തുടർന്നു തുരുതുരെ മിന്നൽവെളിച്ചം. രാഘവൻ അപ്പോഴും നടക്കുകയാണ്. പിന്നെയും ഇടിവെട്ടുന്നു. മിന്നൽവെളിച്ചത്തിൽ പുറത്തെ മരച്ചില്ലകൾ ആടുന്നതു കാണുന്നു. ഒരു കൊടുങ്കാറ്റ് ഇരമ്പിക്കൊണ്ടുവരുന്ന ശബ്ദം അകലത്തു കേൾക്കുന്നു.

— യവനിക —

രംഗം 4

ദുഃഖിതയായ ഭാരതി; ചുറ്റുപാടും നടക്കുന്ന കാര്യങ്ങളൊന്നും അറിയാതെ, ഏകാഗ്രചിന്തയിൽ മുഴുകിയിരിക്കുന്നു. ഒരു യാത്രയ്ക്കുള്ള ഒരുക്കത്തോടെ ഡ്രസ്സു ചെയ്ത് കൈയിലൊരു വലിയ സ്യൂട്ട്കെയ്സും തൂക്കി വിശ്വനാഥൻ അകത്തു നിന്നു വരുന്നു. ഭാരതിയെ ഗൗനിക്കാതെ പുറത്തേക്കുള്ള വഴിയിൽ പാതി നടന്നെത്തുന്നു. ശങ്കിച്ചു തെല്ലിട നില്ക്കുന്നു; വിളിക്കുന്നു.

വിശ്വനാഥൻ: ഭാരതീ... (ഭാരതി ഞെട്ടി തലയുയർത്തി നോക്കുന്നു. മുഖം കറുത്തിരുണ്ടിട്ടുണ്ട്. കണ്ണിൽ വെള്ളം നിറഞ്ഞിട്ടുണ്ട്. ഭാരതിയുടെ ഭാവഭേദങ്ങളൊന്നും ശ്രദ്ധിക്കാതെ) ഞാൻ മദിരാശിക്കു പോണു.

ഭാരതി: (ഞെട്ടി എഴുന്നേല്ക്കുന്നു) എന്തിനാ?

വിശ്വനാഥൻ: അതറിഞ്ഞിട്ടു നിനക്കെന്തു വേണം?

ഭാരതി: എപ്പം തിരിച്ചുവരും?

വിശ്വനാഥൻ: തീർച്ച പറയാൻ വയ്യാ.

ഭാരതി: (അല്പം അടുത്തേക്കു ചെന്ന്) കാറിലല്ലേ പോണത്?

വിശ്വനാഥൻ: കാറിലോ? എനിക്കു കാറുണ്ടോ ഇവിടെ?

ഭാരതി: ആർക്കുവേണ്ടിയാ പിന്നെ അച്ഛൻ കാറു വാങ്ങിയത്.

വിശ്വനാഥൻ: എനിക്കു വേണ്ടിയാണോ?

ഭാരതി: അതിലെന്താ ഇത സംശ്യം?

വിശ്വനാഥൻ: എനിക്കു സംശ്യണ്ട്; അതാണ് കാറെടുക്കാത്തത്. സ്വന്തമായിട്ടൊരു കാറു വാങ്ങാൻ കഴിയുമ്പോൾ ഞാനുപയോഗിച്ചോളാം.

ഭാരതി: അനാവശ്യമായ തെറ്റിദ്ധാരണകളാണിതൊക്കെ.

വിശ്വനാഥൻ: ആണെങ്കിലങ്ങനെ.

ഭാരതി: കാറെടുത്തോളൂ. എന്നിട്ടു ഞായറാഴ്ചയെങ്കിലും ഇവിടെ തിരിച്ചെത്താൻ ശ്രമിക്കൂ.

വിശ്വനാഥൻ: എന്താ ഞായറാഴ്ച വിശേഷം.

ഭാരതി: മറന്നോ? ഞാനെത്ര തവണ ഓർമപ്പെടുത്തിയതാണ്: ഞാറാഴ്ചയല്ലെ മോന്റെ ചോറൂണ്.

വിശ്വനാഥൻ: അതിന് ഞാനിവിടെ തിരിച്ചെത്തലത്ര നിർബന്ധമാണോ?

ഭാരതി: (സഹിക്കാത്ത മട്ടിൽ) എന്ത്?

വിശ്വനാഥൻ: (സ്യൂട്ട്കെയ്സ് താഴെവെച്ച ഭാരതിയുടെ അടുത്ത വന്ന്) ഞാനിവിടെ ഉണ്ടാവണമെന്ന് എനിക്കും തോന്നണ്ടേ. ഭാരതി കലശലായ വേദനയോടെ, ഒന്നും പറയാതെ വിശ്വനാഥന്റെ മുഖത്ത് ഇമവെട്ടാതെ നോക്കിനില്ക്കുന്നു. വിശ്വനാഥൻ തുടർന്നുപറയുന്നു.) എനിക്കത്ര തോന്നീട്ടില്ല.

ഭാരതി: (തൊണ്ടയിടറി) കാരണം?

വിശ്വനാഥൻ: എനിക്കീ കുടുംബത്തിലെ സ്നേഹപ്രകടനത്തിന്റെ രീതി ഇഷ്ടമാവുന്നില്ല. ആത്മാർഥതയില്ലാത്ത ചിരിയും പെരുമാറ്റവും.

ഭാരതി: എപ്പോഴും അവനവനെപ്പറ്റിമാത്രം ചിന്തിച്ചാൽ അങ്ങനെയാണ്.

വിശ്വനാഥൻ: (രസിക്കാത്ത മട്ടിൽ) എന്നെ പഠിപ്പിക്കരുത്. മോന്റെ ചോറൂണ് ഗുരുവായൂരിൽവച്ചാണോ? (ഭാരതി മിണ്ടുന്നില്ല.) ആണെങ്കിൽ ഞാനുണ്ടാവും. ഇവിടെയുള്ള മറ്റാരും ഒരുമിച്ചുണ്ടാവരുത്. നീയും ഞാനും മാത്രം.

ഭാരതി: അച്ഛനും അമ്മയും...

വിശ്വനാഥൻ: (മുഴുവൻ പറയാൻ സമ്മതിക്കാതെ) അതേ, നിന്റെ അച്ഛനും അമ്മയും! നിനക്കവരെപ്പറ്റിയേ ചിന്തയുള്ളൂ. ഇതുപോലെ എനിക്കുമുണ്ട് അച്ഛനമമ്മയുമെന്ന കാര്യം മറക്കരുത്.

ഭാരതി: അതാരും മറന്നിട്ടില്ല.

വിശ്വനാഥൻ: ഇല്ലേ?

ഭാരതി: ഇല്ല, ഏറെ കൊതിച്ചുണ്ടായ ആൺകുട്ടിയായതുകൊണ്ടു ചോറൂണ് ഇവിടെവെച്ചു കഴിക്കണമെന്ന് അച്ഛന നിർബന്ധമുണ്ട്.

വിശ്വനാഥൻ: കഴിച്ചോളൂ. ആരു വിരോധം പറയുന്നു? നാട്ടിലുള്ള മുഴുവനാളുകളേയും വിളിച്ചു സദ്യയൂട്ടി പ്രഭാവം കാണിച്ചോളൂ. പക്ഷേ, അതിന്റെ നടുവിൽ നിങ്ങളുടെയൊക്കെ ദാസനായി വാലാട്ടിനടക്കാൻ എന്നെക്കിട്ടില്ല. തീർച്ച.

ഭാരതി: (തൊണ്ടയിടറി) മഹാപാപം പറയരുത്.

വിശ്വനാഥൻ: എന്നെക്കൊണ്ട് നീ പറയിച്ചതാണ്. നിന്റെ അച്ഛനും അമ്മയുമാണ് നിനക്കു വലുത്. അവരെ പൂജിച്ചോളൂ.

ഭാരതി: അവരെ പൂജിക്കുന്നതുകൊണ്ടു മറ്റു കർത്തവ്യങ്ങളൊന്നും ഞാൻ മറക്കാറില്ല.

വിശ്വനാഥൻ: എന്റെ കുട്ടിക്കു ചോറു കൊടുക്കുമ്പോൾ എന്റെ അച്ഛനമ്മമാർക്കും അതിൽ പങ്കെടുക്കാൻ ആഗ്രഹമുണ്ടാവില്ലേ?

ഭാരതി: അവരെ ക്ഷണിച്ചിട്ടില്ലേ? അച്ഛനും അമ്മയുംകൂടി ചെന്നാണല്ലോ ക്ഷണിച്ചത്.

വിശ്വനാഥൻ: അവരിവിടെ വരില്ല.

ഭാരതി: കാരണം?

വിശ്വനാഥൻ: നിങ്ങളൊക്കെ വലിയ ആളുകളാണ്. ആൾ വീതം കാറുള്ളവരാണ്.

ഭാരതി: (സഹിക്കവയ്യാത്ത വേദനയോടെ) നോക്കൂ, ഊഹിച്ചുണ്ടാക്കി എന്തെങ്കിലും പറയരുത്, ഇവിടെ ആരും അങ്ങനെ ഭാവിച്ചിട്ടില്ല. വിചാരിച്ചിട്ടുമില്ല.

വിശ്വനാഥൻ: (നീരസത്തോടെ) ഇല്ലെങ്കിൽ വേണ്ടാ.

ഭാരതി: (കരഞ്ഞുകൊണ്ട്) മറ്റ വല്ല അസുഖവും മനസ്സിലുണ്ടെങ്കിൽ, അതു വെച്ചുകൊണ്ട് ഇങ്ങനെയൊന്നും പെരുമാറരുത്. നാട്ടുകാരെ വിചാരിച്ചെങ്കിലും അന്നേയ്ക്കവിടെ എത്തണം. ഒന്നുമില്ലെങ്കിൽ നമ്മുടെ കുഞ്ഞിനെ വിചാരിച്ചെങ്കിലും...

വിശ്വനാഥൻ: (മുഴുവൻ പറയാനനുവദിക്കാതെ, ഏറെ കോപവും ഒട്ടുദുഃഖവും കലർത്തിക്കൊണ്ട്) ഭാരതീ, എന്റെ മോനെ കളിപ്പിച്ച്, കണ്ണെഴുതിച്ച്; പൊട്ടുകുത്തിച്ച മടിയിൽ കിടത്തി ചോറു വാരിക്കൊടുക്കാൻ മറ്റാരെക്കാളും എനിക്കാഗ്രഹമുണ്ട്. പക്ഷേ, എന്റെയും കുടുംബത്തിന്റെയും അഭിമാനം വിറ്റ് ഞാനതിനു തയ്യാറില്ല. എന്റെ കൈയ്യീന്നു സ്വതന്ത്രമല്ല. അതു സ്വതന്ത്രമാവുന്ന കാലത്ത് എന്റെ ഇഷ്ടം നടക്കും... അതുവരെ എന്നോടൊന്നും പറയരുത്. (തിരിഞ്ഞു നടന്നു സ്വീട്ട്കെയ്സെടുത്തു ധൃതിയിൽ പുറത്തേക്കു പോകുന്നു.)

ഭാരതി: (കരഞ്ഞു പിന്നാലെ ചെന്നു വിളിക്കുന്നു.) നോക്കൂ, ഇദേയ്... (തന്നെ ഒട്ടും ശ്രദ്ധിക്കുന്നില്ലെന്നു മനസ്സിലാക്കി കഠിനമായ നിരാശയോടെ മടങ്ങിവന്നു സോഫയിലിരുന്നു മുഖംപൊത്തി കരയുന്നു. അല്പസമയത്തിനുശേഷം ഒരു വർത്തമാനക്കടലാസും വായിച്ചുകൊണ്ടു രാഘവൻ കടന്നുവരുന്നു. ഭാരതിയെ കാണുന്നില്ല. രംഗത്തിന്റെ ഏതാണ്ടു മധ്യത്തിലെത്തി, പത്രത്തിൽ തന്റെ ശ്രദ്ധയാകർഷിക്കുന്ന ഏതോ ഭാഗത്തു നോക്കിനില്ക്കുന്നു. ഭാരതിയുടെ ഗദ്ഗദം ക്രമേണ ഉച്ചത്തിലാവുന്നു. രാഘവൻ ശ്രദ്ധിക്കുന്നു. ഭാരതിയെ കാണുന്നു. അടുത്തു ചെല്ലുന്നു.)

രാഘവൻ: എന്താ, മോളേ, എന്താ, നിനക്ക്? (ഭാരതി മൗനം. മൂർധാവിൽ തലോടിക്കൊണ്ട്) എന്തിനാ നീ കരയുന്നത്?

ഭാരതി: (അച്ഛന്റെ തലോടൽ ഏറ്റു കൂടുതൽ ദുഃഖത്തോടെ തലപൊക്കുന്നു.) വയ്യച്ഛാ, ഒട്ടും വയ്യ. വല്ലാത്ത ഉഷ്ണം.

രാഘവൻ: (അർത്ഥഗർഭമായി ഭാരതിയെ നോക്കിക്കൊണ്ട്) ഇന്നലെ രാത്രി മുഴുവൻ മഴപെയ്തു. ഇന്നു രാവിലെയും പെയ്തു, ഇതാ, ഇപ്പോഴും ഇടിവെട്ടുന്നുണ്ട്. ഇനിയും പെയ്യുമെന്നാണ് തോന്നുന്നത്. ഇത്രയൊക്കെയായിട്ടും നിന്റെ ഉഷ്ണം മാറിയില്ലേ?

ഭാരതി: മഴ പെയ്തത പുറത്തല്ലേ അച്ഛാ? വീടിനകത്തല്ലല്ലോ എന്റെ ഹൃദയത്തിലല്ലല്ലോ.

രാഘവൻ: (ഭാരതിയുടെ അടുത്ത സോഫയിലിരിക്കുന്നു.) മോളേ, ഭാരതീ, മക്കളുടെ ഹൃദയത്തിൽ അച്ഛന്റെ വാത്സല്യമാണ് മഴ പെയ്യിക്കുന്നത്. ആ മഴ വേണ്ടുവോളം കിട്ടീട്ടാണ് എന്റെ മക്കൾ ആരോഗ്യത്തോടെ വളർന്നത്. അക്കാര്യത്തിൽ നിങ്ങളുടെ അച്ഛൻ പിശുക്കൊന്നും കാട്ടീട്ടില്ല.

ഭാരതി: അച്ഛന്റെ വാത്സല്യമാണെന്നെ കരയിക്കുന്നത്.

രാഘവൻ: (അല്പമൊരു ഞെട്ടലോടെ) അത്ഭുതം ആരും എന്നും എവിടേം പറഞ്ഞുകേൾക്കാത്ത കാരണം. (എഴുന്നേൽക്കുന്നു. പതുക്കെ നടക്കുന്നു. നടക്കുമ്പോൾ തന്നത്താനെന്നവിധം പറയുന്നു.) അച്ഛന്റെ വാത്സല്യം കൂടിപ്പോയിട്ട മക്കൾ കരയുക. എന്തൊരു വൈരുധ്യം (തിരിഞ്ഞുനിന്ന്) എന്റെ വാത്സല്യം നിങ്ങളെ കരയിക്കുകയാണെന്നു കണ്ടിട്ടും എനിക്കതു വേണ്ടെന്നുവെക്കാൻ കഴിയുന്നില്ല. ഒരച്ഛന്റെ ദൗർബല്യം. (അടുത്ത വന്ന്) മോളേ. ഞാനാ പരാജയം സമ്മതിക്കുന്നു.

ഭാരതി: അച്ഛാ, എന്നെ വെറുക്ക, അച്ഛാ വെറുക്ക. (രാഘവന്റെ മുഖത്ത വിഷാദം പുരണ്ട ചിരി.) കഠിനമായി വെറുക്ക. (രാഘവന്റെ മുഖത്ത പിന്നെയും അതേ ചിരി.) എനിക്കിനി പൊറുക്കാൻ വയ്യച്ഛാ. എല്ലാം തുറന്നു പറയണം.

രാഘവൻ: എന്ത്? ആരോട്?

ഭാരതി: അച്ഛനോട്. നമ്മുടെ കുടുംബജീവിതത്തെപ്പറ്റി.

രാഘവൻ: ആരും പറയാതെതന്നെ എനിക്കറിയുന്ന കാര്യമാണല്ലോ അത്. ഇക്കാണുന്ന കുടുംബം കെട്ടിപ്പടുത്തതു ഞാനാണ്. അതിന്റെ മൻപുള്ള തല മുറയെ വാർത്തെടുത്തതു നിന്റെ മുത്തച്ഛനും. അദ്ദേഹത്തിനതിന്റെ കൂലി കിട്ടി. ഇനി എന്റെ ഊഴമാണ്. (ഭാരതിയുടെ മുഖത്തുനോക്കി) നിന്റെ കരച്ചിലിനിയും അവസാനിച്ചില്ലേ?

ഭാരതി: അതവസാനിക്കില്ലച്ഛാ.

രാഘവൻ: വാശിയാണോ?

ഭാരതി: കരഞ്ഞേ കഴിയുവെന്നു വന്നാൽ ഞാനെന്തുചെയ്യും.

രാഘവൻ: (ഒരു നെടുവീർപ്പോടെ) കരയണം വിങ്ങിവിങ്ങിക്കരയണം.

ഭാരതി: അച്ഛാ (അല്പനേരത്തെ നിശ്ശബ്ദത. അപ്പുറം പറയാനുള്ളതു കേൾക്കാൻ ബദ്ധപ്പെട്ടുകൊണ്ടു രാഘവൻ നിൽക്കുന്നു. എങ്ങനെ എവിടെവെച്ചു തുടങ്ങണമെന്നറിയാതെ ഭാരതി പരുങ്ങുന്നു.) അച്ഛൻ ക്ലേശിച്ചു സ്വത്ത സമ്പാദിച്ചു.

രാഘവൻ: വിഡ്ഢിത്തം...

ഭാരതി: മുഴുവൻ പറയട്ടേ, അച്ഛാ. രാജപദവിയിലാണ് മക്കളെ വളർത്തുന്നത്. ഇവിടെ എല്ലാം ഏറിപ്പോയ കുറ്റമാണ്. ഈ വലിയ വെണ്മാടം പണിയിച്ചതിനുപകരം മക്കൾക്കോരോ ചെറിയ വീടു പണിയിച്ചു കൊടുക്കാമായിരുന്നില്ലേ?

രാഘവൻ: (ഗൗരവം) ആവശ്യം?

ഭാരതി: ഈ വലിയ വീടൊരു ജയിലല്ലേ അച്ഛാ?

രാഘവൻ: (ഗൗരവം വിടാതെ) ആർക്ക്?

ഭാരതി: എല്ലാവർക്കും.

രാഘവൻ: (അല്പം പരിഹാസത്തോടെ) അച്ഛൻ ഈ ജയിലിലെ ജയിലറും. എന്നാൽ നിന്റെ ഈ അഭിപ്രായങ്ങളൊന്നും അച്ഛനു തോന്നുന്നില്ല.

ഭാരതി: അച്ഛനു തോന്നില്ല.

രാഘവൻ: മക്കൾക്കു തോന്നും.

ഭാരതി: ഇല്ലെങ്കിൽ ശാന്തയെന്തിനു ഭാഗം ചോദിച്ചു? അച്ഛന്റെ സമ്പാദ്യത്തിൽ മൂന്നിലൊരോഹരി ഭാഗിച്ചുകൊടുത്ത് അവളെ പിരിച്ചയയ്ക്കണമെന്നു പറഞ്ഞില്ലേ?

രാഘവൻ: (അല്പനേരത്തെ ആലോചനയ്ക്കുശേഷം) പറഞ്ഞെന്നു വെയ്ക്ക; അതു കൊണ്ട്?

ഭാരതി: അച്ഛൻ കൊടുക്കാൻ തീരുമാനിച്ചോ?

രാഘവൻ: അതറിഞ്ഞിട്ടുവേണോ, നിനക്കു ചോദിക്കാൻ?

ഭാരതി: ശാന്തയ്ക്കു കൊടുക്കാൻ തീരുമാനിച്ചാൽ എന്തുകൊണ്ടെനിക്കും തന്നുകൂടാ? (രാഘവൻ ഒന്നും മിണ്ടാതെ നടക്കുന്നു.) അച്ഛാ...

രാഘവൻ: (തിരിഞ്ഞുനോക്കാതെ) ഉം?

ഭാരതി: ശാന്ത ചോദിക്കാൻ പാടില്ലായിരുന്നു. എന്നാലും ചോദിച്ചില്ലേ? ഭാഗിച്ചു പിരിയുകയെന്ന ഒരാശയം അവൾ പുറത്താക്കികഴിഞ്ഞില്ലേ?

ഭാരതി: (തിരിഞ്ഞുനിന്ന് ഗൗരവത്തിൽ) ശാന്തയുടെ കാര്യം വിട്ട്. നിനക്കു ഭാഗം വേണോ?

രാഘവൻ: എല്ലാവരും വാങ്ങുമ്പോൾ ഞാനെന്തിനു നോക്കിനില്ക്കണം?

ഭാരതി: പിന്നേം മറ്റുള്ളവരുടെ കാര്യം. മറ്റുള്ളവരെ അടിച്ചു പടിയിറക്കാനാണ് ഞാൻ വിചാരിച്ചതു്, നിന്നേയും അങ്ങനെ ചെയ്യണോ? ഒരേയൊരു ചോദ്യം. അതിനുത്തരമേ വേണ്ടൂ; നിനക്കു ഭാഗം വേണോ?

ഭാരതി: (പരുങ്ങി, അച്ഛന്റെ മുഖത്തുനോക്കി എന്തു പറയണമെന്നറിയാതെ) വേണം... (ഒടുവിലത്തെ അക്ഷരം വ്യക്തമായി കേൾക്കാൻ കഴിയുന്നില്ല.)

രാഘവൻ: എന്താ പറഞ്ഞത്?

ഭാരതി: (പ്രയാസപ്പെട്ട് ചുണ്ടു നനച്ച്, പതുക്കെ) വേണംന്ന്.

ഭാരതി: ഇതിനാണോ നീ കരഞ്ഞത്?

ഭാരതി: ഭാഗം വാങ്ങാൻ കരഞ്ഞതല്ല ഭാഗം വാങ്ങി പിരിയേണ്ട കാര്യമാലോചിച്ചു കരഞ്ഞതാണ്.

രാഘവൻ: (ഉള്ളിലെ വികാരങ്ങൾ മുഴുവനും ഒതുക്കിക്കൊണ്ട്) മോളേ, നിന്റെ വിഷമം ഞാൻ മനസ്സിലാക്കുന്നുണ്ട്. ഇക്കാര്യത്തിൽ നീ കടലിനും ചെകുത്താ

നും നടുവിലാണ്. എന്നെപ്പോലൊരച്ഛന്റെ മുഖത്തുനോക്കി ഭാഗം ചോദിക്കാൻ എത ബുദ്ധിശൂന്യരായ മക്കളും ഒരുങ്ങില്ല. പക്ഷേ, നീ ഗതിമുട്ടിയവളാണ്. നിനക്കു നിന്റെ ഭർത്താവിനെ ഉപേക്ഷിക്കൻ വയ്യാ, അച്ഛനേം. ഈ ധർമ്മസങ്കടം മറ്റൊരാളോട് തുറന്നുപറയാനും വയ്യാ.

ഭാരതി: (അല്പനേരമായി ഒതുക്കിനിർത്തിയ ദുഃഖം പിന്നെയും അണപൊട്ടി പ്രവഹിക്കുന്നു. കണ്ണീരൊഴുക്കിക്കൊണ്ടു പറയുന്നു.) സഹിച്ചു സഹിച്ചു മതിയായച്ഛാ.

രാഘവൻ: മനസ്സിലായി മോളെ. ചേർന്നു നില്ക്കുമ്പോൾ പിരിഞ്ഞു പോകുവാനുള്ള വാസന നമുക്കൊക്കെ സഹജമാണ്. കൂടുതൽ സുഖവും സന്തോഷവും തേടിപ്പോകാനുള്ള ബദ്ധപ്പാടിൽനിന്നാണതുണ്ടാവുന്നത്.

ഭാരതി: അല്ലച്ഛാ; അല്ല, ഒരിക്കലുമല്ല. സ്വർഗത്തിൽപ്പോയാലും ഇതിൽക്കൂടുതലായി സുഖമെനിക്കു കിട്ടില്ല.

രാഘവൻ: സത്യം കേൾക്കൂ. തരാനുള്ളതു തന്നു നിങ്ങളെയൊക്കെ പിരിച്ചയച്ചാൽ എന്റെ ഭാരമൊഴിഞ്ഞു. മറ്റുള്ളവരുടെ ചുമതല കൈയേല്ക്കുന്നത് ഒട്ടും സുഖകരമല്ല. എന്നിട്ടും ഞാനിതുപേക്ഷിക്കാത്തതെന്തന്നല്ലേ? മക്കളും മക്കളുടെ മക്കളുമടങ്ങിയ ഒരു വലിയ കുടുംബം ഏകയോഗക്ഷേമത്തോടെ കഴിഞ്ഞുകൂടുന്നതു കാണാൻ നിങ്ങളുടെ മുത്തച്ഛൻ വളരെ കൊതിച്ചു. പക്ഷേ, അദ്ദേഹത്തിന്റെ സ്വാർഥികളായ മക്കൾ ആ ആശയംതന്നെ തകർത്തുകളഞ്ഞു. നൈരാശ്യംകൊണ്ടദ്ദേഹത്തിന്റെ മനസ്സിടിഞ്ഞു. കാലക്രമത്തിലദ്ദേഹം ഒരു ഭ്രാന്തനായി മാറി.

ഭാരതി: അച്ഛാ എന്നെ തെറ്റിദ്ധരിക്കരുതു്. ഞാനിതു സ്വാർഥം കൊണ്ടു പറഞ്ഞതല്ല. ശാന്ത പറഞ്ഞതും സ്വാർഥംകൊണ്ടാണെന്നച്ഛൻ വിചാരിക്കരുതു്.

രാഘവൻ: മുഴുവനും കേൾക്കൂ. നിങ്ങളുടെ മുത്തച്ഛൻ പരാജയപ്പെട്ട സ്ഥലത്തു് എനിക്കു വിജയിക്കണമെന്നുണ്ടു്. വേർപിരിയാനുള്ള മോഹം അനൈക്യത്തിന്റെ വിഷക്കാറ്റാണു് നാട്ടിൽ പരത്തുന്നതു്. കുടുംബത്തിൽ വെച്ചു തന്നെ അതിന്റെ മുള നുള്ളിക്കളയണം. ഈ ആശയം വീട്ടിന്റെ നാലു ചുമരുകൾക്കപ്പുറത്തു കടക്കുമ്പോൾ കൊള്ളയും കൊലയും തീവെപ്പുമായിമാറുന്നു; നാട്ടിന്റെ സമാധാനം നശിപ്പിക്കുന്നു. നമ്മുടെ കൺമുമ്പിൽ പലപ്പോഴും പ്രത്യക്ഷപ്പെടാറുള്ള സത്യങ്ങളാണിവ. (മിണ്ടാതെ തെല്ലിട നടക്കുന്നു. തിരിച്ചുവരുന്നു.) ഈ തെറ്റു ചെയ്യാൻ അറിഞ്ഞുകൊണ്ടു ഞാൻ നിങ്ങളെ അനുവദിക്കുകയില്ല. എന്താവശ്യമുണ്ടോ, അതു തരാം. എന്തസുഖമുണ്ടോ, അതു തീർക്കാം. സ്വാർഥത്തിനുവേണ്ടി സ്നേഹബന്ധങ്ങളെ ബലികഴിക്കുന്ന ഈ സമ്പ്രദായം മരണംവരെ ഞാനനുവദിക്കില്ല. (ഈ സംഭാഷണം ഏതാണ്ടു പകുതിയാവുമ്പോൾ ശാന്ത വാതിലിനടുത്തു വന്നു നില്ക്കുണം; ശ്രദ്ധിക്കണം.)

ഭാരതി: ഈശ്വരാ! (കരയുന്നു) ഞാനച്ഛനോടു സ്നേഹമില്ലാഞ്ഞിട്ടു പറഞ്ഞതല്ല. അച്ഛാ, അച്ഛനെന്നെ തെറ്റിദ്ധരിക്കുന്നു. ഇതെന്റെ സ്വാർഥമല്ല. ഞാൻ കുടു

തൽ സുഖത്തിനു കൊതിക്കുന്നതുമല്ല: എന്റെ കുട്ടികളുടെ അച്ഛനെ ഓർത്തുമാത്രം പറഞ്ഞതാണ്.

രാഘവൻ: (കഴിയുന്നതും ശാന്തനാവാൻ ശ്രമിച്ചുകൊണ്ട്) മോളേ, ഞാനാരേം വെറുക്കാൻ പഠിച്ചിട്ടില്ല. അതുപോലെ എന്റെ മക്കളും മറ്റുള്ളവരെ വെറുക്കരുത്. മനസ്സിലായോ? (അകത്തേക്കു പോകുന്നു.)

ഭാരതി: (തേങ്ങിക്കരഞ്ഞുകൊണ്ട്) ഓ! ഞാനിതെങ്ങനെ സഹിക്കും? ഈശ്വരനെപ്പോലെയുള്ള എന്റെ അച്ഛൻ എന്നെ തെറ്റിദ്ധരിച്ചില്ലേ? (വീണ്ടും സഹിക്കാത്ത ദുഃഖത്തോടെ മുഖം പൊത്തി കരയുന്നു.)

ഭാരതി: (പുറത്തേക്കു കടന്നുവരുന്നു. ഭാരതിയുടെ അടുത്തുവന്ന് പതുക്കെ വിളിക്കുന്നു.) ഏടത്തീ... ഏടത്തീ...

ഭാരതി: എന്റെ സർവസ്വവും ഞാൻ നശിപ്പിച്ച ശാന്തേ.

ശാന്ത: അച്ഛൻ ശ്രൂണ്ടിവന്നപോലെ സംസാരിക്കുന്നതു കേട്ടല്ലോ. ഒരിക്കലും പതിവില്ലാത്തതാണ്. ഏട്ടത്തി ഭാഗത്തിന്റെ കാര്യം പറഞ്ഞു, ഇല്ലേ?

ഭാരതി: പറഞ്ഞു.

ശാന്ത: അതെന്തിനേട്ടത്തീ? അച്ഛനതിഷ്ടമാവില്ലെന്നറിഞ്ഞു കൂടേ?

ഭാരതി: അതറിഞ്ഞുകൊണ്ടുതന്നെയല്ലേ നീയും ചോദിച്ചത്?

ശാന്ത: (തെല്ലൊരമ്പരപ്പോടെ) ഞാനോ?

ഭാരതി: എന്താ സംശയം?

ശാന്ത: ഞാൻ ചോദിച്ചിട്ടില്ല ഇനി ചോദിക്കുകയുമില്ല.

ഭാരതി: (മുഖത്തെ ദുഃഖഭാവം മാറുന്നു. അവിടെ സംശയവും വെറുപ്പും നിഴലിക്കുന്നു.) എന്ത്? നീ ചോദിച്ചില്ലേ?

ശാന്ത: ഇല്ലേട്ടത്തീ.

ഭാരതി: സത്യമാണോ നീയി പറഞ്ഞത്?

ശാന്ത: അതേ.

ഭാരതി: നന്നായി! നീയെന്നെ ചതിച്ചു, ശാന്തേ.

ശാന്ത: ഞാനോ?

ഭാരതി: അതേ, നീയാണെന്നെ നശിപ്പിച്ചത്. ഈ ആശയത്തിന് ആദ്യം രൂപം കൊടുത്തത് നീയാണ്.

ശാന്ത: ഏട്ടത്തിയുടെ കഷ്ടപ്പാട് കണ്ടപ്പോൾ ഞാനങ്ങനെ പറഞ്ഞതാണ്.

ഭാരതി: അന്നു സർവശക്തിയുമുപയോഗിച്ചു ഞാനതിനെ എതിർത്തില്ലേ? അപ്പോൾ നീ ന്യായവാദംകൊണ്ടെന്നെ കീഴടക്കി. എനിക്കുവേണ്ടി ത്യാഗം സഹിക്കുകയാണെന്നുവരെ നീ പറഞ്ഞു. ഈ കൊടും ചതി ചെയ്യണ്ടായിരുന്നു ശാന്തേ.

ശാന്ത: ആത്മാർഥമായി എട്ടത്തിയെ സഹായിക്കണമെന്നു ഞാനാശിച്ചു.

ഭാരതി: നിന്റെ ആത്മാർഥത എന്നെ നരകത്തിലെത്തിച്ചു. മിനിയുടെ അച്ഛൻ എത്ര നിർബന്ധിച്ചിട്ടും ഞാൻ വഴങ്ങിയിരുന്നില്ല. ഒടുവിൽ നീ ഭംഗിവാക്കുമായി എന്നെ സഹായിക്കാനെത്തി.

ശാന്ത: അച്ഛനോടു പറയുന്നതിനുമുൻപ്. ഏട്ടത്തിക്ക് ഒരു വാക്കെന്നോടു ചോദിക്കാമായിരുന്നില്ലേ?

ഭാരതി: നീയെന്നെ ചതിക്കുകയാണെന്നു ഞാൻ മനസ്സിലാക്കിയില്ല.

ശാന്ത: (അക്ഷമയോടെ) ഇതിലെന്തു ചതിയാണേട്ടത്തീ?

ഭാരതി: (അതിലേറെ അക്ഷമയോടെ) ഇതിൽ ചതിയേയുള്ളൂ. കൊടും ചതി. (മുഖത്തു വെറുപ്പു കൂടുതൽ പ്രകടമാവുന്നു.) ഈ കരിമരുന്നറയ്ക്കു തീക്കൊളുത്തിയതു നീയാണ്. ഇനി രക്ഷപ്പെടാമെന്നു നീ കരുതേണ്ടാ. തടുത്താൽ നില്ക്കാത്തവിധം കാര്യങ്ങൾ നീങ്ങിക്കഴിഞ്ഞു. (ശാന്തയുടെ കൈക്കു കേറിപ്പിടിക്കുന്നു.) വരൂ, നിന്നെ വെറുതെ വിടില്ല.

ശാന്ത: (പരുങ്ങി) എവിടേക്ക്?

ഭാരതി: അച്ഛന്റടുക്കലേക്ക്.

ശാന്ത: എന്തിന്?

ഭാരതി: ഭാഗം ചോദിക്കാൻ.

ശാന്ത: ഞാൻ വരില്ല; ചോദിക്കില്ല.

ഭാരതി: (കൈ പിടിച്ചുവലിച്ചുകൊണ്ട്) വരണം, ചോദിക്കണം.

ശാന്ത: അച്ഛന്റെ അടുത്തുചെന്നു ഭാഗം ചോദിച്ച വിവരമറിഞ്ഞാൽ അദ്ദേഹമെന്നെ കൊല്ലും.

ഭാരതി: (തന്നത്താൻ മറന്നപോലെ) അതുപോലെ എനിക്കുമുണ്ടൊരദ്ദേഹം. അദ്ദേഹത്തിനു വേണ്ടിയാണ് ഞാൻ ചോദിച്ചതു്; അതും നിന്റെ വാക്കുകേട്ട്. വരൂ, ഇപ്പോൾ ചോദിക്കണം.

ശാന്ത: വയ്യാ.

ഭാരതി: നിന്നെ ഞാൻ വിടില്ല. (അങ്ങട്ടുമിങ്ങട്ടും പിടിയും വലിയും നടക്കുന്നു.)

ശാന്ത: (കരയാറായ മട്ടിൽ) വിട്ടു, ഏട്ടത്തീ.

ഭാരതി: (ഉറക്കെ) വിടില്ല. എന്നെ നശിപ്പിച്ചു സ്നേഹമുള്ള മകളായി ഇവിടെ ഞെളിഞ്ഞുനടക്കുക പാടില്ല. അച്ഛന്റെ മുൻപിൽ നീയും എന്നെപ്പോലെ കുറ്റക്കാരിയാവണം-വരൂ.

ശാന്ത: (തൊണ്ടയിടറിക്കൊണ്ട്) ഈ ഏട്ടത്തിക്കു ഭ്രാന്തായിപ്പോയോ?

ഭാരതി: അതേ, എനിക്കു ഭ്രാന്താണ്.

ശാന്ത: എന്റെ കൈ വേദനിക്കുന്നു. ഇതു കണ്ടോ അമ്മേ... അയ്യോ... എനിക്കു വേദനിക്കുന്നു.

ലക്ഷ്മിക്കുട്ടിയമ്മ: (അകത്തുനിന്ന്) എന്താ, എന്താ, അവിടെ ഒരു ബഹളം?

ഭാരതി ശാന്തയെ ബലം പ്രയോഗിച്ച് കൊണ്ടുപോകാനുള്ള ശ്രമമാണ്. ബഹളത്തിനിടയിൽ ലക്ഷ്മിക്കുട്ടിയമ്മ ബദ്ധപ്പെട്ടു വരുന്നു.

ലക്ഷ്മിക്കുട്ടിയമ്മ: എന്താ മക്കളേ, ഈ കാണിക്കുന്നത്?

ശാന്ത: (കരഞ്ഞുകൊണ്ട്) ഇതു കണ്ടോ, അമ്മേ?

ലക്ഷ്മിക്കുട്ടിയമ്മ: (ശ്രുണ്ടിയോടെ) ഭാരതീ, അവളുടെ കൈ വിട്ടൂ.

ഭാരതി: (ആ ശബ്ദം കേട്ട് അമ്മയെ നോക്കി അനങ്ങാതെ നില്ക്കുന്നു. പിന്നെ ശാന്തയുടെ കൈ വിട്ടു ലക്ഷ്മിക്കുട്ടിയമ്മയുടെ കഴുത്തിൽ കൈചേർത്തു കരയുന്നു.) അമ്മേ...

— യവനിക —

രംഗം 5

റേഡിയോവിൽ നല്ലൊരു സംഗീതം കേൾക്കുന്നു. ഭാരതി അതു കേട്ടുകൊണ്ട് വരുന്നു. ഓഫാക്കി ഒരു സ്ഥലത്തു ചെന്നിരിക്കുന്നു. ദുഃഖിതയാണ്. അകത്തുനിന്നു മുത്തച്ഛന്റെ പാട്ടും ചിരിയും കേൾക്കുന്നു. കുട്ടിയെ കളിപ്പിക്കുകയാണ്.

‘വെണ്ണ കട്ടുണ്ണുന്ന കുഞ്ഞിക്കള്ളൻ
കണ്ണനാമുണ്ണി ചിരിച്ചു വായോ
പീലിത്തിരുമുടി ചാർത്തിയോൻ പിച്ചക-
മാലയണിഞ്ഞവനോടിവായോ
എന്റെമോനെന്റെമോൻ ചാടിവായോ
മുത്തച്ഛനെപ്പോഴും മുത്തം തായോ.’

മുത്തച്ഛൻ മതിമറന്നു പൊട്ടിച്ചിരിക്കുന്നു.

ശാന്ത: (വാതിലുൽ വന്നുനിന്നു വിളിക്കുന്നു) ഏട്ടത്തീ, ഇതേ, ഇതു നോക്കൂ... (ഭാരതി തല പൊക്കിനോക്കുന്നു, മുൻപോട്ടുവന്ന്.) മുത്തച്ഛന്റെ പാട്ടു കേട്ടു കുഞ്ഞിമോൻ പൊട്ടിപ്പൊട്ടിച്ചിരിക്കുന്നു. മുത്തച്ഛനു മോനെന്നു വെച്ചാൽ കഴിഞ്ഞു; അതുപോലെ മോനും. (ഭാരതി ശ്രദ്ധിക്കുകയല്ലാതെ ഒന്നും മിണ്ടുന്നില്ല.) അവരു തമ്മിലുള്ള കളി കണ്ടാൽ അതുതന്നെ നോക്കി നില്ക്കാൻ തോന്നും. (ഭാരതി ശ്രദ്ധിക്കുകയല്ലാതെ ഒന്നും പറയുന്നില്ല.) മുത്തച്ഛന്റെ സുഖക്കോടായിരുന്നു നമ്മുടെ വലിയ നിർഭാഗ്യം. ഈശ്വരകാരുണ്യംകൊണ്ട് അതു സുഖമായി.

ഭാരതി: (ഒട്ടും വികാരമില്ലാതെ) അതോടെ പുതിയ നിർഭാഗ്യം തുടങ്ങുകയും ചെയ്തു.

ശാന്ത: അതൊന്നും സാരോല്ലട്ടത്തീ.

ഭാരതി: എന്നു നീ പറയും. ഇനി വന്നു കേറിയാൽ എന്തൊക്കെ ബഹളാണെന്നാരു കണ്ടു?

ശാന്ത: പോയതിൽ പിന്നെ വിശ്വേട്ടന്റെ കത്തുണ്ടായിരുന്നില്ലേ?

ഭാരതി: ഇല്ല. കഴിഞ്ഞ രണ്ടു മാസത്തിനിടയ്ക്ക നാലു തവണ പണത്തിനെഴുതി. മറ്റൊരക്ഷരം എഴുതാറില്ല. മോന്റെ സുഖവിവരംപോലും അന്വേഷിക്കാറില്ല.

ശാന്ത: ഒരുപക്ഷേ, മനസ്സൊക്കെ മാറീട്ടാവും തിരിച്ചുവരുന്നത്.

ഭാരതി: അത്രമാതം സുകൃതം ഞാൻ ചെയ്തിട്ടില്ല. എന്തൊക്കെ ഞാനനുഭവിച്ചു? ഇനി എന്തൊക്കെ അനുഭവിക്കണമെന്നാരുകണ്ടു? ഇതിനൊക്കെ വല്ല അടിസ്ഥാനവുമുണ്ടോ? ഉണ്ടെങ്കിൽ വേണ്ടില്ലായിരുന്നു... എന്റെ തലയിലെഴുത്ത്!

ശാന്ത: ഇപ്പോൾ വിശ്വേട്ടന്റെ തെറ്റിദ്ധാരണകളൊക്കെ മാറീട്ടുണ്ടാവും.

ഭാരതി: മദിരാശിയിൽ പോകാഞ്ഞതുകൊണ്ടാ തെറ്റിദ്ധാരണ മാറാഞ്ഞത്? അതല്ല, തെറ്റിദ്ധാരണ മാറ്റാൻ മദിരാശിയിൽ വല്ല ഔഷധവുമുണ്ടോ?

ശാന്ത: വിശ്വേട്ടൻ പുതിയ മനുഷ്യനായിട്ടാവും തിരിച്ചുവരുന്നത്, തീർച്ച.

ഭാരതി: ഇനി ആരായിട്ടും കാര്യമില്ല. ഈ വീട്ടിലെ സമാധാനം തകർന്നുപോയി ശാന്തേ. ഇനി പഴയ മട്ടിലാവില്ല.

ശാന്ത: അങ്ങനെ വിചാരിക്കരുത്. കുടുംബകലഹം ബലൂൺ പോലാണ്. ആരെങ്കിലും ഊതാനില്ലെങ്കിൽ അതു വീർക്കില്ല.

> അകത്തുനിന്നു ലക്ഷ്മിക്കുട്ടിയമ്മ ഉറക്കെ നാമം ജപിച്ചുകൊണ്ടു വരുന്നു. കളി കഴിഞ്ഞു് ഈറൻമുടി പിന്നിൽ ഞാത്തിയിട്ടിരിക്കയാണ്. നെറ്റിയിൽ ചന്ദനം കൊണ്ടു വരക്കുറി ഇട്ടിരിക്കുന്നു.

ലക്ഷ്മിക്കുട്ടിയമ്മ: കൃഷ്ണ കൃഷ്ണാ, ഭഗവാനേ, ഗുരുവായൂരപ്പാ, വലയ്ക്കല്ലേ! (നെടുവീർപ്പു്) എന്തുണ്ടായിട്ടെന്താ (ഭാരതിയുടെയും ശാന്തയുടെയും അടുത്തെത്തുന്നു.) പണം കൊടുത്താൽ വാങ്ങാൻ കിട്ടുന്നതല്ലല്ലോ സന്തോഷം. (ഒരിടത്തിരിക്കുന്നു.)

ശാന്ത: പണമുണ്ടെങ്കിൽ സന്തോഷം പറന്നുവരും, അമ്മേ.

ലക്ഷ്മിക്കുട്ടിയമ്മ: പതിനായിരംതന്നെ തരാം. വീട്ടിലുള്ളവരെ മുഴുവൻ വേണ്ടാ, ഈ ഭാരതിയെ നീയൊന്നു ചിരിപ്പിക്ക.

ശാന്ത: നേരായിട്ടും തെര്വോ, അമ്മേ?

ലക്ഷ്മിക്കുട്ടിയമ്മ: തരും.

ശാന്ത: പതിനായിരം ഉറപ്പിക.

ലക്ഷ്മിക്കുട്ടിയമ്മ: അതേ.

ശാന്ത: ഇതു കേട്ടോ, ഭാരതിയേട്ടത്തീ. ഒരു ചിരിക്കു പതിനായിരമാണ് കിട്ടാൻ പോകുന്നത്. എന്തു പറയുന്നു?

ഭാരതി: നിലവാരം കൂടിപ്പോയി ശാന്തേ.

ശാന്ത: ഭാരതിയേട്ടത്തി എന്തു വിചാരിക്കുന്നു? ഒന്നു ചിരിച്ചൂടെ?

ഭാരതി: നീ ചിരിച്ചുകൊടുക്ക, എനിക്കുവേണ്ടി.

ശാന്ത: എന്റെ ചിരിക്കു വിലയില്ലല്ലോ.

ഭാരതി: കുറച്ചുദിവസം തനിച്ചിരുന്ന കരഞ്ഞോളൂ; എന്നാൽ നിന്റെ ചിരിക്കും വില കൂടും. ഒരുകാലത്ത് കൂടുതൽ ചിരിച്ചതിന് ഈ അമ്മയെന്നെ ശാസിച്ചിട്ടുണ്ട്.

ശാന്ത: അമ്മതന്നെയാണിന്ന ഭാരതിയേടത്തിയുടെ ചിരിക്കു വില പറയുന്നതും.

ഭാരതി: (നെടുവീർപ്പ്) അന്നും ഇന്നും തമ്മിലുള്ള വ്യത്യാസം.

ലക്ഷ്മിക്കുട്ടിയമ്മ: വലിയ വ്യത്യാസം വന്നുപോയി മക്കളേ. ഇതൊക്കെ മനുഷ്യനുണ്ടാക്കിത്തീർത്ത വ്യത്യാസമാണ്.

മുത്തച്ഛൻ വാതിൽപ്പുറത്ത് പ്രത്യക്ഷപ്പെടുന്നു. പഴയ പ്രാകൃതവേഷമല്ല. തലമുടി ക്രോപ്പ് ചെയ്ത് ഒതുക്കിയിരിക്കുന്നു. വെളുത്ത മുണ്ടും ഷർട്ടുമാണ് ധരിച്ചിട്ടുള്ളത്. വാതിൽപ്പുറത്തുനിന്നു വിളിക്കുന്നു.

മുത്തച്ഛൻ: ലക്ഷ്മിക്കുട്ടീ!

ലക്ഷ്മിക്കുട്ടിയമ്മ: (എഴുന്നേറ്റ്) എന്താച്ഛാ?

മുത്തച്ഛൻ: (അല്പം മുൻപോട്ടുവന്ന്) മോന്റെ വയറ് ഒട്ടിക്കിടക്കുന്നു. അവനിത്തിരി പാലു കൊടുക്കൂ.

ലക്ഷ്മിക്കുട്ടിയമ്മ: അവന് അല്പം മുൻപ് ഞാനല്ലേ പാലു കൊടുത്തത്. വിശക്കാറായിട്ടില്ല; വിശന്നാലവൻ ഇങ്ങനെ അടങ്ങിക്കിടക്കുമോ?

മുത്തച്ഛൻ: അതു ശരിയാ.

ലക്ഷ്മിക്കുട്ടിയമ്മ: അല്പംകൂടി കഴിയട്ടെ, അച്ഛാ. ഇല്ലെങ്കിലവന്റെ വയറു കേടുവരും.

മുത്തച്ഛൻ: അല്പം കഴിഞ്ഞിട്ട് കൊടുത്താൽമതി (തിരിച്ചു പോകുന്നു. അകത്തു ചെന്നാൽ അല്പനേരം പാട്ടും ചിരിയും കേൾക്കണം.)

ശങ്കുണ്ണി തപാലുംകൊണ്ടുവരുന്നു. ഏതാനും ദിനപത്രങ്ങൾ, കവറുകൾ എന്നിവയൊക്കെ മേശപ്പുറത്തുവെച്ച് അകത്തേക്കു കടന്നുപോകുന്നു.

ലക്ഷ്മിക്കുട്ടിയമ്മ: ശങ്കുണ്ണീ, അലമാറയിൽ ബിസ്കറ്റുണ്ട്. രണ്ടെണ്ണം എടുത്ത് അച്ഛന്റെ കയ്യിൽ കൊടുക്കൂ. ഇത്തിരിശ്ശ പൊടിച്ചുകൊടുക്കട്ടെ മോന്.

ശാന്ത: (തപാൽ പരിശോധിക്കുന്നു) ഇതാമ്മേ, ജയന്റെ കത്ത്. (ലക്ഷ്മിക്കുട്ടി വലിയ താത്പര്യം പ്രദർശിപ്പിക്കുന്നില്ല.) അമ്മയ്ക്കാണ്. (മേൽവിലാസം വായിക്കുന്നു.) 'ശ്രീമതി ലക്ഷ്മിക്കുട്ടിയമ്മ ആനന്ദസദനം.'

ലക്ഷ്മിക്കുട്ടിയമ്മ: ആനന്ദസദനം! എന്തൊരു പേര്.

ശാന്ത: (കത്തു പൊട്ടിക്കാൻ ശ്രമിച്ചുകൊണ്ട്) ഞാൻ വായിക്കട്ടേ അമ്മേ?

ലക്ഷ്മിക്കുട്ടിയമ്മ: വരട്ടേ.

ശാന്ത: അമ്മ കണ്ണട വെച്ചിട്ടില്ലല്ലോ. ഞാൻ വായിക്കാം.

ലക്ഷ്മിക്കുട്ടിയമ്മ: വരട്ടേന്ന്.

ശാന്ത: അമ്മയ്ക്കെന്താണൊരു പരിഭ്രമം?

ലക്ഷ്മിക്കുട്ടിയമ്മ: കത്തുപൊട്ടിക്കണ്ടാന്ന്.

ശാന്ത: പൊട്ടിക്കാതെ വായിക്കാൻ പറ്റ്വോ?

ലക്ഷ്മിക്കുട്ടിയമ്മ: വായിക്കണ്ടാന്ന്.

ശാന്ത: അമ്മ കാര്യായിട്ടാണോ പറയുന്നത്?

ലക്ഷ്മിക്കുട്ടിയമ്മ: എനിക്കു വന്ന കത്തല്ലേ, ഞാനതു സൗകര്യംപോലെ വായിച്ചോളാം. ഇങ്ങു തരൂ.

ശാന്ത: ജയന്റെ വിവരമറിയാൻ എനിക്കും താല്പര്യമുണ്ടാവില്ലേ. അമ്മേ, ഞാൻ വായിച്ചാലെന്താ?

ലക്ഷ്മിക്കുട്ടിയമ്മ: (അസ്വസ്ഥതയോടെ.) നിങ്ങളെല്ലാവരുംകൂടി എന്നെ ഭ്രാന്തു പിടിപ്പിക്കും.

ശാന്ത: ഇതു നല്ല പുതുമ!

ലക്ഷ്മിക്കുട്ടിയമ്മ: എനിക്കവന്റെ കത്തു വായിച്ചു കേൾക്കണ്ടാ. വിവരവും അറിയണ്ടാ.

ശാന്ത: അമ്മേ!

ലക്ഷ്മിക്കുട്ടിയമ്മ: എല്ലാംകൊണ്ടും ശല്യം, കുട്ടത്തിൽ അവന്റെ വക വേറെയും. എനിക്കറിയാം, ആ കത്തിലെത്താണെന്ന് (വേദനയും ശ്രുണ്ടിയും കലർന്ന സ്വരത്തിൽ.) അവന്റെ വിവാഹത്തിന്റെ കഥയൊക്കെ വിസ്തരിച്ചെഴുതീട്ടുണ്ടാവും. എനിക്കതു കേൾക്കാനുള്ള ശക്തിയില്ല.

ശാന്ത: ഇതെന്തു ഭീരുത്വമാണമ്മേ? ഭാര്യേം കൂട്ടി ഇന്നല്ലെങ്കിൽ നാളെ ജയനിവിടെ വരില്ലേ? അപ്പോൾ അമ്മ വേണ്ടേ അവരെ സ്വീകരിക്കാൻ?

ലക്ഷ്മിക്കുട്ടിയമ്മ: ഓ! സ്വീകരിക്കും. പടിക്കേന്നു പടിഞ്ഞാറ്റിയോളം പരവതാനി വിരിച്ച് അമ്മ സ്വീകരിക്കും. അതും കൊതിച്ചിങ്ങു വരട്ടെ.

ശാന്ത: എന്തായാലും ഇതൊന്നു വായിക്കണം. (കത്തു പൊട്ടിക്കുന്നു.) അമ്മേ കേട്ടോളൂ. (ലക്ഷ്മിക്കുട്ടിയമ്മ അല്പം ശ്രുണ്ടിയോടെ അകത്തേക്കു പോകുന്നു. അതു ശ്രദ്ധിക്കാതെ വായന തുടരുന്നു.)

> പ്രിയപ്പെട്ട അമ്മേ,
>
> എന്റെ യാത്രയുടെ അവസാനമായി മദിരാശിയിൽനിന്നു വെള്ളിയാഴ്ച മെയിലിനു ഞാൻ നാട്ടിലേക്കു മടങ്ങും. ശനിയാഴ്ച ഉച്ചയ്ക്ക് നമുക്കൊരുമിച്ചവിടെ ഊണു കഴിക്കാം.// ഞാനമ്മയ്ക്ക് ഒരു മകളേയും കൊണ്ടുവരുന്നുണ്ട്. അല്പദിവസം അമ്മയും മകളും കൂടിയുള്ള കൂടിക്കാഴ്ച രസകരമായിരിക്കും. (തലപൊക്കിനോക്കുന്നു. അമ്മയെ കാണാഞ്ഞു ഭാരതിയോടു ചോദിക്കുന്നു.) അല്ലാ, അമ്മ പോയോ?

ഭാരതി: പോയി. മുഴുവനും വായിക്കൂ, കേൾക്കട്ടെ.

ശാന്ത:

> അമ്മയ്ക്കും മകൾക്കും അന്യോന്യം ഭാഷ മനസ്സിലാവില്ല രണ്ടാളും കഥകളി മട്ടിൽത്തന്നെ കുറച്ചുദിവസം ആശയവിനിമയം നടത്തേണ്ടിവരും. എന്റെ ഭാര്യയെന്നു പറയുന്നവളെ ഞാൻ കുറേശ്ശ കഥകളിമുദ്ര പഠിപ്പിക്കുന്നുണ്ട്. തീവണ്ടിയിൽ ഞങ്ങളോടൊപ്പം യാത്രചെയ്യുന്നവർക്ക് അതു നേരമ്പോക്കിനൊരു നല്ല വകയാണ്.
>
> ഞാനവളെ മലയാളത്തിൽ രണ്ടു വാക്കു പഠിപ്പിച്ചു. എന്തെന്നല്ലേ? 'അമ്മേ നമസ്കാരം' എന്ന്. ആദ്യം കാണുമ്പോൾ അതാണല്ലോ അവളമ്മയോടു പറയേണ്ടത്. മണ്ടശ്ശിരോമണിയാണ്. അവിടെ എത്തുമ്പോഴേയ്ക്കതു മറക്കുമോ. എന്തോ, ഇപ്പോൾ അവളതു പറഞ്ഞുകേൾക്കാൻ നല്ല രസമുണ്ട്. ഭാരതിയേട്ടത്തിയോടും ശാന്തയോടും ചിരിക്കരുതെന്നു പ്രത്യകം പറഞ്ഞേല്പിക്കണേ! അവൾ പാവമാണമ്മേ. അന്ധാളിച്ചുപോകും.
>
> ഇന്ത്യ മുഴുവൻ ഒരു കുടുംബമാണെന്ന വിശ്വാസത്തോടെ ഏറ്റവും നല്ലൊരു മകനായിട്ടാണമ്മേ ഞാൻ തിരിച്ചുവരുന്നത്. ഈ മഹാരാജ്യം വലിയൊരു കുടുംബമാണെന്ന വിശ്വാസത്തോടെ. അമ്മയ്ക്കു മനസ്സിലാവുന്നുണ്ടോ? ഇല്ലെങ്കിൽ അമ്മയ്ക്കു വേണ്ടി കൊണ്ടുവരുന്ന ഈ മകളതു മനസ്സിലാക്കിത്തരും. ശനിയാഴ്ച ഉച്ചയ്ക്ക് എല്ലാവരേയും കാണാനും ഒരുമിച്ചിരുന്നുണ്ണാനും ഞാൻ ബദ്ധപ്പെടുകയാണ്. നിർത്തട്ടെ. ബാക്കി വിവരങ്ങളൊക്കെ അവിടെ എത്തീട്ടു പറയാം.
>
> എന്ന, സ്നേഹമുള്ള മകൻ, ജയൻ.

ഭാരതി: നമ്മുടെ കുടുംബകാര്യങ്ങൾ നന്നാവാൻ തന്നെയാണ് ഭാവം.

ശാന്ത: ഇതിലൊന്നും ഒരു നന്മകേട്ടും ഞാൻ കാണുന്നില്ല. (പിന്നേയും കത്തുകൾ തിരയുന്നു. കൂട്ടത്തിൽ ഒന്നെടുത്ത് ഭാരതിയുടെ നേർക്കു നീട്ടുന്നു.) ഇതേട്ടത്തിക്കാണ്.

ഭാരതി: (അല്പമൊരു ഞെട്ടലോടെ) എനിക്കോ?.

ശാന്ത: കത്തുണ്ടെന്നു പറയുമ്പോൾ ഇന്നെന്താ ഇവിടെ എല്ലാവർക്കും പരിഭ്രമം (ഭാരതി കത്തു വാങ്ങുന്നു, പൊട്ടിച്ചു വായിക്കുന്നു) വിശ്വേട്ടന്റെ കത്താണോ? എന്താ വിശേഷം?

ഭാരതി: ഒരു വാചകം മാത്രം. ഇന്നു മെയിലിന്ന് ഇവിടെ എത്തുമെന്ന്.

ശാന്ത: മെയിൽ വരാറായല്ലോ.

ഭാരതി: (വാച്ചു നോക്കി) സമയം പതിനൊന്നു കഴിഞ്ഞു അഞ്ചു മിനിട്ടായി.

ശാന്ത: പതിനൊന്നരയ്ക്കാണ് മെയിൽ വരേണ്ടത്. ഏട്ടത്തി ഒന്നു പോയിനോക്കുന്നോ?

ഭാരതി: ഡ്രൈവറെ വിളിച്ച് സ്റ്റേഷനിലേക്കു കാറയയ്ക്കാം.

ശാന്ത: വേണ്ടേട്ടത്തി, ഏട്ടത്തിതന്നെ ചെല്ല്. സ്റ്റേഷനിലേക്ക് ഒരു അഞ്ചു മിനുട്ട ഡ്രൈവല്ലേ ഉള്ളു. വിശ്വേട്ടന് അതൊക്കെ വലിയ കാര്യമാണ്. ചെന്നില്ലെൽ തെറ്റിദ്ധരിച്ചെന്നവരും.

ഭാരതി: (എഴുന്നേല്ക്കുന്നു) ശരിയാണ്. എളുപ്പത്തിൽ തെറ്റിദ്ധരിക്കും.

ശാന്ത: വേഗത്തിൽ കാറെടുത്തു ചെല്ല്. താമസിക്കണ്ടാ.

ഭാരതി പോകുന്നു. ശാന്ത വീണ്ടും കത്തുകൾ പരിശോധിക്കുന്നു. രാഘവൻ വരുന്നു.

രാഘവൻ: തപാൽ വന്നോ?

ശാന്ത: ഇതൊക്കെ ഇന്നലത്തേതാണച്ഛാ. ഇന്നലെ മെയിലൊരുപടി താമസിച്ചാണല്ലോ വന്നതു്. (രാഘവനുള്ള കത്തുകൾ ഓരോന്നോരോന്നായി എടുത്തു കൊടുക്കുന്നു.)

രാഘവൻ: (കത്തു പൊട്ടിച്ചു് കണ്ണോടിച്ചു് മാറ്റിവെക്കുന്നു. കൂട്ടത്തിൽ ഒരു കത്തു വായിച്ച ഉടനേ വിളിക്കുന്നു.) ശങ്കുണ്ണീ... എടാ ശങ്കുണ്ണീ...) (ശങ്കുണ്ണി വിളികേട്ടു കൊണ്ടു് വരുന്നു.) എടാ, വൈകുന്നേരം നീയാ മോട്ടോർ വർക്ക്ഷാപ്പിലൊന്നു പോണം. അവിടത്തെ മേനേജരെ നിനക്കറിയാമോ?

ശങ്കുണ്ണി: അറിയില്ല.

രാഘവൻ: എടാ, മെലിഞ്ഞു നീണ്ടു കണ്ണട വെച്ചിട്ടൊരാൾ. നാരായണനെന്നാ പേരു്. അന്നിവിടെ വന്നു, നീ കണ്ടില്ലേ?

ശങ്കുണ്ണി: (ഓർമിച്ചു്) എപ്പഴും ഒരു കാറും ഓടിച്ചു് ഇതിലെയൊക്കെ പോകാറുണ്ടു്.

രാഘവൻ: അതേ, അദ്ദേഹംതന്നെ.

ശങ്കുണ്ണി: ഇന്നാളു്. പോലീസുകാരൻ നില്ക്കുന്ന സ്ഥലത്തു വലിയൊരു കടയില്ലേ, കാറുകൊണ്ടുചെന്നു് അതിനിടിച്ചു.

രാഘവൻ: ഇടി പോലീസുകാരനു കൊണ്ടോ?

ശങ്കുണ്ണി: ഇല്ല. പോലീസുകാരൻ രക്ഷപ്പെട്ടു. (ശബ്ദം താഴ്ത്തി) കടിച്ചിട്ടാണു് കാറോടിച്ചതെന്നു ജനങ്ങളൊക്കെ പറഞ്ഞു.

രാഘവൻ: അതെന്തെങ്കിലുമാവട്ടെ. നീ മാനേജരെക്കണ്ടു് എന്റെ കാർ ശനിയാഴ്ച രാവിലെ തരാൻ പറയണം.

ശാന്ത: അടുത്ത ബുധനാഴ്ച തരാമെന്നല്ലേ അയാൾ പറഞ്ഞതു്?

രാഘവൻ: ഇതു പോരാ, മോളേ. ശനിയാഴ്ച ജയൻ വരും. അവനും ഭാര്യയ്ക്കും ഉപയോഗിക്കാനൊരു കാറു വേണ്ടേ? പുതിയതു കിട്ടുന്നതുവരെ എന്റെ കാറുപയോഗിച്ചോട്ടെ. (ശങ്കുണ്ണിയോടു്) കഴിയുമെങ്കിൽ വെള്ളിയാഴ്ച വൈകിട്ടു തന്നെ തരാൻ പറ. ഇല്ലെങ്കിൽ ശനിയാഴ്ച രാവിലെ പത്തു മണിക്കു്. (ശങ്കുണ്ണി തലകുലുക്കി സമ്മതിച്ചു പുറത്തേക്കു പോകാൻ തുടങ്ങുന്നു.) എടാ, ഇവിടെ വാ. (ശങ്കുണ്ണി തിരിച്ചുവരുന്നു.) വൈകിട്ടു പോകാനല്ലേ നിന്നോടു പറഞ്ഞതു്?

ശങ്കുണ്ണി: അതേ.

രാഘവൻ: പിന്നെ ഇപ്പത്തന്നെ എവിടേക്കാ ചാടിപ്പുറപ്പെട്ടത്? (ശങ്കുണ്ണി അല്പം ഇളിഭ്യതയോടെ തല ചൊറിഞ്ഞു നില്ക്കുന്നു.) നിനക്കിപ്പഴിവിടെ വിശേഷിച്ച് ജോലിയൊന്നുമില്ലല്ലോ?

ശങ്കുണ്ണി: ഇല്ല.

ശാന്ത: മുത്തച്ഛന്റെ രോഗം മാറിയതോടെ ശങ്കുണ്ണിക്കു തൊഴിലില്ലായ്മയും തുടങ്ങി.

രാഘവൻ: ഇവൻ അരിവെപ്പിൽ വലിയ വിദഗ്ധനാണെന്നല്ലേ പറഞ്ഞത്. ഇനി കുറേ അടുക്കളക്കാര്യം ശ്രദ്ധിക്കട്ടെ.

ശങ്കുണ്ണി: (തലചൊറിഞ്ഞ് അല്പമൊരു പരുങ്ങലോടെ) എനിക്കു വേറൊരു കാര്യം പറയാനുണ്ടായിരുന്നു.

രാഘവൻ: എന്താ കേൾക്കട്ടെ.

ശങ്കുണ്ണി: ആ മാനേജരോടു പറഞ്ഞാൽ എന്നെ കാറോടിക്കാൻ പഠിപ്പിച്ചുതരും.

രാഘവൻ: എന്നിട്ട്?

ശങ്കുണ്ണി: എന്നിട്ട് ഡ്രൈവറാവണന്നുണ്ട്.

രാഘവൻ: എന്തിനാ, ജനപ്പെരുപ്പം തടയാനാണോ? എടാ, നീയും മറ്റും ഡ്രൈവറായാൽ ജനങ്ങൾ പിന്നെ റോഡിലിറങ്ങില്ല. പഠിച്ച ഡ്രൈവർമാരെക്കൊണ്ടുതന്നെ വേണ്ടത്ര നാശമുണ്ട്. നീയുംകൂടി ചേർന്നതു പെരുപ്പിക്കണ്ടാ. നിനക്കു പറ്റിയ സ്ഥലം അടുക്കളയാണ്. അങ്ങോട്ടുതന്നെ പോയ്ക്കോളൂ. (ശങ്കുണ്ണി അകത്തേക്കു പോകുന്നു. വീണ്ടും കത്തുകൾ വായിക്കാൻ തുടങ്ങുന്നു. വായിക്കുന്നതിനിടയിൽ ശാന്തയോടു ചോദിക്കുന്നു.) ഇവിടെ ആരും ഈ റേഡിയോ ഉപയോഗിക്കാറില്ല, ശാന്തേ?

ശാന്ത: അതിവിടെ ഉള്ള കാര്യംതന്നെ പലരും മറന്നിരിക്കുന്നു.

രാഘവൻ: (റേഡിയോവിന്റെ അടുത്തേക്കു നീങ്ങി) ഇപ്പോൾ ലളിതഗാനങ്ങളുടെ സമയമാണോ?

ശാന്ത: അല്ലച്ഛാ, ഇപ്പോൾ തൊഴിലാളികൾക്കുവേണ്ടിയോ വിദ്യാർത്ഥികൾക്കു വേണ്ടിയോ ഉള്ള പരിപാടി വല്ലതുമായിതിക്കും. വല്ല പ്രഭാഷണവും കേൾക്കാം.

രാഘവൻ: എനിക്കതാണ് വേണ്ടത്. (റേഡിയോ ട്യൂൺ ചെയ്യുന്നു.) കലകളാസ്വദിക്കുന്ന കാര്യത്തിലും പ്രായത്തിനൊരു പങ്കുണ്ടല്ലോ. (റേഡിയോവിൽ പ്രഭാഷണത്തിന്റെ ഏതാനും അംശം കിട്ടുന്നു.) 'പല ഭാഷ, പല ആചാരം, പല മതം, പല ജാതി, പലതരത്തിലുള്ള കാലാവസ്ഥ-ഇതെല്ലാമാണെങ്കിലും മഹത്തായ ഈ രാജ്യത്തിലെ ജനങ്ങളുടെ സാസ്കാരം ഒന്നാണ്. ആ സംസ്കാരം അവരെ കൂട്ടിയിണക്കുന്നു. ഭൂമിശാസ്ത്രപരമായ് നോക്കിയാലും ഈ രാജ്യത്തിന്റെ നാനാഭാഗങ്ങളും ഏകോചിച്ചു നില്ക്കേണ്ടതാണെന്ന ന്യായത്തെ ബലപ്പെടുത്താൻ പോരുന്ന എത്രയോ തെളിവുകൾ നമുക്കു കണ്ടെത്താൻ കഴിയും. ഒന്നാമത്തെ തെളിവ്...' (റേഡിയോവിൽ ചില പൊട്ടലും മൂളലും! പ്രക്ഷേപണം തട

സ്സപ്പെടുന്നു. ആ പ്രഭാഷണത്തിന്റെ ബാക്കി ഭാഗവും കൂടി കേൾക്കാനുള്ള മുഴുവൻ പ്രയത്നവും വിഫലമാവുന്നു. അതുമൂലമുണ്ടായ നിരാശയോടെ ശാന്തയോടു പറയുന്നു.) ഇവിടത്തെ അന്തരീക്ഷത്തിനു യോജിക്കാത്തതുകൊണ്ടാവും ആ പ്രസംഗം ഇടയിൽ തടയപ്പെട്ടുപോയത്. ഐക്യത്തെപ്പറ്റിയാണല്ലോ പറഞ്ഞുകൊണ്ടിരുന്നത്. മറ്റുള്ളവരുടെ ഉപദേശം കേൾക്കുന്നതുകൂടി ഇവിടെ നിഷിദ്ധമായിരിക്കാം- (തിരിച്ചുവന്നു പഴയ സ്ഥാനത്തിരിക്കുന്നു. അല്പം കഴിഞ്ഞു വിളിക്കുന്നു.) ശാന്തേ.

ശാന്ത: അച്ഛാ.

രാഘവൻ: ഞാനതു മറന്നു. പല ദിവസമായി നിന്നോടു ചോദിക്കണമെന്നു വിചാരിക്കുന്നു.

ശാന്ത: എന്താണച്ഛാ?

രാഘവൻ: ഇന്നു രണ്ടിലൊന്നു തീരുമാനിക്കണം. ഭാരതിയെക്കൂടി വിളിക്കൂ.

ശാന്ത: ഭാരതിയേടത്തി സ്റ്റേഷനിൽ പോയിരിക്കുന്നു; വിശ്വേട്ടനിന്നു മെയിലിനു വരുന്നുണ്ട്.

രാഘവൻ: അതുവോ? വിശ്വൻ വരുന്നതിനുമുൻപേ ഇക്കാര്യം പറഞ്ഞു തീരുമാനിക്കണമെന്നു വിചാരിച്ചതാണ്. സാരമില്ല... അല്ലെങ്കിൽ ഭാരതിയോടു ചോദിച്ചറിയാനൊന്നുമില്ല. അവളുടെ അഭിപ്രായം നേർത്തെ അറിഞ്ഞുകഴിഞ്ഞു... നീ പറയൂ... നിനക്കു ഭാഗം വേണോ?

ശാന്ത: (ഒട്ടും അമ്പരപ്പില്ലാതെ) വേണ്ടച്ഛാ.

രാഘവൻ: അച്ഛനെ സന്തോഷിപ്പിക്കാൻ മനഃസ്സാക്ഷിക്കെതിരായി പറയണ്ടാ. ആലോചിച്ചു പറഞ്ഞോളൂ.

ശാന്ത: ഇക്കാര്യത്തിൽ എനിക്കൊന്നും ആലോചിക്കാനില്ല.

രാഘവൻ: (അല്പം പരിഹാസത്തോടെ) ഇവിടെ കെട്ടിയിരിപ്പു പണമുണ്ട്. ബാങ്കിൽ വേറെയുമുണ്ട്. കൂടാതെ റബ്ബറെസ്റ്റേറ്റും കാടും മലയും ഒക്കെയുണ്ട്. എല്ലാം സമമായി ഭാഗിക്കും. ഒരോഹരി നിനക്കും കിട്ടും. കിട്ടിയാൽ നിന്റെ ഇഷ്ടംപോലെ നിനക്കതു വർധിപ്പിക്കുകയോ നശിപ്പിക്കുകയോ ചെയ്യാം. ആലോചിച്ചു പറഞ്ഞോളൂ.

ശാന്ത: എനിക്കു വേണ്ടച്ഛാ. നിർബന്ധിച്ചു തന്നാലും ഞാൻ വാങ്ങില്ല.

രാഘവൻ: വാശിയാണോ?

ശാന്ത: ഇതിലെനിക്കൊരുതരം വാശിതന്നെയുണ്ട്.

രാഘവൻ: വാശിപിടിക്കുമ്പോൾ അച്ഛൻ നിർബന്ധിക്കുമെന്നും അപ്പോൾ വിഷമം കൂടാതെ കിട്ടുമെന്നും വിചാരിച്ചാണോ? അല്ലാ, മനുഷ്യബുദ്ധിയല്ലേ അതിന്റെ ഗതിവിഗതി കണ്ടുപിടിക്കാൻ എളുപ്പമല്ല.

ശാന്ത: (അല്പമൊരു വേദനയോടെ) അച്ഛാ അച്ഛനെന്നെ അങ്ങനെയാണോ കണക്കാക്കിയത്.

രാഘവൻ: എന്റെ കണക്കാക്കലും കണക്കുകൂട്ടലുമൊക്കെ പിഴച്ചു പോയി. അതു കൊണ്ടു ചോദിക്കുന്നതാണ്. നാളെ ഉണ്ണികൃഷ്ണനു ഭാഗം വേണമെന്നു തോന്നിയാലോ?

ശാന്ത: അദ്ദേഹത്തിനു തോന്നില്ലച്ഛാ.

രാഘവൻ: എങ്ങനെ ഉറപ്പിച്ചു പറയും?

ശാന്ത: അദ്ദേഹം റബ്ബറെസ്റ്റേറ്റും ബാങ്കിലെ പണവും കണ്ടല്ലാ എന്നെ കല്യാണം കഴിച്ചതു്.

രാഘവൻ: അന്നതു കണ്ടില്ലായിരിക്കും. ഇപ്പോൾ കണ്ടെന്നു തീർച്ചയല്ലേ? മനസ്സു മാറിക്കൂടെ?

ശാന്ത: എന്നാൽ അതിന്റെ കുറ്റം അച്ഛൻതന്നെ ഏല്ക്കണം. അച്ഛന്റെ ഇഷ്ടത്തിനനുസരിച്ചല്ലേ എന്റെ വിവാഹം നടന്നതു്?

രാഘവൻ അതിനു മറുപടി പറയാൻ വിഷമിക്കുന്നു. പതുക്കെ എഴുന്നേൽക്കുന്നു. മിണ്ടാതെ നടക്കുന്നു. വിശ്വനാഥൻ കടന്നുവരുന്നു. ഒരു ദീർഘയാത്ര കഴിഞ്ഞുവരുന്ന വേഷം. തോളിൽ ക്യാമറ, കൈയിൽ സ്യൂട്ട്കെയ്സ്. നേരെ അകത്തേക്കു പോകാൻ തുടങ്ങുന്നു.

ശാന്ത (വിശ്വത്തിനെ കണ്ടു ചിരിക്കുന്നു.) ആരു്, വിശ്വേട്ടനോ (ഭാരതിയുണ്ടോ എന്നു എത്തിനോക്കുന്നു. രാഘവൻ ശാന്തയുടെ ചോദ്യം കേട്ടു തിരിഞ്ഞുനോക്കുന്നു.) ഭാരതിയേട്ടത്തി എവിടെ, വിശ്വേട്ടാ?

വിശ്വനാഥൻ: കണ്ടില്ല.

ശാന്ത: സ്റ്റേഷനിൽ വന്നിരുന്നല്ലോ.

അതു പറഞ്ഞുതീരുമ്പോയേയ്ക്കു ഭാരതി കടന്നുവരുന്നു. കരഞ്ഞുകലങ്ങിയ കണ്ണുകൾ. ആരോടും ഒന്നും പറയാതെ, ആരേയും നോക്കാതെ അകത്തേക്കു പോകുന്നു. രാഘവൻ ആ രംഗം കണ്ടുപകച്ചുനില്ക്കുന്നു. ഭാരതിയെ ആശ്വസിപ്പിക്കാനെന്നവിധം പിറകെ ശാന്തയും അകത്തേക്കു പോകുന്നു. വിശ്വം ഒന്നും സംഭവിക്കാത്ത മട്ടിൽ സ്യൂട്ട്കെയ്സും തൂക്കി അകത്തേക്കു പോകാൻ ഭാവിക്കുമ്പോൾ രാഘവൻ വിളിക്കുന്നു.

രാഘവൻ: മി. വിശ്വനാഥൻ. (വിശ്വനാഥൻ തിരിഞ്ഞുനോക്കുന്നു.) ഒരു വാക്കു്. ഒന്നിവിടെ വന്നിരിക്കൂ. വേഗത്തിൽ പോകാം. (വിശ്വനാഥൻ സംശയിച്ചു നില്ക്കുന്നു; തിരിച്ചുവരുന്നു.) യാത്രയൊക്കെ സുഖമായോ?

വിശ്വനാഥൻ: സുഖമായി.

രാഘവൻ: എവിടെയൊക്കെ പോയി?

വിശ്വനാഥൻ: ഒരു മാസം ഊട്ടിയിലായിരുന്നു. പിന്നെ ബാങ്ക്ളൂർക്കു് പോയി.

രാഘവൻ: വല്ല ഉദ്ദേശവും വെച്ചുള്ള യാത്രയായിരുന്നോ?

വിശ്വനാഥൻ: അല്ലെന്നു പറഞ്ഞുകൂടാ.

രാഘവൻ: മോന്റെ ചോറൂണിനു വരുമെന്നു ഞങ്ങളൊക്കെ വിചാരിച്ചു; നാട്ടുകാരും.

വിശ്വനാഥൻ: നാട്ടുകാരോ?

രാഘവൻ: അതേ.

വിശ്വനാഥൻ: അവരങ്ങനെ വിചാരിക്കേണ്ട ആവശ്യം?

രാഘവൻ: അവരുടെ വിഡ്ഢിത്തം. അതിരിക്കട്ടെ. ചോറൂണിനെന്തേ വരാഞ്ഞത്?

വിശ്വനാഥൻ: വന്നില്ല.

രാഘവൻ: അതു ശരിയായോ?

വിശ്വനാഥൻ: ശരികേടായി തോന്നിയെങ്കിൽ ഞാൻ വരുമായിരുന്നു.

രാഘവൻ: മറ്റേതെങ്കിലും കാര്യത്തിൽ എന്നോടോ ഈ കുടുംബത്തിലുള്ളവരോടോ അലോഗ്യമുണ്ടെങ്കിൽ അതു തുറന്നു പറഞ്ഞുകൂടേ? നാലാളറിയത്തക്കവിധം വല്ലതും പ്രവർത്തിക്കണോ?

വിശ്വനാഥൻ: എനിക്കാരോടും അലോഗ്യമില്ല.

രാഘവൻ: ഉണ്ട്.

വിശ്വനാഥൻ: (ഒട്ടും സുഖമില്ലാത്ത മട്ടിൽ) ഇല്ലെന്നു പറഞ്ഞില്ലേ?

രാഘവൻ: (ഭാവപ്പകർച്ച മനസ്സിലാക്കി അതിനൊത്തവിധം തന്റെ സ്വരവും ക്രമപ്പെടുത്തി) ഭാഗത്തിന്റെ പേരും പറഞ്ഞ് ഇവിടെ ഭാരതിയെ എത്ര കരയിച്ചു?

വിശ്വനാഥൻ: കരഞ്ഞതവളുടെ കുറ്റം.

രാഘവൻ: അവളല്ലല്ലോ ഭാഗം തരേണ്ടത്.

വിശ്വനാഥൻ: എനിക്കല്ലല്ലോ ഭാഗിച്ചു കിട്ടേണ്ടത്.

രാഘവൻ: അതറിയാമെങ്കിൽ പിന്നെ അലോഗ്യമെന്തിന്?

വിശ്വനാഥൻ: അലോഗ്യമില്ലെന്നു ഞാൻ പറഞ്ഞു.

രാഘവൻ: ഉണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ആ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ എനിക്കു ചിലതു പറയാനുണ്ട്. വിരോധമില്ലെങ്കിൽ കേൾക്കാം.

വിശ്വനാഥൻ: ഇന്നു മുഴുവൻ വേണമെങ്കിൽ ഇവിടെ ഇരിക്കാം.

രാഘവൻ: (അല്പനേരത്തെ മൗനത്തിനുശേഷം വളരെ ശാന്തമായ സ്വരത്തിൽ) ഞാൻ നിങ്ങളേയും ഉണ്ണികൃഷ്ണനേയും എന്റെ സ്വന്തം മക്കളായിട്ടാണ് കരുതുന്നത്.

രാഘവൻ: (രസിക്കാത്ത മട്ടിൽ) വളരെ സന്തോഷം.

രാഘവൻ: നിങ്ങളെ സന്തോഷിപ്പിക്കാനാണോ അങ്ങനെ കരുതുന്നതെന്നറിഞ്ഞുകൂടാ.

വിശ്വനാഥൻ: ഞങ്ങളതിൽ കൃതജ്ഞരാണ്.

രാഘവൻ: നിങ്ങളുടെ കൃതജ്ഞതയ്ക്ക വേണ്ടിയാണെന്നും പറഞ്ഞുകൂടാ. എന്റെ ചുമതല അല്ലെങ്കിൽ ധർമം... നിങ്ങൾക്കിവിടെ ഒന്നിനും കുറവില്ല. (വിശ്വനാഥൻ മിണ്ടാതെ അങ്ങട്ടുമിങ്ങട്ടും നടക്കുന്നു.) പരിപൂർണ സ്വാതന്ത്ര്യമുണ്ട്. ഇവിടെയുള്ളതെല്ലാം നിങ്ങളുടേതാണ്. വാസ്തവത്തിൽ ഞാനൊരു ശമ്പളക്കാരനെപ്പോലെ ഇതെല്ലാം നോക്കിനടത്തുന്നു; സമ്പാദിക്കുന്നു. ആർക്കുവേണ്ടി? നിങ്ങൾക്കുവേണ്ടി, ഒരു കുടുംബം യോജിപ്പോടെ, ശ്രേയസ്സോടെ, പുലരുന്നതു കാണാൻ. ആ ഒരൊറ്റ ആഗ്രഹമേ എനിക്കുള്ളൂ. ഞാൻ ക്ലേശിക്കുന്നത് മുഴുവൻ അതിനുവേണ്ടിയാണ്. ഈ ക്ലേശത്തിന്റെ വലുപ്പം നിങ്ങൾ മനസ്സിലാക്കണം. എന്നെ സഹായിക്കാൻ നിങ്ങൾക്കു വയ്യെങ്കിൽ ഉപദ്രവിക്കരുത്.

വിശ്വനാഥൻ: (പെട്ടെന്നു തിരിഞ്ഞുനിന്ന്) ഞാനാരേയും ഉപ്രദവിക്കുന്നില്ല.

രാഘവൻ: ഭാരതി എന്റെ മകളാണ്. അവളുടെ സന്തോഷം എന്റെയും സന്തോഷമാണ്; അതുപോലെ ദുഃഖവും. അവളിന്നു ദുഃഖിതയാണ്. അവളുടെ കണ്ണീരു വീണ നനയാത്ത ഒരു സ്ഥലവും ഇന്നീ വീട്ടിലില്ല... ഒരച്ഛനിതു കണ്ടു മിണ്ടാതിരിക്കാൻ കഴിയുമോ?

വിശ്വനാഥൻ: ഞാനവളെ കരയിക്കുന്നില്ല.

രാഘവൻ: അവൾ തന്നിഷ്ടത്തിനു കരയുന്നതാവും. ആയാലും ആ കണ്ണീരു മതി, ഒരച്ഛന്റെ കരളിൽ നീറ്റമുണ്ടാക്കാൻ. അതുകൊണ്ട്...

വിശ്വനാഥൻ: (ബദ്ധപ്പാടോടെ) അതുകൊണ്ട്?

ഈ ഘട്ടത്തിൽ മുത്തച്ഛൻ വാതിലിനടുത്തു വന്നുനില്ക്കുന്നു; സംഭാഷണം ശ്രദ്ധിക്കുന്നു.

രാഘവൻ: അതുകൊണ്ട് ഈ നിമിഷം മുതൽ എല്ലാ തെറ്റിദ്ധാരണകളും നിങ്ങളപേക്ഷിക്കണം. അവൾ കുറ്റക്കാരിയല്ല.

വിശ്വനാഥൻ: ഏതു കാര്യത്തിൽ?

രാഘവൻ: ഭാഗത്തിന്റെ കാര്യത്തിൽ. എന്നെപ്പോലൊരച്ഛനോടു ഭാഗം ചോദിക്കാൻ ഒരു മകളും ഒരുങ്ങില്ല... എന്നിട്ടും അവൾ വന്നു; ചോദിച്ചു. ഞാൻ നിഷേധിക്കുകയാണ് ചെയ്തത്. (വളരെ ഗൗരവത്തിൽ) എനിയും നിഷേധിക്കും.

വിശ്വനാഥൻ: (പരിഹാസപൂർവം) നല്ലത്.

രാഘവൻ: അവളെത്ര കരഞ്ഞാലും എന്റെ തീരുമാനം ഇളകില്ല. എന്നിലെ അച്ഛൻ അവളെച്ചൊല്ലി വേദനിക്കും. എന്നാൽ ഞാനുണ്ടല്ലോ, ഈ കുടുംബത്തിന്റെ നാഥൻ, ഉറച്ചു നില്ക്കും; കരിങ്കല്ലുപോലെ... എന്റെ കുടുംബത്തെ ചിന്നിച്ചിതറി പിരിഞ്ഞുപോകാൻ ഞാനനുവദിക്കില്ല. ഈ ദുഷിച്ച വാസന പിന്നെയും പിന്നെയും പ്രചരിപ്പിച്ച് ഈ നാട്ടിനു പോലും ദ്രോഹംചെയ്യാൻ ഞാനെന്റെ മക്കളെ അനുവദിക്കില്ല. അവരെ യോജിപ്പിച്ച് നിർത്താനാണ് ഞാനിവിടെ. നിങ്ങളേയും.

വിശ്വനാഥൻ: സാധ്യമല്ല.

രാഘവൻ: (ഗൗരവം) എന്ത്? യോജിച്ചുനില്ക്കാൻ സാധ്യമല്ലേ?

വിശ്വനാഥൻ: ഞാനെന്റെ കാര്യം മാത്രമാണ് പറയുന്നത്; സാധ്യമല്ല. ഞാൻ പ്രായപൂർത്തിവന്നൊരു പുരുഷനാണ്.

രാഘവൻ: പ്രായപൂർത്തി മാത്രമല്ല വിവേകത്തിന്റെ ലക്ഷണം.

വിശ്വനാഥൻ: ആവേണ്ടാ. എന്റെ ഹിതത്തിനനുസരിച്ചു ജീവിക്കാൻ എനിക്കറിയാം. മറ്റാരും അതെന്നെ പഠിപ്പിക്കേഞ്ഞതില്ല.

രാഘവൻ: നിങ്ങളുടെ ഹിതം ഈ കുടുംബത്തിന്റെ നാശത്തിനാവരുത്.

വിശ്വനാഥൻ: എന്റെ വിവേകവും വിവേകശൂന്യതയും ഹിതവും അഹിതവുമെക്കെ എന്റെ സ്വന്തം കാര്യമാണ്. ഒന്നു വ്യക്തമായി പറയാം: നിങ്ങളുടെ മകൾക്കു ഭർത്താവു വേണോ, അവളുടെ ഓഹരി ഭാഗിച്ചു കൊടുത്തോളൂ. (രാഘവൻ ഞെട്ടുന്നു. മുത്തച്ഛൻ വാതില്പ്പൽനിന്നുപതുക്കെ മുൻപോട്ടു വരുന്നു.) ഈ വ്യവസ്ഥയല്ലാതെ മറ്റൊന്നും ഞാൻ സ്വീകരിക്കില്ല; എനിക്കു തൃപ്തിയാവുകയുമില്ല.

മുത്തച്ഛൻ: (വിശ്വത്തിന്റെ തോളിൽ പിടിച്ചുകൊണ്ട്) വേണ്ടാ, മോനേ, വേണ്ടാ. അകന്നുപോകുന്നതു ശക്തിക്ഷയമാണ്; നാശമാണ്. കൂടിനിന്നോളൂ. അതാണ് സുഖം.

വിശ്വനാഥൻ: (ശ്രുണ്ടിയും പരിഹാസവും കലർന്ന സ്വരത്തിൽ) ഇതാണ് നന്നായത്. ഇതുവരെ ഭ്രാന്തില്ലാവരുടെ ഉപദേശമായിരുന്നു. ഇപ്പോൾ ഭ്രാന്തന്മാരും തുടങ്ങി.

> മുത്തച്ഛൻ ഭ്രാന്തനെന്ന വിളി കേട്ടു ഞെട്ടുന്നു. പഴയ ഓർമകൾ തിരിച്ചുവരുന്നു. കുറേശ്ശെ വിറയ്ക്കുന്നു. മുഖത്തു കലശലായ ദീനഭാവം സ്ഫുരിക്കുന്നു. കണ്ണിൽ വെള്ളം നിറയുന്നു. രാഘവനെയും വിശ്വത്തെയും തെല്ലിട മാറി മാറി നോക്കി കണ്ണുതുടച്ചുകൊണ്ടു പതുക്കെ അകത്തേക്കു പോകുന്നു.

വിശ്വനാഥൻ: (മുത്തച്ഛനെ നോക്കിക്കൊണ്ട്) എന്നെ വിവേകം പഠിപ്പിക്കാൻ ആർക്കൊക്കെയാണ് ബദ്ധപ്പാട്ട്.

രാഘവൻ: (കലശലായ അസ്വാസ്ഥ്യത്തോടെ) അദ്ദേഹത്തോടതു പറയരുതായിരുന്നു.

വിശ്വനാഥൻ: അദ്ദേഹം എന്നോടും പറയരുതായിരുന്നു.

രാഘവൻ: ആയുഷ്കാലം മുഴുവൻ തന്റെ കുടുംബത്തിന്റെ ശ്രേയസ്സിനുവേണ്ടി അധ്വാനിച്ച മനുഷ്യനാണ്. മറ്റുള്ളവരുടെ സ്വാർഥവിചാരമാണ് അദ്ദേഹത്തെ ഭ്രാന്തനാക്കിയത്.

വിശ്വനാഥൻ: കാര്യങ്ങൾ അനാവശ്യമായി കുഴച്ചുമറിച്ചു തന്നത്താൻ ഭ്രാന്തിലേക്കു നീങ്ങുന്ന ചില മനുഷ്യരുണ്ട്. അതിലൊരാളണദ്ദേഹം.

രാഘവൻ: ആ പറഞ്ഞത് എന്നെ ഉദ്ദേശിച്ചാണോ?

വിശ്വനാഥൻ: ഞാൻ പിടിവാശിക്കാരെ ഉദ്ദേശിച്ചാണ് പറഞ്ഞത്.

രാഘവൻ: എന്നെ ഉദ്ദേശിച്ചായാലും കുഴപ്പമില്ല. ഭ്രാന്തെടുക്കുമെങ്കിൽ എടുക്കട്ടെ. ഞാൻ വിട്ടുവീഴ്ചയ്ക്കൊരുക്കമില്ല; എന്റെ കുടുംബം ചിന്നിച്ചിതറാനും തകരാനും ജീവൻ നിലനില്ക്കുന്നകാലംവരെ ഞാനനുവദിക്കുകയില്ല. ആർക്കൊക്കെ ഭർത്താക്കന്മാരോ മക്കളോ നഷ്ടപ്പെടട്ടെ. ഞാനിളകില്ല. (മിണ്ടാതെ തെല്ലിട നടക്കുന്നു.) നിങ്ങൾക്കു പോകാം.

വിശ്വനാഥൻ: ഇത്രയും തുറന്നു പറഞ്ഞതു നന്നായി. ഇനി അകത്തേക്കു പോകണമെന്നു വിചാരിക്കുന്നില്ല. (സ്യൂട്ട്കെയ്സ് തൂക്കിപ്പിടിച്ചു പുറത്തേക്കു പോകാൻ ഭാവിക്കുന്നു) പോകാനല്ലേ പറഞ്ഞത്? ഞാൻ പോയ്ക്കളയാം.

രാഘവൻ ഒന്നും കേൾക്കാതെ വികാരാധീനനായി നടക്കുകയാണ്. പെട്ടെന്ന് അകത്തുനിന്ന് വെടിപൊട്ടുന്ന ശബ്ദം-രാഘവൻ ശ്രദ്ധിക്കുന്നു. പുറത്തേക്കുപോകാനൊരുങ്ങിയ വിശ്വനാഥൻ ശങ്കിച്ചു നില്ക്കുന്നു. അകത്തുനിന്ന സ്ത്രീകളുടെ നിലവിളി; പരിഭ്രാന്തമായ മട്ടിൽ ശങ്കുണ്ണി ഓടി വാതില്ക്കൽ വന്നു വിളിച്ചുപറയുന്നു.

ശങ്കുണ്ണി: വല്യെജമാനൻ തന്നത്താൻ വെടിവെച്ചു.

രാഘവൻ ഓടി അകത്തേക്കു പോകുന്നു. ശങ്കിച്ചുനില്ക്കാതെ വിശ്വവും അകത്തേക്കോടിപ്പോകുന്നു. അകത്തുനിന്ന് അപ്പോഴും നിലവിളികേൾക്കാം. ആദ്യം തിരിച്ചുവരുന്നതു വിശ്വമാണ്. മുഖത്ത് പരിഭ്രമമുണ്ട്.

വിശ്വനാഥൻ: (അങ്ങട്ടുമിങ്ങട്ടും നടക്കുന്നു. തന്നത്താനെന്നവിധം പറയുന്നു.) ഭ്രാന്തന്മാരെ വീട്ടിലിട്ടു കളിപ്പിക്കരുതെന്നു പറഞ്ഞാൽ ആരും കേൾക്കില്ല. എന്റെ വാക്കിനിവിടെ വിലയില്ല. ഭ്രാന്തന്മാരുടെ സ്ഥാനം ഭ്രാന്തശാലയിലാണ്. അതു പറഞ്ഞാൽ കൃത്രിമമായ വാത്സല്യവും സ്നേഹവും ഇപ്പോൾ കിട്ടേണ്ടതു കിട്ടി. ആരു കണ്ടാലും കൊലപാതകമാണെന്നു പറയും. നെഞ്ചിലാണ് വെടിയുണ്ടയേറ്റത്. ഒന്നാന്തരം കൊലപാതകം.

ഉണ്ണികൃഷ്ണൻ: (ഒടുവിൽ പറഞ്ഞ വാക്കു കേട്ടുകൊണ്ടു വരുന്നു. വികാരം നിയന്ത്രിക്കാൻ വയ്യാത്ത മട്ടിൽ അതിനുത്തരം പറയുന്നു.) അതേ, ഒന്നാന്തരം കൊലപാതകമാണ്.

വിശ്വനാഥൻ: ആരാണ് കൊന്നത്?

ഉണ്ണികൃഷ്ണൻ: നിങ്ങൾ.

വിശ്വനാഥൻ: അസംബന്ധം പറയരുത്.

ഉണ്ണികൃഷ്ണൻ: വിഭാഗീയചിന്തകൊണ്ടു മക്കളദ്ദേഹത്തെ ഭ്രാന്തെടുപ്പിച്ചു. ഇന്നു മക്കളുടെ മക്കൾ അതേ ആയുധംകൊണ്ടദ്ദേഹത്തെ കൊല്ലുകയും ചെയ്തു. ആ നികൃഷ്ടായുധം ഈ കുടുബത്തിൽ കൊണ്ടുവന്നതു നിങ്ങളാണ്. നിങ്ങളീ കൊല പാതകത്തിനു സമാധാനം പറയണം.

വിശ്വനാഥൻ: നിർത്തു അസ്സംബന്ധം ഇല്ലെങ്കിൽ? (മുൻപോട്ടുകുന്നു.)

രാഘവൻ: (ബദ്ധപ്പെട്ടു് അകത്തുനിന്നു് കടന്നുവന്നു് രണ്ടുപേരുടേയും ഇടയിൽ നിന്നു് പറയുന്നു.) ഇല്ലെങ്കിൽ ഇനിയും കൊലപാതകങ്ങളിവിടെ നടക്കും. പലർക്കും ഭ്രാന്തെടുക്കും. (വിശ്വത്തിന്റെ അടുത്തുചെന്നു് തോളിൽ. കൈവെ ക്കുന്നു സ്വന്തം പുത്രനോടെന്നവിധം മൃദുസ്വരത്തിൽ പറയുന്നു. കണ്ണിൽ വെ ള്ളം നിറഞ്ഞുട്ടുണ്ടു്.) സ്വന്തം അച്ഛനെന്ന നിലയിലല്ല ഞാൻ പറയുന്നതു്. മോ നെ, എന്നെ വിശ്വസിക്കു. ഈ സ്വത്തു ഭാഗിക്കരുതു്. ഇന്നുമുതൽ, ഈ നിമി ഷം മുതൽ എല്ലാം നിന്റേതാണു് (മടിക്കുത്തിൽനിന്നു് താക്കോൽക്കൂട്ടമെടുത്തു്) ഇതാ, ഈ താക്കോൽക്കൂട്ടം വാങ്ങു. എല്ലാം നോക്കിനടന്നു ഞങ്ങളെ സംരക്ഷി ക്കു...

വിശ്വനാഥൻ: (പതിവില്ലാതെ വിവശനാകുന്നു) എനിക്കൊന്നും വേണ്ടാ.

രാഘവൻ: അങ്ങനെ പറയരുതു്. മഹത്തായ ഒരു ഉദ്ദേശത്തിനു വേണ്ടി ഇവിടെ ഒരു മനുഷ്യബലി നടന്നു. ഒരിക്കലദ്ദേഹം പരാജയപ്പെട്ടു. അതിന്റെ പേരിൽ ഭ്രാ ന്തെടുത്തു. രണ്ടാമത്തെ പരാജയത്തിൽ അദ്ദേഹം ആത്മബലി നടത്തി. ഇതു കണ്ടുകൊണ്ടു പിന്നേയും നമ്മൾ കലഹിക്കുന്നതു നല്ലതല്ല. (വിശ്വനാഥൻ കൂടു തൽ അസ്വസ്ഥനാവുന്നു. ഈ സമയത്തൊക്കെ അകത്തു നിന്നു ദീനമായ കര ച്ചിൽ കേട്ടുകൊണ്ടിരിക്കുന്നു.) സ്വത്തിനെച്ചൊല്ലിയാണു് വഴക്കെങ്കിൽ, ഇതാ ഈ നിമിഷം എല്ലാം ഞാൻ തീറെഴുതാം, നിന്റെ പേരിൽ. ഇതു ഭംഗി വാക്കല്ല. നമുക്കു് അച്ഛനും മക്കളുമായി യോജിപ്പോടെ ഇവിടെ കഴിയാം. (തൊണ്ടയിടറി) ഇതാ ഈ താക്കോൽ വാങ്ങു. ചുമതല ഏറ്റെടുക്കു.

വിശ്വനാഥൻ: (തൊണ്ടയിടറി) വേണ്ടാ.

രാഘവൻ: ഒന്നും വിചാരിക്കരുതു്. ഈ കുടുംബത്തിന്റെ ഐക്യത്തിനുവേണ്ടി ഇതിലപ്പുറവും ത്യജിക്കാൻ ഞാനൊരുക്കമുണ്ടു്. എല്ലാം ഉപേക്ഷിച്ചു സന്യസി ക്കണോ?

വിശ്വനാഥൻ: (ഞെട്ടുന്നു) വേണ്ടാ, വേണ്ടാ. ഒരു രക്ഷിതാവിന്റെ നിലയിൽ അങ്ങിവിടെത്തന്നെയുണ്ടാവണം. ഓ ഇത്ര ശക്തിമത്താണു് ഈ ബന്ധമെന്നു ഞാനറിഞ്ഞില്ല-എനിക്കു മാപ്പുതരു. (രാഘവനെ കെട്ടിപ്പിടിക്കുന്നു.)

രാഘവൻ: (വിശ്വത്തിന്റെ പുറം തലോടിക്കൊണ്ടു്) ആരും ആർക്കും മാപ്പുകൊടു ക്കേണ്ടതില്ല, മോനേ... (കണ്ണിൽ വെള്ളം നിറഞ്ഞൊഴുകുന്നു)

വിശ്വനാഥൻ: എനിക്കു താക്കോലും സ്വത്തും വേണ്ടാ. ഒരു മകനെപ്പോലെ എന്നെന്നും ഞാനിവിടെ കഴിഞ്ഞുകൊള്ളാം.

രാഘവൻ: മതി. (വിശ്വത്തെ മാറോടടുപ്പിച്ചു പിടിക്കുന്നു. കണ്ണിൽനിന്നു ജലം ധാരയായൊഴുകുന്നു.) നമുക്കു ചേർന്നുനില്ക്കാം. അതാണ് സുഖം. അതാണ് ശക്തി.

— യവനിക —

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.